# റബ്ബർ

മാർച്ച് 2025 • വാർഷികവരിസംഖ്യ ₹100

- ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം മികവോടെ മുന്നോട്ട്
- റബ്ബറിന് ശുഭകാലം
- റബ്ബർടാപ്പിങ് – അൽപം ശ്രദ്ധിച്ചാൽ അധികം നേട്ടം
- ആർആർഐഐ 414 – ഒരു കർഷകന്റെ അനുഭവസാക്ഷ്യം




## കേന്ദ്ര വാണിജ്യമന്ത്രിയുടെ സന്ദർശനം

# കപ്പുതൈകൾ സുരക്ഷിതമായി എത്തിച്ചുതരുന്നതിന് പ്രത്യേക വാഹന സംവിധാനമുള്ള കപ്പുതൈ റബ്ബർ നഴ്സറി



അടുത്ത സീസണിലേക്ക്
വണ്ടർ റൂട്ട് തൈകളുടെ
ബുക്കിംഗ്

**ആരംഭിച്ചിരിക്കുന്നു..!**

CHEERAKUZHY
**Wonder Root**
ROOT TRAINER RUBBER PLANT



ചീരക്കുഴി
CHEERAKUZHY

Karshakasree K C Kuraikose
**CHEERAKUZHY RUBBER NURSERY & RESEARCH CENTRE PVT. LTD.**

Kottappuram P.O, Sreekrishnapuram, Palakkad-679 513
Ph: 08592900400, 9747500600
09447011047, 09447315306
Email: cheerakuzhy@gmail.com
www.cheerakuzhy.com

UNION MKD

706

# റബ്ബർ

മാർച്ച് 2025

**റബ്ബർബോർഡ്**
കോട്ടയം-686 002, കേരളം
ഫോൺ: 0481 2301231
വെബ്സൈറ്റ്: www.rubberboard.gov.in
ഇ-മെയിൽ: ppr@rubberboard.org.in
facebook.com/rubberboard
twitter.com/rubberboard
റബ്ബർക്ലിനിക്ക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622

എക്സിക്യൂട്ടീവ് ഡയറക്ടർ :
**എം. വസന്തഗേശൻ ഐ.ആർ.എസ്.**

എഡിറ്റർ :
**ബി. ശ്രീകുമാർ**

അസിസ്റ്റന്റ് എഡിറ്റർ :
**കെ.കെ. ബെന്നി**

**വാർഷികവരിസംഖ്യ: 100 രൂപ**

**വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ**
വരിസംഖ്യ മണിയോർഡറായോ
ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി,
റബ്ബർബോർഡ്, കോട്ടയം - 686 002
എന്ന വിലാസത്തിൽ അയയ്ക്കുക.

*പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.*

# ഉള്ളടക്കം

06 | കേന്ദ്ര വാണിജ്യമന്ത്രിയുടെ സന്ദർശനം
09 | ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം മികവോടെ മുന്നോട്ട്
14 | റബ്ബറിന് ശുഭകാലം
18 | വ്യത്യസ്തമായ ഒരു സർവീസ് സ്റ്റോറി
20 | റബ്ബർടാപ്പിങ് – അൽപം ശ്രദ്ധിച്ചാൽ അധികം നേട്ടം
24 | ആർആർഐഐ 414 – ഒരു കർഷകന്റെ അനുഭവസാക്ഷ്യം
29 | കോൾ സെന്റർ
33 | കൃഷിപ്പണികൾ
36 | പരിശീലനങ്ങൾ
38 | ഗ്രാമകേരളം
40 | വിപണി
42 | തോട്ടത്തിലാശാൻ



## റബ്ബർനടീലിനുള്ള

# ഒരുക്കങ്ങൾ തുടങ്ങാം

റബ്ബർതൈകൾ നടുന്നത് പൊതുവെ ജൂൺ, ജൂലൈ മാസങ്ങളിലാണെങ്കിലും ഇതിനു വേണ്ട മുന്നൊരുക്കങ്ങൾ നേരത്തെ തന്നെ തുടങ്ങണം. ഒരു ദീർഘകാലവിളയായ റബ്ബറിനെ സംബന്ധിച്ച് തുടക്കത്തിലുണ്ടാകുന്ന പാളിച്ചകൾ പലപ്പോഴും തിരുത്താനാകുന്നതല്ല. ഉത്പാദനക്ഷമമല്ലാത്തതും പ്രായമായതുമായ മരങ്ങൾ മുറിച്ചുമാറ്റി ആവർത്തനക്കൃഷിക്കു വേണ്ട ഒരുക്കങ്ങൾ നടത്തണം. നിലമൊരുക്കൽ, കുഴിയെടുക്കൽ, മണ്ണും ജലവും സംരക്ഷിക്കുന്നതിനുള്ള നടപടികൾ എന്നിവയെല്ലാം മഴക്കാലത്തിന് മുമ്പായി ചെയ്യേണ്ടതുണ്ട്.

കാലാവസ്ഥാവ്യതിയാനങ്ങളുടെ ഭാഗമായി കേരളത്തിലെ കാലാവസ്ഥയിലും മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത് കണക്കിലെടുത്ത് മണ്ണിൽ നല്ല ഈർപ്പം ഉണ്ടെന്ന് ഉറപ്പാക്കി തൈകൾ എത്രയും നേരത്തെ നടുന്നതാണ് ഉത്തമം. റബ്ബർ കൃഷിചെയ്യുന്ന ഭൂമി പലപ്പോഴും കുന്നിൻപ്രദേശങ്ങളും ഉയർന്ന സ്ഥലങ്ങളുമായതിനാൽ മണ്ണൊലിപ്പിനുള്ള സാധ്യത കൂടുതലാണ്. മാത്രമല്ല, മഴയെ പൂർണമായി ആശ്രയിച്ചു വളരുന്ന വിളയായതിനാൽ ജലസംരക്ഷണമാർഗങ്ങൾ ഉറപ്പാക്കേണ്ടതുമുണ്ട്. കൃഷി ചെയ്യാനുദ്ദേശിക്കുന്ന സ്ഥലം തെളിച്ച് വഴികളും നടപ്പാതകളും ഉണ്ടാക്കുക, ശരിയായ ഇടയകലം നിർണയിച്ച് കുഴികളെടുക്കുക; ആവശ്യാനുസരണം വേലി, ഷെഡ് തുടങ്ങിയവ നിർമിക്കുക എന്നിവ മുൻകൂട്ടി ചെയ്യേണ്ട തുണ്ട്. തോട്ടത്തിലെ പാഴ്മരങ്ങളെല്ലാം മുറിച്ചുമാറ്റണം. ആവർത്തനക്കൃഷിയാണെങ്കിൽ പഴയ മരങ്ങൾ നേരത്തെ തന്നെ മുറിച്ചുമാറ്റി തോട്ടത്തെ റീപ്ലാന്റിങ്ങിന് സജ്ജമാക്കണം. വേരുരോഗം വന്ന മരങ്ങളുണ്ടെങ്കിൽ അവ വേരോടെ നീക്കം ചെയ്യണം. തോട്ടത്തിൽ നിലവിലുള്ള ജലനിർഗമനമാർഗങ്ങൾ തെളിച്ച് വൃത്തിയാക്കിയിടണം. തോട്ടത്തിലേക്ക് ആവശ്യമായ കാർഷികവസ്തുക്കൾ എത്തിക്കുന്നതിനും റബ്ബർപാൽ ശേഖരിച്ചുകൊണ്ടുപോകുന്നതിനും മറ്റും റോഡുകളും നടപ്പാതകളും ആവശ്യമാണ്. ഇന്ന് വന്യമൃഗങ്ങൾ മൂലമുള്ള കൃഷിനാശം ഏറിവരുന്നു. അതുകൊണ്ട് ആവശ്യമുള്ളിടത്തെല്ലാം സംരക്ഷണത്തിനായി വേലി കെട്ടുന്നത് ഉചിതമായിരിക്കും.

നടീലിനാവശ്യമായ മുന്നൊരുക്കങ്ങളെക്കുറിച്ചുള്ള ലേഖനങ്ങൾ റബ്ബർമാസികയുടെ വരും ലക്കങ്ങളിൽ ഉൾപ്പെടുത്തുന്നതാണ്. കൂടാതെ ഓരോ മാസവും ചെയ്യേണ്ട കൃഷിപ്പണികളെ സംബന്ധിച്ച വിവരങ്ങൾ റബ്ബർമാസികയിൽ പ്രതിപാദിക്കുന്നുമുണ്ട്.

– എഡിറ്റർ



# കേരളത്തിൽ റബ്ബറധിഷ്ഠിത വ്യവസായസാധ്യതകൾ

രാജ്യത്തെ തോട്ടവ്യവസായത്തിൽ കേരളത്തിന് ഏറെ പ്രാധാന്യമുണ്ട്. ഇന്ത്യയിലെ റബ്ബർവിസ്തൃതിയുടെ 62 ശതമാനവും ഉത്പാദനത്തിന്റെ 71 ശതമാനവും കേരളത്തിൽ നിന്നാണ്. ഇവിടുത്തെ റബ്ബർകൃഷിക്ക് അനുകൂലമായ കാലാവസ്ഥ റബ്ബർതോട്ടമേഖലയിൽ കേരളത്തെ മുൻപന്തിയിൽ എത്തിച്ചു. റബ്ബർവ്യവസായം വളരാനുള്ള എല്ലാ സാധ്യതകളും കേരളത്തിനുണ്ടെങ്കിലും രാജ്യത്തെ റബ്ബറുപഭോഗത്തിന്റെ 10 ശതമാനം മാത്രമാണ് ഇവിടെനിന്നുള്ളത്. രാജ്യത്തെ ഏറ്റവും വലിയ പ്രകൃതിദത്ത റബ്ബറുത്പാദക സംസ്ഥാനമെങ്കിലും റബ്ബറുപഭോഗത്തിൽ ആ മേൽക്കൈ മുതലാക്കാൻ കേരളത്തിന് കഴിഞ്ഞിട്ടില്ല.

ഇന്ന് സർക്കാർ സംരംഭകത്വം പ്രോത്സാഹിപ്പിക്കാൻ എടുക്കുന്ന നടപടികൾ ഈ രംഗത്തുള്ള സംരംഭകർ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. 2023-ലെ കേരള വ്യവസായ നയം വിഭവാധിഷ്ഠിത വ്യവസായവത്ക്കരണത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്ന ഒന്നാണ്. 'ഉയർന്ന മൂല്യവർദ്ധിത റബ്ബറുത്പന്നങ്ങൾ', 'ഹൈ-ടെക് കൃഷി', 'മൂല്യവർദ്ധിത തോട്ടം ഉത്പന്നങ്ങൾ' എന്നിവ മുൻഗണനാമേഖലകളായി നിർവചിക്കുകയും ചെയ്തിട്ടുണ്ട്.

മൂല്യവർദ്ധനവിന് ഏറ്റവും ഉയർന്ന സാധ്യതയുള്ള കാർഷികാധിഷ്ഠിത അസംസ്കൃത വസ്തുവാണ് പ്രകൃതിദത്തറബ്ബർ. ഭൂരിഭാഗം റബ്ബറും വാഹനങ്ങളുടെ ടയറുകളും ആട്ടോമോട്ടീവ് മേഖലയിൽ തന്നെ ബെൽറ്റ്, ബുഷ് തുടങ്ങിയ ഘടകങ്ങൾ നിർമിക്കാനുമാണ് ഉപയോഗിക്കുന്നത്. കൂടാതെ ആരോഗ്യമേഖലയിലും ടെക്സ്റ്റൈൽ, കായിക മേഖലകളിലും ഗാർഹികാവശ്യങ്ങൾക്കും ധാരാളം ലാറ്റക്സ്, ഡ്രൈ റബ്ബർ ഉത്പന്നങ്ങൾ ഉപയോഗിക്കുന്നുണ്ട്.

കേരളത്തിൽ ഇന്ന് ഏകദേശം 700 റബ്ബറുത്പന്നനിർമാണ യൂണിറ്റുകൾ ഉണ്ട്. പ്രധാനമായും എം.എസ്.എം.ഇ. മേഖലയിലാണ് ഇവ. താരതമ്യേന കുറഞ്ഞ തോതിലുള്ള പ്രവർത്തനം മാത്രമാണ് ഈ യൂണിറ്റുകളിൽ ഇന്നുള്ളത്. എന്നാൽ കേരളത്തിൽ റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്കുള്ള സാധ്യതകൾ വലുതാണ്. റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക് വേണ്ട അസംസ്കൃതവസ്തുക്കളുടെ ലഭ്യതയ്ക്കൊപ്പം റബ്ബർവ്യവസായത്തിന് ആവശ്യമായ രാസവസ്തുക്കളും ഇവിടെ ധാരാളമായി ലഭ്യമാണ്. താരതമ്യേന മികച്ച അടിസ്ഥാനസൗകര്യങ്ങൾ, മികച്ച യാത്രാസൗകര്യങ്ങൾ, ആശയവിനിമയത്തിനുള്ള സൗകര്യങ്ങൾ, വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ ലഭ്യത, എന്നിവ ഈ സംസ്ഥാനത്തെ റബ്ബർവ്യവസായത്തിന് യോജിച്ചതാക്കുന്നു. രാജ്യത്തെ ഏറ്റവും ഉയർന്ന സാക്ഷരതാനിരക്കുള്ള കേരളത്തിൽ വൈദഗ്ധ്യമുള്ള തൊഴിലാളികളും ധാരാളമുണ്ട്. റബ്ബർമേഖലയ്ക്ക് ഗുണകരമായ രീതിയിൽ നിയമങ്ങളിലും ചട്ടങ്ങളിലും വ്യവസായസൗഹൃദ ഭേദഗതികൾ വരുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

കേരളത്തിൽ വരുമാനം ലഭ്യമാക്കുന്നതും തൊഴിൽ നൽകുന്നതുമായ ഒരു പ്രധാന മേഖലയായി എം.എസ്.എം.ഇ. മേഖല ഉയർന്നുവരുന്നുണ്ട്. കേരള സർക്കാർ കൊണ്ടുവന്ന 'കേരള മൈക്രോ, സ്മോൾ, മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ ആക്ട് 2019' സർക്കാരിന്റെ 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ്' എന്ന പോളിസി ലക്ഷ്യമാക്കിയുള്ളതാണ്. റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക് ഗുണകരമാകുന്ന തരത്തിലാണ് ഇത് പ്രവർത്തിക്കുന്നത്.

സംസ്ഥാനത്ത് റബ്ബറധിഷ്ഠിത മൂല്യവർദ്ധന പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ ഒരു സംരംഭമായ കേരള റബ്ബർ ലിമിറ്റഡ് (കെ.ആർ.എൽ.) രൂപവത്കരിച്ചിട്ടുണ്ട്. എം.എസ്.എം.ഇ. -കളിൽ പ്രാരംഭ ശ്രദ്ധ കേന്ദ്രീകരിച്ച് സംസ്ഥാനത്തെ റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക് സേവനങ്ങൾ നൽകുന്ന സ്ഥാപനമായി ഇത് പ്രവർത്തിക്കുന്നു.

റബ്ബർബോർഡും ബോർഡിന്റെ കീഴിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രവും ഗവേഷണം, സാങ്കേതിക കൈമാറ്റം, വ്യവസായ പിന്തുണ എന്നിവ മുന്നോട്ട് കൊണ്ടു പോകുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു. റബ്ബർകർഷകർ, പ്രോസസ്സർമാർ, നിർമാതാക്കൾ എന്നിവരെ അത്യാധുനിക സാങ്കേതികവിദ്യയും വൈദഗ്ധ്യവും ഉപയോഗിച്ച് സജ്ജമാക്കുന്ന ഒരു വിജ്ഞാന കേന്ദ്രമായി ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

കേരളത്തിൽ സർക്കാർ ഒരുക്കിയിരിക്കുന്ന അനുകൂലമായ അന്തരീക്ഷവും ഈ മേഖലയിൽ റബ്ബർബോർഡ് നൽകുന്ന സേവനങ്ങളും പ്രയോജനപ്പെടുത്തണമെന്ന് കേരളത്തിൽ റബ്ബറധിഷ്ഠിതവ്യവസായവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരോട് ഞാൻ അഭ്യർത്ഥിക്കുന്നു.

എം. വസന്തഗേശൻ ഐ.ആർ.എസ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്





# കേന്ദ്ര വാണിജ്യമന്ത്രി റബ്ബർമേഖലയിലുള്ളവരുമായി ചർച്ച നടത്തി

കേന്ദ്ര വാണിജ്യ വ്യവസായവകുപ്പുമന്ത്രി പിയൂഷ് ഗോയൽ പ്രകൃതിദത്ത റബ്ബർമേഖലയിലുള്ളവരുടെ പ്രതിനിധികളുമായി കൊച്ചിയിൽ ചർച്ച നടത്തി.

പ്രകൃതിദത്ത റബ്ബർമേഖലയിലെ പ്രശ്നങ്ങളും സാധ്യതകളും യോഗത്തിൽ ചർച്ച ചെയ്തു. ആഭ്യന്തര റബ്ബറുത്പാദനം മെച്ചപ്പെടുത്തൽ, യന്ത്രവത്ക്കരണത്തിൽ നൂതനസാധ്യതകൾ പ്രയോജനപ്പെടുത്തൽ, നിർമിതബുദ്ധി ഉപയോഗിച്ച് പുതിയ വിപണിസാധ്യതകൾ കണ്ടെത്തൽ എന്നിവയെക്കുറിച്ച് യോഗത്തിൽ ചർച്ചകൾ നടന്നു.

റബ്ബർകർഷകർക്ക് കുറഞ്ഞ പലിശനിരക്കിൽ ബാങ്കുവായ്പകൾ ലഭ്യമാക്കൽ, കയറ്റുമതിപോലുള്ള വിവിധ ആവശ്യങ്ങൾക്കുവേണ്ടി പരിശോധനകൾ നടത്തുന്നതിനുള്ള പരിശോധനാശാലകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, വിവിധ സർട്ടിഫിക്കേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവയുടെ സാധ്യതകളെക്കുറിച്ച് യോഗം വിശകലനം ചെയ്തു. റബ്ബർമേഖലയുടെ സുസ്ഥിരവളർച്ചയ്ക്കും ആഗോള മത്സരക്ഷമതയ്ക്കും









വേണ്ടി ഇന്ത്യയിലെ പ്രകൃതിദത്ത റബ്ബർമേഖലയെ പിന്തുണയ്ക്കുന്നതിനുള്ള സർക്കാരിന്റെ പ്രതിബദ്ധത കേന്ദ്രമന്ത്രി അറിയിച്ചു.

കേന്ദ്ര വാണിജ്യ വകുപ്പ് ജോയിന്റ് സെക്രട്ടറി കേസങ് യങ്സം ഷെർപ ഐ.ആർ.എസ്., റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. എന്നിവരും മന്ത്രിയോടൊപ്പം യോഗത്തിൽ പങ്കെടുത്തു. പ്രകൃതിദത്തറബ്ബർമേഖലയിലെ വിവിധ സംഘടനകളുടെയും വൻകിട, ചെറുകിട കർഷകരുടെയും റബ്ബർവ്യവസായമേഖലയിലുള്ളവരുടെയും പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

വൻകിട റബ്ബർകർഷകരുടെ പ്രതിനിധികളായി സന്തോഷ് കുമാർ (ഹാരിസൺ മലയാളം ലിമിറ്റഡ്), സഞ്ജിത്ത് ആർ. നായർ (യുണൈറ്റഡ് പ്ലാന്റേഴ്സ് അസോസിയേഷൻ ഓഫ് സതേൺ ഇന്ത്യ) എന്നിവരും ചെറുകിട റബ്ബർകർഷകരുടെ പ്രതിനിധികളായി സ്മിജി കെ., സാജു കുര്യാക്കോസ്, എ.ആർ. പൗലോസ് എന്നിവരും യോഗത്തിൽ പങ്കെടുത്ത് മന്ത്രിയുമായി ആശയവിനിമയം നടത്തി.

വിവിധ സംഘടനകളുടെ പ്രതിനിധികളായി ബാബു ജോസഫ് (നാഷണൽ കോൺഫെഡറേഷൻ ഓഫ് റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റീസ്), ജോർജ് വാലി (ഇന്ത്യൻ റബ്ബർ ഡീലേഴ്സ് ഫെഡറേഷൻ), സതീഷ് ഏബ്രഹാം (അസോസിയേഷൻ ഓഫ് ലാറ്റക്സ് പ്രോസ്സസേഴ്സ് ഓഫ് ഇന്ത്യ); രാജീവ് ബുദ്ധരാജ, ഡോ. അഷ്റിത ത്രിപാഠി, ജി. മുരളി ഗോപാൽ (ആട്ടോമോട്ടിവ് ടയർ മാനുഫാക്ച്ചറേഴ്സ് അസ്സോസിയേഷൻ); പി.ആർ. നാഗ് (നാഷണൽ ഫെഡറേഷൻ ഓഫ് റബ്ബർ പ്രോഡക്റ്റ്സ് എക്സ്പോർട്ടേഴ്സ്), റോബിൻ ബേബി (ഫെഡറേഷൻ ഓഫ് ലാറ്റക്സ് പ്രോസ്സസേഴ്സ്) എന്നിവരാണ് യോഗത്തിൽ പങ്കെടുത്തത്.

അരീഷ് നാഗ് (ഫ്ളോറാടെക്സ് റബ്ബർ ആന്റ് പ്ലാസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ്); ജെയിംസ് തോമസ്, അഖിൽ സണ്ണി (സെന്റ് മേരീസ് റബ്ബേഴ്സ്); അനിൽ കുമാർ പി.സി. (സേഫ് കെയർ റബ്ബർ പ്രോഡക്റ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്), വിനയരാജ് (ആർ വൺ ഇന്റർ നാഷണൽ ലിമിറ്റഡ്), ഡോ. ലോറൻസ് ഹാരോൾഡ് (റബ്ബർ മാർക്ക്), എന്നിവരാണ് യോഗത്തിൽ പങ്കെടുത്ത മറ്റു പ്രതിനിധികൾ. റബ്ബർബോർഡിലെ വിവിധ വകുപ്പു മേധാവികളും യോഗത്തിൽ സന്നിഹിതരായിരുന്നു. •




ഡോ. ജെസ്സി എം.ഡി.
ഡയറക്ടർ (ഇൻ-ചാർജ്)
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

# ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം മികവോടെ മുന്നോട്ട്

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം ഏഴു ദശാബ്ദങ്ങളോളമായി മികവാർന്ന ഗവേഷണങ്ങളിലൂടെ ആഗോളതലത്തിലുള്ള റബ്ബർ ഗവേഷണകേന്ദ്രങ്ങളിൽ മുൻനിരയിലാണ്. ഇന്ത്യയുടെ പ്രഥമ രാഷ്ട്രപതിയായ ഡോ. രാജേന്ദ്രപ്രസാദ് 1956 ഫെബ്രുവരി 4-നാണ് ഈ സ്ഥാപനത്തിന് തറക്കല്ലിട്ടത്. ജനിതകമാറ്റം വരുത്തിയ ആദ്യത്തെ ദീർഘകാല വിള, സോയിൽ ഫെർട്ടിലിറ്റി മാപ്പിങ് എന്നിങ്ങനെയുള്ള ചില മേഖലകളിലെങ്കിലും രാജ്യത്ത് തന്നെ പ്രഥമസ്ഥാനത്തെത്താൻ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന് കഴിഞ്ഞിട്ടുണ്ട്. റബ്ബറിന്റെ കൃഷി മുതൽ ഉത്പന്നനിർമാണം വരെയുള്ള വൈവിധ്യമാർന്ന മേഖലകളിൽ ഈ റബ്ബർഗവേഷണകേന്ദ്രം നിസ്തുലമായ സേവനങ്ങൾ നൽകിവരുന്നു.

1980-ൽ റബ്ബർഗവേഷണകേന്ദ്രം ശുപാർശ ചെയ്ത ആർആർഐഐ 105 എന്ന ക്ലോൺ പരമ്പരാഗത റബ്ബർ കൃഷിമേഖലയിൽ കൊണ്ടുവന്ന സാമൂഹ്യ-സാമ്പത്തിക മുന്നേറ്റം കേരളത്തിൽ മറ്റൊരു വിളയ്ക്കും അവകാശപ്പെടാൻ കഴിയാത്തതാണ്. റബ്ബർ കൃഷിയും ആർആർഐഐ 105 എന്ന ഇനം മൂലമുണ്ടായ സാമ്പത്തിക സുരക്ഷിതത്വവും കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം നൽകാൻ സഹായിച്ചപ്പോൾ വിദ്യാസമ്പന്നരായ ചെറുപ്പക്കാർ കൃഷിമേഖല വിട്ട് മറ്റ് തൊഴിൽമേഖലകളിലേക്ക് മാറുന്നതിന് അതൊരു കാരണമായി. റബ്ബർകൃഷി കൊണ്ടുവന്ന സാമൂഹ്യ-സാമ്പത്തിക ഉന്നമനത്തിന്റെ ഒരു ചാക്രികമാറ്റം കൂടെയാണിത്. ഇന്ന് കേരളത്തിൽ, പ്രത്യേകിച്ച് മദ്ധ്യതിരുവതാംകൂറിൽ റബ്ബർകൃഷി നേരിടുന്ന പ്രതിസന്ധിക്ക് ഒരു പരിധിവരെ ഒരു കാരണവുമിതാണ്. കേരളത്തിലെ പോലെ റബ്ബർകൃഷി വ്യാപകമായ മറ്റു ചില സംസ്ഥാനങ്ങളിലും മാറ്റം കാണുന്നുണ്ട്. കൃഷിയിൽ പുതിയ തലമുറയ്ക്കുള്ള താൽപര്യക്കുറവ്, തൊഴിലാളികളുടെ ദൗർലഭ്യം, വർദ്ധിച്ചുവരുന്ന കൃഷിച്ചെലവ്, തോട്ടങ്ങളുടെ വിസ്തൃതിയിലുണ്ടാകുന്ന കുറവ്, വിലയിലെ ഏറ്റക്കുറച്ചിലുകൾ, കാലാവസ്ഥാവ്യതി



യാനം, അന്താരാഷ്ട്ര വിപണിയിൽ വർദ്ധിച്ചുവരുന്ന നിയന്ത്രണങ്ങൾ എന്നിവയെല്ലാം ഉൾക്കൊണ്ടുതന്നെ യാണ് ഗവേഷണകേന്ദ്രം മുന്നോട്ടുപോകുന്നത്.

പരമ്പരാഗത റബ്ബർകൃഷിമേഖലയിൽ കൃഷിചെയ്യുന്ന 95 ശതമാനത്തിലേറെ റബ്ബറിനങ്ങളും ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രം വികസിപ്പിച്ചെടുത്തതാണെന്നത് അഭിമാനിക്കാവുന്ന നേട്ടമാണെങ്കിലും ആർആർഐഐ 105-ന് ശേഷം 2005-ലും 2009-ലും ശുപാർശ ചെയ്ത ആർആർഐഐ 400 സീരീസിൽപെട്ട നാലിനങ്ങളും കൂടുതൽ പ്രചാരം നേടേണ്ടതുണ്ട്. ആർആർഐഐ 105-നെ അപേക്ഷിച്ച് വളർച്ചയും ഉത്പാദനവും കൂടുത ലുള്ള ഈ ഇനങ്ങളിലൊന്നായ ആർആർഐഐ 430 വരണ്ട കാലാവസ്ഥയ്ക്ക് കൂടുതൽ യോജിച്ചതാണ്. ആർആർഐഐ 417 എന്ന ഇനം റബ്ബർ കൂടുതൽ തടിയുള്ളതും ആർആർഐഐ 414 എന്ന ഇനം കൊറിനിസ്പോറ രോഗത്തിന് പ്രതിരോധശേഷി കൂടുത ലുള്ളതുമാണ്. ഈ പ്രത്യേകതകളെല്ലാം കണക്കിലെടു ത്തുള്ള റബ്ബറിനങ്ങളുടെ മേഖലാടിസ്ഥാനത്തിലുള്ള ശുപാർശയ്ക്കും കൂടുതൽ പ്രചാരം ലഭിക്കേണ്ടതുണ്ട്.

കേരളത്തിൽ പ്രത്യേകിച്ച് മദ്ധ്യതിരുവതാംകൂറിൽ ചൂട് കൂടുന്നതായി പഠനങ്ങൾ കാണിക്കുന്നു. അതുപോലെ തന്നെ മഴയുടെ ലഭ്യതയിലും ഗണ്യമായ വ്യതിയാനം കഴിഞ്ഞ കുറേ വർഷങ്ങളായി അനുഭവപ്പെടുന്നു. റബ്ബ റുത്പാദനത്തിന് യോജിച്ചതിലും കൂടുതലായി ചൂടനുഭവ പ്പെടുന്നത് ഉത്പാദനത്തെ ബാധിക്കുന്നുവെന്ന് ഗവേഷ ണകേന്ദ്രം നടത്തിയ പഠനങ്ങൾ സൂചിപ്പിക്കുന്നു. കേരള ത്തിൽ ഉത്പാദനക്ഷമത കുറയുന്നുവെന്ന പല പ്രദേശ ങ്ങളിൽ നിന്നുള്ള നിരീക്ഷണങ്ങളുടെ ഒരു കാരണം ഈ കാലാവസ്ഥാവ്യതിയാനമാണ്. വരണ്ട കാലാവസ്ഥയ്ക്ക് യോജിച്ച ഇനങ്ങൾ കൂടുതലായി കൃഷിചെയ്യേണ്ടതിന്റെ ആവശ്യകതയാണ് ഇത് കാണിക്കുന്നത്.

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ വ്യാപകമായി കൃഷിചെയ്യുന്നത് മലേഷ്യൻ റബ്ബറിനമായ ആർആർ ഐഎം 600 ആണ്. 2016-ൽ ശുപാർശ ചെയ്ത ഇന്ത്യൻ ഇനങ്ങളായ ആർആർഐഐ 208, 2020-ൽ ശുപാർശ ചെയ്ത ആർആർഐഐ 429 എന്നിവ പ്രചാരം നേടി വരുന്നു. അടുത്ത കാലത്ത്, 2024-ൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേക്കായി ശുപാർശ ചെയ്ത ആർആർ ഐഐ 417 എന്ന ഇനം വളർച്ചയിലും ഉത്പാദനത്തിലും തടിയുടെ വളർച്ചയിലും ആർആർഐഐ 429-നെ പോലെ തന്നെ ആർആർഐഎം 600 എന്ന ഇനത്തേ ക്കാൾ മുൻപിലാണ്. ഈ ഇന്ത്യൻ ഇനങ്ങൾ പ്രചാരത്തി ലാകുന്നതോടുകൂടി വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ റബ്ബറിന്റെ ഉത്പാദനക്ഷമത ഗണ്യമായി വർദ്ധിക്കുമെ ന്നാണ് പ്രതീക്ഷിക്കുന്നത്.

വിലയിരുത്തലിന്റെ ആദ്യഘട്ടങ്ങൾ പിന്നിട്ട നൂറി ലേറെ റബ്ബറിനങ്ങൾ കർഷകരുടെ വിവിധ തോട്ടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ കൃഷിചെയ്തുവരുന്നു. ഇവയിൽ ഒൻപത് ഇനങ്ങളെ പരീക്ഷണാർത്ഥം കൃഷി ചെയ്യാൻ ശുപാർശ ചെയ്തിരിക്കുന്ന നടീൽവസ്തുക്ക ളുൾപ്പെടുന്ന മൂന്നാം വിഭാഗത്തിലേക്ക് ഉയർത്തിയിട്ടുണ്ട്. കൂടുതൽ പഠനങ്ങൾക്കുശേഷം ഇവയിൽ നിലവിലുള്ള ഇനങ്ങളെക്കാൾ മേൻമയുള്ള ഇനങ്ങളെ ഒന്നു രണ്ടു വർഷങ്ങൾക്കകം പരിമിതമായ കൃഷിക്കായും പിന്നീട് വ്യാപകമായ കൃഷിക്കായും ശുപാർശ ചെയ്യാൻ കഴിയു മെന്നാണ് പ്രതീക്ഷിക്കുന്നത്.

റബ്ബറിന്റെ ജനിതകശേഖരം വർദ്ധിപ്പിക്കുന്നതിനായി ആമസോൺ വനങ്ങളിൽ നിന്ന് കൊണ്ടുവന്ന് സംരക്ഷിച്ചി രിക്കുന്ന 4500-ലേറെ വന്യ റബ്ബറിനങ്ങളിൽ രോഗപ്രതി രോധശേഷി കൂടിയതും പ്രതികൂല കാലാവസ്ഥയെ ചെറു ക്കാൻ കഴിവുള്ളതും വളർച്ച കൂടുതലുള്ളതുമായ ഇന ങ്ങൾ കണ്ടെത്തിയിട്ടുണ്ട്. പുതിയ റബ്ബറിനങ്ങൾ ഉണ്ടാ ക്കാനുള്ള പരീക്ഷണങ്ങളിൽ ഇവയെ കൂടുതലായി ഉൾ പ്പെടുത്തേണ്ടിയിരിക്കുന്നു. ഈ രണ്ട് ജനിതകശേഖരവും കൂടാതെ മറ്റു രാജ്യങ്ങൾ വികസിപ്പിച്ചെടുത്ത അത്യുത്പാ



*ഗുജറാത്തിൽ റബ്ബർകൃഷിക്കുള്ള സാധ്യതാപഠനങ്ങളുടെ ഭാഗമായി കർഷകരുടെ തോട്ടങ്ങളിൽ കൃഷിചെയ്യുന്നതിന് നടീൽവസ്തുക്കൾ വിതരണം ചെയ്യുന്ന ചടങ്ങിന്റെ ദൃശ്യം*

ദനശേഷിയുള്ള ഇനങ്ങളിൽ 10 രാജ്യങ്ങളിൽ നിന്നുള്ള 43 ഇനങ്ങളും പരസ്പര കൈമാറ്റം വഴി ഇന്ത്യക്ക് ലഭിച്ചിട്ടുണ്ട്.

റബ്ബറിന്റെ പുതിയ ഇനങ്ങളുടെ രജിസ്ട്രേഷനുവേണ്ടി 'DUS' (Distinctness, Uniformity & Stability) ടെസ്റ്റിങ് മാനദണ്ഡങ്ങൾക്കുള്ള മാർഗനിർദേശങ്ങൾ രൂപവത്കരിക്കുന്നതിന് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം പ്രോട്ടക്ഷൻ ഓഫ് പ്ലാന്റ് വെറൈറ്റീസ് ആന്റ് ഫാർമേഴ്സ് റൈറ്റ്സ് അതോറിറ്റി (പി.പി.വി & എഫ്.ആർ.എ.) -യുമായി സഹകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വളർച്ച, ഉത്പാദനം, രോഗപ്രതിരോധശേഷി, പ്രതികൂല കാലാവസ്ഥയെ ചെറുക്കാനുള്ള കഴിവ് എന്നിവയെല്ലാം ചെറുപ്രായത്തിൽ തന്നെ തിരിച്ചറിയുന്നതിനുള്ള തൻമാത്രാ സൂചകങ്ങൾ (molecular markers) കണ്ടുപിടിക്കുന്നതിനുള്ള ഗവേഷണങ്ങൾ ഗവേഷണകേന്ദ്രത്തിലെ വിവിധ ഡിവിഷനുകളിൽ പുരോഗമിക്കുന്നുണ്ട്. പുതിയ ഇനങ്ങൾ ഉണ്ടാക്കാനുള്ള കാലയളവ് ഇവയുപയോഗിച്ച് ഗണ്യമായി കുറയ്ക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

റബ്ബർതടിയെക്കുറിച്ചുള്ള ഗവേഷണങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. ഇതിനായി ഇന്ത്യൻ കൗൺസിൽ ഫോർ ഫോറസ്റ്റ് റിസേർച്ച് ആന്റ് എഡ്യൂക്കേഷനു (ICFRE) മായി സഹകരിച്ച് ഗവേഷണകേന്ദ്രം പ്രവർത്തിക്കുന്നു. റബ്ബർതടിയുടെ സംസ്കരണം മെച്ചപ്പെടുത്തുക, ഉപയോഗത്തിനായി വൈവിധ്യമാർന്ന മേഖലകൾ കണ്ടെത്തുക, സെൻട്രൽ പൾപ്പ് ആന്റ് പേപ്പർ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CPPRI) -മായി ചേർന്ന് പേപ്പറുണ്ടാക്കുന്നതിൽ റബ്ബർതടിയുടെ സാധ്യത മനസ്സിലാക്കുക എന്നിവയെല്ലാം റബ്ബർതടിയെക്കുറിച്ചുള്ള ഗവേഷണങ്ങളിൽ മുന്നിൽ കാണുന്നവയാണ്.

പാരാ റബ്ബർ (Hevea brasiliensis) എന്ന വ്യാപകമായി കൃഷിചെയ്യുന്ന റബ്ബർ കൂടാതെ റബ്ബറുത്പാദിപ്പിക്കുന്ന മറ്റു സസ്യങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം ആരംഭിച്ചിട്ടുണ്ട്. അമേരിക്കയിൽ നിന്ന് കൊണ്ടുവന്ന വയൂളി (Guayule) വിത്തുകളിൽ നിന്നും ഉത്പാദിപ്പിച്ച ചെടികൾ ഗവേഷണകേന്ദ്രത്തിൽ വളർത്തുന്നുണ്ട്. അതുപോലെ സീറാ റബ്ബർ (Manihot glaziovii) എന്ന ഇനവും ഗവേഷണകേന്ദ്രത്തിൽ കൂടുതൽ പഠനങ്ങൾക്കായി വളർത്തിവരുന്നു.

നടീൽവസ്തുക്കളുടെ ശുപാർശയിലും വിത്തുമരങ്ങളിൽ നിന്ന് ഒട്ടുതൈക്കുറ്റികളിലേക്കും പിന്നീട് പോളിത്തീൻ കൂടത്തൈകളിലേക്കും നാം മാറുകയുണ്ടായി. ആർആർഐഐ 105-ന്റെ വിപ്ലവകരമായ മുന്നേറ്റത്തിന് ആ ഇനത്തിന്റെ ജനിതകശേഷിക്കൊപ്പം കൂടത്തൈകളിലേക്കുള്ള ചുവടുമാറ്റവും ഗണ്യമായി സഹായിച്ചു. എന്നാൽ, ഇന്ന് കൃഷിച്ചെലവ് കൂടിവരികയും തൊഴിലാളികളുടെ ദൗർലഭ്യം വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഗവേഷണകേന്ദ്രം റബ്ബറിനു വേണ്ടി കണ്ടെത്തിയ റൂട്ട്ട്രെയിനർ ടെക്നോളജിക്ക് വൻ സ്വീകാര്യതയാണ് ലഭിച്ചത്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ രണ്ടുലക്ഷം ഹെക്ടർ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കുമ്പോൾ കപ്പുതൈകളുടെ പ്രയോജനം അനിതരസാധാരണമാണ്. ഇന്ത്യയിലെവിടെയും ഉത്പാദിപ്പിക്കപ്പെടുന്ന കപ്പുതൈകൾ ഹാർഡ്ബോർഡുപെട്ടികളിൽ പായ്ക്ക് ചെയ്ത് തീവണ്ടിയിൽ കൊണ്ടുപോയി ആവശ്യമുള്ള സ്ഥലങ്ങളിൽ നടാൻ കഴിഞ്ഞത് ഈ പദ്ധതിയുടെ പ്രാരംഭകാലത്ത് വളരെ പ്രയോജനപ്രദമായി. റബ്ബറിന്റെ സാദ്ധ്യതാപഠനത്തിനായി ഗുജറാത്ത്, കോലാപ്പൂർ, ഛത്തിസ്ഗഡ്, ഝാർഖണ്ഡ്, ബീഹാർ എന്നീ സംസ്ഥാനങ്ങളിലേക്ക് കപ്പുതൈകൾ അയയ്ക്കാൻ സാധിച്ചത് ഗവേഷണത്തെ ത്വരിതപ്പെടുത്താൻ സഹായിച്ചു. ഇന്ന് മിക്ക പ്രധാന റബ്ബറുത്പാദകരാജ്യങ്ങളും ഈ രീതി അവലംബിച്ചു കഴിഞ്ഞു.

തദ്ദേശീയമായി വികസിപ്പിച്ചെടുത്ത അത്യുത്പാദനശേഷിയുള്ള റബ്ബറിനങ്ങൾ രാജ്യത്തെ റബ്ബറുത്പാദനം വർദ്ധിപ്പിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. ഓരോ പ്രദേശത്തേക്കും യോജിച്ച ഇനം തെരഞ്ഞെടുത്ത് പുതുക്കൃഷിയിലും ആവർത്തനക്കൃഷിയിലും ഉൾപെടുത്തേണ്ടിയിരിക്കുന്നു.

അതോടൊപ്പം കാലാവസ്ഥാവ്യതിയാനത്തെ നേരിടുന്നതിനും രോഗനിവാരണമാർഗങ്ങൾ സ്വീകരിക്കുന്നതിനും ശാസ്ത്രീയ വിളവെടുപ്പ് നടത്തുന്നതിനും കർഷകർ ശ്രദ്ധിക്കേണ്ടതുണ്ട്. ഇനം തെരഞ്ഞെടുക്കുന്നതിൽ പിഴവ് വന്നാൽ മറ്റെല്ലാ പരിപാലനമുറകളും സ്വീകരിച്ചാലും ഉത്പാദനമികവ് പരിമിതമായിരിക്കുമെന്നുള്ള വസ്തുത വിസ്മരിച്ചുകൂടാ.

പ്രതികൂല കാലാവസ്ഥയെ ചെറുക്കാൻ ഉതകുന്ന എംഎൻ.എസ്.ഒ.ഡി (MnSOD) ജീൻ ഉപയോഗിച്ച് ജനിതകമാറ്റം വരുത്തിയ റബ്ബർ അസമിൽ ഒരേക്കർ സ്ഥലത്ത് പരീക്ഷണാടിസ്ഥാനത്തിൽ 2021–ൽ കൃഷി ചെയ്തിട്ടുണ്ട്. ഇതേ സവിശേഷതയുള്ള മറ്റൊരു ജീൻ (ഓസ്മോട്ടിൻ) ഉപയോഗിച്ച് ജനിതകമാറ്റം വരുത്തിയ റബ്ബറും 2024–ൽ ത്രിപുരയിൽ ഒരേക്കർ സ്ഥലത്ത് നടുകയുണ്ടായി. ഇങ്ങനെ ജനിതകമാറ്റം വരുത്തിയ റബ്ബർതൈകൾ പ്രതികൂല കാലാവസ്ഥയ്ക്ക് കൂടുതൽ യോജിച്ചതാണെന്നാണ് പരീക്ഷണശാലകളിൽ നടത്തിയ പഠനങ്ങൾ തെളിയിക്കുന്നത്. എങ്കിലും ഇത്തരം ജനിതകമാറ്റം വരുത്തിയ റബ്ബർ പതിനഞ്ച് വർഷത്തോളം വിവിധ പഠനങ്ങൾക്ക് വിധേയമാക്കിയതിനുശേഷം മാത്രമേ തുടർപഠനങ്ങളെക്കുറിച്ചോ നടീലിനായി ശുപാർശ ചെയ്യുന്നതിനെക്കുറിച്ചോ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. ലോകത്തിലെ ആദ്യത്തെ ജനിതകമാറ്റം വരുത്തിയ റബ്ബർ, ഇന്ത്യയിലെ തന്നെ ആദ്യത്തെ ജനിതകമാറ്റം വരുത്തിയ ദീർഘകാല വിള എന്നീ അഭിമാനാർഹങ്ങളായ നേട്ടങ്ങൾ ഗവേഷണകേന്ദ്രം കൈവരിച്ചത് ദശകങ്ങൾ നീണ്ട ഗവേഷണം കൊണ്ടാണ്.

കൂടുതൽ വളർച്ചാനിരക്കുള്ള, നാലോ അഞ്ചോ വർഷങ്ങൾകൊണ്ട് ഉത്പാദനം നൽകാൻ സാധിക്കുന്ന റബ്ബർതൈകൾ ഉണ്ടാക്കാനുള്ള പഠനങ്ങളും ഇതുകൂടാതെ ഈ മേഖലയിലെ നൂതന സാങ്കേതികവിദ്യയായ ജീൻ എഡിറ്റിങ്ങും ഗവേഷണകേന്ദ്രത്തിൽ പുരോഗമിക്കുന്നു. റബ്ബറിന്റെ ഹിതകരമല്ലാത്ത സ്വഭാവവിശേഷങ്ങൾ (ഉദാഹരണത്തിന് റബ്ബർപാലിലെ പ്രോട്ടീൻ അലർജി) ജീൻ എഡിറ്റിങ് വഴി ഇല്ലാതാക്കാനുള്ള പഠനങ്ങളാണ് നടക്കുന്നത്. അതുപോലെതന്നെ രോഗങ്ങൾക്ക് കാരണമാകാവുന്ന ജീനുകൾ കണ്ടെത്തി അവയെ എഡിറ്റ് ചെയ്തു രോഗപ്രതിരോധശേഷി കൂടിയ റബ്ബറിനങ്ങൾ ഉത്പാദിപ്പിക്കാനുള്ള ഗവേഷണങ്ങളും പുരോഗമിക്കുന്നുണ്ട്. ദീർഘകാലം വളരെ ചിട്ടയായ ഗവേഷണം നടത്തിയാൽ മാത്രമേ ഈ മേഖലയിൽ പുരോഗതി കൈവരിക്കാനാവുകയുള്ളൂ. എങ്കിലും ഭാവിയിലുരിത്തിരിയാവുന്ന പ്രതിസന്ധികൾ മുന്നിൽ കണ്ടുകൊണ്ട് ഈ മേഖലയ്ക്ക് ഗവേഷണകേന്ദ്രം വളരെ പ്രാധാന്യം കൊടുക്കുന്നുണ്ട്.

പരമ്പരാഗത റബ്ബർകൃഷിമേഖലകളിൽ അകാലിക ഇലകൊഴിച്ചിൽ, ഇലപ്പൊട്ടുരോഗം, പൊടിക്കുമിൾ രോഗം, ചീക്കുരോഗം, വേരുരോഗങ്ങൾ എന്നിങ്ങനെയുള്ള വിവിധ രോഗങ്ങൾ കർഷകരെ ആശങ്കപ്പെടുത്തുന്നുണ്ട്. കാലാവസ്ഥാവ്യതിയാനം കൊണ്ട് ഉണ്ടാകുന്ന തുടർച്ചയായ തീവ്രമഴയും ഇടകലർന്ന വെയിലും ചില വർഷങ്ങളിൽ അകാലിക ഇലകൊഴിച്ചിലും ഇലപ്പൊട്ടുരോഗവും വ്യാപകമാകാൻ കാരണമായിട്ടുണ്ട്. മുൻ വർഷങ്ങളിൽ കാര്യമായ രോഗബാധ ഇല്ലാതെയിരുന്ന കന്യാകുമാരി ജില്ലയിലും കൂടുതലായി രോഗങ്ങൾ കാണപ്പെട്ടുതുടങ്ങിയിട്ടുണ്ട്.

രോഗനിയന്ത്രണത്തിന് ഹ്രസ്വകാല, ദീർഘകാല പദ്ധതികളാവശ്യമാണ്. റബ്ബറിനെ ബാധിക്കുന്ന രോഗങ്ങൾക്കെല്ലാം തന്നെ, അടുത്തകാലത്ത് കൂടുതലായി കാണപ്പെടുന്ന ഇലപ്പൊട്ടുരോഗത്തിനുൾപ്പെടെ ഫലപ്രദമായ നിവാരണമാർഗങ്ങൾ ഗവേഷണകേന്ദ്രം ശുപാർശ ചെയ്തിട്ടുണ്ട്. ഈ മേഖലയിൽ ഇന്ത്യ ഒരു പരിധിവരെ മറ്റ് റബ്ബറുത്പാദകരാജ്യങ്ങൾക്ക് മാർഗദർശിയുമാണ്. ഐ.ആർ.ആർ.ഡി.ബി., എ.എൻ.ആർ.പി.സി. മുതലായ അന്താരാഷ്ട്ര സംഘടനകളുടെ സഹകരണത്തോടെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം സംഘടിപ്പിക്കുന്ന ശിൽപശാലകളിലൂടെ മറ്റു രാജ്യങ്ങൾക്ക് രോഗനിവാരണ മാർഗങ്ങളിൽ പരിശീലനം നൽകുന്നുണ്ട്. എന്നാൽ തൊഴിലാളികളുടെ ദൗർലഭ്യം, വർദ്ധിച്ചുവരുന്ന കൂലിച്ചെലവ്, കുമിൾനാശിനികളുടെ ലഭ്യത, യോജിച്ച സ്പ്രേയറുകളുടെ ലഭ്യതക്കുറവ് എന്നിവയെല്ലാം രോഗനിവാരണത്തിന് കർഷകർ നേരിടുന്ന പ്രതിസന്ധികളാണ്. കുമിൾനാശിനികളുടെ ഉപയോഗം പരമാവധി കുറച്ച് കുടുതൽ പരിസ്ഥിതി സൗഹൃദമായ രോഗനിയന്ത്രണ മാർഗങ്ങൾ വികസിപ്പിക്കേണ്ടത് അനിവാര്യമാണ്.

പി.ബി. 260 എന്ന ഇനത്തിൽ കാര്യമായ രോഗബാധ ഇല്ലാത്ത എഫ്.എക്സ്. 516 (FX 516) എന്ന ഇനം ക്രൗൺബഡ്ഡ് ചെയ്ത് സെൻട്രൽ എക്സ്പെരിമെന്റ് സ്റ്റേഷനിൽ ദീർഘകാലം നടത്തിയ പരീക്ഷണത്തിന്റെ വെളിച്ചത്തിൽ ക്രൗൺബഡ്ഡിങ് അഡ്ഹോക്കായി നിയന്ത്രിതരീതിയിൽ ശുപാർശ ചെയ്തിട്ടുണ്ട്. ആർആർഐഐ 400 പരമ്പരയിൽപ്പെട്ട ഇനങ്ങളിൽ എഫ്എക്സ്. 516 എന്ന ഇനം ക്രൗൺബഡ്ഡ് ചെയ്തിട്ടുള്ള പഠനങ്ങൾ പുരോഗമിക്കുന്നു. ചില കർഷകരുടെ തോട്ടങ്ങളിലും ഇത്തരം ക്രൗൺബഡ്ഡ് ചെയ്ത റബ്ബർമരങ്ങൾ ആശാവഹമായ ഫലങ്ങൾ നൽകുന്നുണ്ട്. ഈ പഠനങ്ങളുടെ ഫലങ്ങൾ വിശകലനം ചെയ്തതിനുശേഷം ക്രൗൺബഡ്ഡിങ് വ്യാപകമായി ശുപാർശ ചെയ്യുന്നത് പരിഗണി



*ആർആർഐഐ -യും ഐ.ഒ.സി-യും തമ്മിൽ ധാരണാപത്രം ഒപ്പുവെച്ച വേളയിലെ ദൃശ്യം*




*റബ്ബർരോഗനിയന്ത്രണവുമായി ബന്ധപ്പെട്ട് ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിൽവെച്ച് നടത്തിയ അന്താരാഷ്ട്ര ടെക്നിക്കൽ സമിതി യോഗത്തിന്റെ ദൃശ്യം*

ക്കാവുന്നതാണ്. തൈകൾ ക്രൗൺബഡ്ഡ് ചെയ്ത് വളർത്തിയെടുക്കാൻ പ്രയാസമുണ്ടെങ്കിലും കാര്യമായ രോഗബാധ മരങ്ങൾക്കുണ്ടാകുന്നില്ലാത്തതുകൊണ്ട് പിന്നീട് രോഗനിവാരണത്തിനുള്ള ചെലവ് ഗണ്യമായി കുറയ്ക്കാം. തന്നെയുമല്ല കുമിൾനാശിനികളുടെ ഉപയോഗം കുറയ്ക്കാവുന്നതുകൊണ്ട് ഈ രീതി കൂടുതൽ പരിസ്ഥിതി സൗഹൃദവുമാണ്. നല്ല ഉത്പാദനക്ഷമതയും തടിവളർച്ചയുമുള്ള എന്നാൽ, രോഗബാധ കൂടുതലുള്ള പി.ബി. ഇനങ്ങളിലും എഫ്.എക്സ്. 516 ക്രൗൺബഡ്ഡ് ചെയ്ത് പരീക്ഷിക്കാവുന്നതാണ്. സാധാരണ റബ്ബറിനങ്ങളെപോലെ ഒരുമിച്ച് ഇലകൊഴിച്ചിലില്ലാത്ത (wintering) എഫ്.എക്സ്. 516 ക്രൗൺബഡ്ഡ് ചെയ്യുമ്പോൾ വിവധ ഇനങ്ങൾക്ക് ഉണ്ടാകുന്ന മാറ്റങ്ങളും പഠനവിധേയമാക്കേണ്ടതാണ്. അതുപോലെ ഇത്തരം ക്രൗൺബഡ്ഡ് ചെയ്ത മരങ്ങൾ പ്രതികൂല കാലാവസ്ഥ (തണുപ്പും ചൂടും കാറ്റും) യിൽ എങ്ങനെ പെരുമാറുമെന്ന് പഠനവിധേയമാക്കേണ്ടതുണ്ട്. തോട്ടങ്ങളിൽ ക്രൗൺബഡ്ഡ് ചെയ്യുന്നതിന്റെ പ്രയാസം കുറയ്ക്കാനായി വലിയ റൂട്ട് ട്രെയിനർ കപ്പുകളിൽ തൈകൾ വളർത്തി ക്രൗൺബഡ്ഡ് ചെയ്യാനുള്ള ശ്രമങ്ങളും പുരോഗമിക്കുന്നു.

കുമിൾനാശിനികൾ അടിക്കുന്നതിനുവേണ്ടി ഡ്രോണുകൾ ഉപയോഗിക്കുന്നതിനുള്ള പഠനങ്ങളും പുരോഗമിക്കുന്നു. പ്രാഥമിക പഠനങ്ങളുടെ വെളിച്ചത്തിൽ ഡ്രോണുകൾ തൊഴിലാളികളുടെ ആവശ്യകത കുറയ്ക്കുന്നതിനോടൊപ്പം കുറഞ്ഞ സമയത്ത് കൂടുതൽ സ്ഥലത്ത് കുമിൾനാശിനി അടിക്കാനും സഹായിക്കും. എന്നാൽ നോസിലിന്റെ വലുപ്പം, കുമിൾനാശിനികളുടെ അളവ്, ഡ്രോണിന്റെ വേഗം എന്നിവയിലെല്ലാം കൂടുതൽ കൃത്യത വരുത്തേണ്ടതുണ്ട്. ഡ്രോണുപയോഗിച്ച് വളപ്രയോഗം നടത്താനുള്ള പദ്ധതിയും ഗവേഷണകേന്ദ്രത്തിനുണ്ട്. കൂടുതൽ പരിസ്ഥിതിസൗഹൃദമായ ബയോഡീഗ്രേഡബിൾ ഓയിൽ, നാനോ കോപ്പർ ചേർത്ത നേരിട്ടുപയോഗിക്കാവുന്ന സ്പ്രേ ഓയിൽ എന്നിവയിൽ ഓയിൽ കമ്പനികളായ ഐ.ഒ.സി.എൽ., ബി.പി.സി.എൽ. എന്നിവയുമായി യോജിച്ചുള്ള പഠനങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്.

അകാലിക ഇലകൊഴിച്ചിലിനും ചീക്കിനും എതിരെ പ്രതിരോധശേഷി കൂടിയ റബ്ബറിനങ്ങളും ഗവേഷണകേന്ദ്രം വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇവയുടെ വിലയിരുത്തൽ വിവിധ മേഖലകളിൽ പുരോഗമിക്കുന്നു. ഇത്തരം രോഗപ്രതിരോധശേഷി കൂടിയ ഇനങ്ങൾ രോഗങ്ങളെ ചെറുക്കാനുള്ള ഉത്തമമായ മാർഗമാണ്. എന്നിരുന്നാലും രോഗങ്ങളുണ്ടാക്കുന്ന സൂക്ഷ്മാണുക്കൾക്ക് കാലക്രമേണ വ്യതിയാനം സംഭവിക്കാവുന്നതുകൊണ്ട് തുടർച്ചയായ ശ്രദ്ധ ഈ മേഖലയിൽ ആവശ്യമാണ്.

റബ്ബറിന്റെ വിവിധ രോഗങ്ങളെക്കുറിച്ച് ജനിതക രീതിയിലുള്ള പഠനങ്ങളും പുരോഗമിക്കുന്നു. സിറാഡുമായി (ഫ്രാൻസ്) സഹകരിച്ചുള്ള പഠനങ്ങളും ഗവേഷണകേന്ദ്രത്തിൽ നടക്കുന്നുണ്ട്. ഈ പഠനങ്ങളുടെ ഒരു ഘട്ടം ഏകദേശം പൂർത്തിയായെങ്കിലും ഫലപ്രാപ്തിയിലെത്താൻ ദീർഘകാലത്തെ ശ്രദ്ധാപൂർവ്വവും ചിട്ടയായുള്ളതുമായ ഗവേഷണം ആവശ്യമാണ്.

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ പൊടിക്കുമിൾ രോഗമാണ് കൂടുതലായി കാണപ്പെടുന്നത്. ഇപ്പോൾ വ്യാപകമായി കൃഷിചെയ്യുന്ന ആർആർഐഎം 600 അകാലിക ഇലകൊഴിച്ചിൽ വളരെ കൂടുതലുള്ള ഒരിനമാണ്. റബ്ബർകൃഷി കൂടുതൽ വ്യാപകമാകുന്ന സാഹചര്യത്തിൽ രോഗങ്ങൾ കൂടുതലായി വരാതിരിക്കാനുള്ള മുന്നൊരുക്കങ്ങൾ എടുക്കേണ്ടതാണ്.

വളരെ പരിസ്ഥിതിസൗഹൃദമായ ഒരു മരമാണ് റബ്ബറെന്ന് വിവിധ പഠനങ്ങളിലൂടെ ഗവേഷണകേന്ദ്രം തെളിയിച്ചിട്ടുള്ളതാണ്. പൊതുവായുള്ള ധാരണയ്ക്ക് വിപരീതമായി ഒരു റബ്ബർ മരം ഉപയോഗിക്കുന്ന ജലത്തിന്റെ അളവും മറ്റ് മരങ്ങളെ അപേക്ഷിച്ച് കുറവാണ്. റബ്ബർമരങ്ങളും തോട്ടങ്ങളിലെ മണ്ണും നല്ല തോതിൽ കാർബൺ ഡൈ ഓക്സൈഡ് സ്വാംശീകരിക്കുന്നുണ്ട്. തോട്ടങ്ങളിൽനിന്ന് കാർബൺ ഡൈ ഓക്സൈഡിന്റെ ബഹിർഗമനവും താരതമ്യേന കുറവാണ്. അതുകൊണ്ടു തന്നെ റബ്ബർ കൂടുതലായി കൃഷിചെയ്യുന്ന മേഖലകൾ 'കാർബൺ ന്യൂട്രൽ' ആകാനുള്ള സാധ്യത കൂടുതലാണ്. എന്നാൽ, റബ്ബർകൃഷിയുടെ ഈ സവിശേഷതകൾ കർഷകർക്ക് ഒരു സാമ്പത്തിക നേട്ടത്തിന് വിപണനം ചെയ്യാനുള്ള (carbon trading) ശ്രമങ്ങൾ ഇതുവരെ ഫലവത്തായിട്ടില്ല. സർക്കാരിന്റെ ഗ്രീൻ ക്രെഡിറ്റ് പദ്ധതിയിൽ റബ്ബർ ഉൾപെടുത്താൻ ഐ.സി.എഫ്.ആർ.ഇ. (ICFRE) വഴി ശ്രമങ്ങൾ നടത്തിയിരുന്നു. ഈ മേഖലയിൽ പ്രവർത്തിക്കുന്ന പല കമ്പനികളുമായി ചർച്ചകൾ പുരോഗമിക്കുന്നുണ്ടെങ്കിലും ചില സാങ്കേതികത്വങ്ങൾ കാരണം ഇതുവരെ ഈ പദ്ധതി കർഷകരിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല. എങ്കിലും പുതിയ ഇനങ്ങളുടെ കൂടിയ വളർച്ചാനിരക്ക്, റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷി ചെയ്തും മറ്റു സസ്യങ്ങൾ നിലനിർത്തിയും സാധ്യമായ അധിക കാർബൺ സ്വാംശീകരണം എന്നിവയെല്ലാം കണക്കിലെടുത്ത് യോജിച്ച ഒരു പദ്ധതി കർഷകരിലെത്തിക്കാം എന്നു തന്നെയാണ് പ്രതീക്ഷിക്കുന്നത്. •

(തുടരും)



ഡോ. ബിനോയ് കെ. കുര്യൻ
ഡെപ്യൂട്ടി ഡയറക്ടർ (മാർക്കറ്റിങ്)

# റബ്ബറിന് ശുഭകാലം

***(കർഷകശ്രീ മാസികയുടെ 2025 ഫെബ്രുവരി ലക്കത്തിലും മനോരമ ഓൺലൈനിലും പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ പുനഃപ്രസിദ്ധീകരണം)***

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ നിർണായകസ്ഥാനമുള്ള റബ്ബർ വിലത്തകർച്ചയിൽ നിന്ന് കരകയറുകയാണോ? 2024-ൽ തിരിച്ചുവരവിന്റെ സൂചന നൽകിയ ഈ വിളയ്ക്ക് പുതുവർഷം എന്താണ് കരുതിവെച്ചിരിക്കുന്നത്. റബ്ബർഷീറ്റിന്റെയും ലാറ്റക്സിന്റെയും വിപണി ഈ വർഷം എങ്ങനെയായിരിക്കുമെന്ന് അന്വേഷിക്കാം. അതിനു മുന്നോടിയായി കഴിഞ്ഞ വർഷത്തെ റബ്ബർ വിപണി വിലയിരുത്തേണ്ടതുണ്ട്.

## പ്രതീക്ഷ നൽകിയ 2024

പൊതുവെ ഷീറ്റുറബ്ബറിന്റെ (ആർ.എസ്.എസ്. 4) വില സ്ഥിരമായി ഉയർച്ചയുടെ പാതയിലായിരുന്നു പോയ വർഷം. നിരന്തരം വില കയറിയിറങ്ങിയ 2023-ൽ സ്ഥിതി നേരെ വിപരീതവും. ബാങ്കോക്ക് വിപണിയുടെ ചുവടുപിടിച്ച് കഴിഞ്ഞവർഷം ജനുവരിയിൽ വില വർധിച്ചുതുടങ്ങി. 2024 ഏപ്രിലിലും മേയ് പകുതി വരെയും വിലസ്ഥിരത തുടർന്നു. എന്നാൽ, മേയ് പകുതി മുതൽ ക്രമമായി ഉയർന്ന റബ്ബർവില ജൂണിൽ 200 രൂപയെന്ന കടമ്പ കടന്നു. 12 വർഷത്തെ ഇടവേളയ്ക്കുശേഷമാണ് അതുണ്ടായത്. കഴിഞ്ഞ വർഷം ആഗസ്റ്റിൽ റബ്ബർ സർവകാല റെക്കോർഡ് വിലയായ 247 രൂപയിലെത്തി. ഏപ്രിലിലെ കഠിനമായ ഉഷ്ണതരംഗവും തുടർന്ന് റെയിൻഗാർഡിങ്ങിന് സാവകാശം നൽകാതെ മേയ് മാസത്തിലെത്തിയ മൺസൂണും മൂലം ഉത്പാദനം കുറഞ്ഞതാണ് വില കുത്തനെ ഉയർത്തിയത്. 2023 ആഗസ്റ്റിൽ പ്രതിമാസ ശരാശരി വില 147.24 ആയിരുന്നത് 2024 ആഗസ്റ്റിൽ 237.54 ആയി. എന്നാൽ, 247 രൂപയിലെത്തിയ റബ്ബർവില പിന്നിട് തുടർച്ചയായി താഴ്ന്ന് ഇപ്പോൾ കിലോയ്ക്ക് 190 രൂപയെ ചുറ്റിപ്പറ്റി നിൽക്കുകയാണ്. മഴക്കാലത്തിനു ശേഷം ആഭ്യന്തരവിപണിയിൽ റബ്ബർ ലഭ്യത വർധിച്ചതും വൻതോതിലുള്ള ഇറക്കുമതിയുമാണ് ഈ പതനത്തിനു കാരണം.



ഷീറ്റുറബ്ബറിന്റെ ചുവടുപിടിച്ചാണ് ലാറ്റക്സ് വിലയും നീങ്ങിയത്. 2024 ജനുവരി മുതൽ മാർച്ച് വരെ ഉയർന്നു നിന്ന ലാറ്റക്സ് വില ഏപ്രിൽ, മേയ് മാസങ്ങളിൽ താഴേക്കിറങ്ങി. വിപണി ഉയർന്നും താഴ്ന്നും നിന്ന 2023-ൽ നിന്നു വിഭിന്നമായിരുന്നു കാര്യങ്ങൾ. ജൂൺ, ജൂലൈ മാസങ്ങളിൽ ലാറ്റക്സ് വില കുത്തനെ ഉയർന്ന് യഥാക്രമം 141.85 രൂപയിലും 162.33 രൂപയിലുമെത്തി. റെയിൻ ഗാർഡിങ് മുടങ്ങിയതും മഴ നേരത്തേ എത്തിയതും മൂലം ലാറ്റക്സ് ഉത്പാദനം കുറഞ്ഞതുതന്നെ ഈ വർധനയ്ക്കു പിന്നിലും. എന്നാൽ, തുടർന്നുള്ള മാസങ്ങളിൽ താഴ്ന്നു തുടങ്ങിയ വില ഇപ്പോൾ 122.60 രൂപ നിലവാരത്തിലാണ്. മഴക്കാലത്തിനുശേഷം ലാറ്റക്സ് ലഭ്യത കൂടിയതും ഷീറ്റ് ഉത്പാദിപ്പിച്ചിരുന്ന കർഷകരിൽ ഒരു വിഭാഗം ലാറ്റക്സ് ഉത്പാദനത്തിലേക്കു മാറിയതുമാണ് വില താഴാനിടയാക്കിയത്.

### ഇറക്കുമതിയും കയറ്റുമതിയും

പോയ വർഷം നവംബർ വരെ 5,39,290 മെട്രിക് ടൺ പ്രകൃതിദത്തറബ്ബർ ഇന്ത്യ ഇറക്കുമതി ചെയ്തു. 2023-ൽ ഇത് 4,81,709 ടൺ മാത്രമായിരുന്നു. 11.95 ശതമാനം ഇറക്കുമതി കൂടി. ആഗസ്റ്റ് മുതൽ ഒക്ടോബർ വരെയാണ് വൻതോതിൽ ഇറക്കുമതി നടന്നത്. ആഗസ്റ്റിൽ 69,820 ടണ്ണും സെപ്റ്റംബറിൽ 74,339 ടണ്ണും ഒക്ടോബറിൽ 63,795 ടണ്ണും. 2023-ൽ 1,59,900 ടൺ കോംപൗണ്ടഡ് റബ്ബർ








ഇറക്കുമതി ചെയ്ത ഇന്ത്യ 2024 സെപ്റ്റംബർ വരെ മാത്രം 1,55,324 ടൺ ഇറക്കുമതി ചെയ്തു. ആസിയാൻ രാജ്യങ്ങളിൽനിന്നുള്ള കോംപൗണ്ടഡ് റബ്ബർ ഇറക്കുമതിക്ക് തീരുവ തുച്ഛമായതിനാൽ (0-5%) പ്രകൃതിദത്ത റബ്ബറിനെക്കാൾ കൂടുതലായി അത് ഇറക്കുമതി ചെയ്യപ്പെടുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. വരും മാസങ്ങളിലും ഈ സ്ഥിതി തുടർന്നേക്കും.

ഇറക്കുമതിയെ കൂടുതലായി ആശ്രയിക്കുന്നുണ്ടെങ്കിലും ചെറിയ തോതിലുള്ള കയറ്റുമതിയും ഇവിടെ നിന്നുണ്ട്. രാജ്യാന്തര വില ആഭ്യന്തര വിപണിയിലെ വിലയെക്കാൾ ഗണ്യമായി ഉയരുമ്പോഴാണ് ഇത് നടക്കുക. 2023-ൽ 4,260 ടൺ പ്രകൃതിദത്തറബ്ബർ കയറ്റുമതി ചെയ്ത ഇന്ത്യ 2024-ൽ നവംബർ വരെ 4,089 ടൺ കയറ്റുമതി നടത്തി. ഇക്കഴിഞ്ഞ നവംബറിൽ മാത്രം 459 ടൺ ആണ് കപ്പൽ കയറിയത്. വിയറ്റ്നാം, മലേഷ്യ, തായ്ലാൻഡ് തുടങ്ങിയ ഉത്പാദകരാജ്യങ്ങളെക്കാൾ ഇന്ത്യൻ വിപണിയിൽ വില താഴ്ന്നതാണ് കാരണം. നേപ്പാൾ, ഒമാൻ, യു.എ.ഇ., ശ്രീലങ്ക എന്നിവിടങ്ങളിലേക്കുണ്ടായ ഈ കയറ്റുമതി ഏറിയ പങ്കും ലാറ്റക്സ് രൂപത്തിലായിരുന്നു.



### രാജ്യാന്തര വിപണി 2025

പുതുവർഷത്തിലും റബ്ബറിന് ഉയർന്ന ഡിമാൻഡും മികച്ച വിലയും പ്രതീക്ഷിക്കാം. വാഹനനിർമാണ വ്യവസായത്തിലും ആരോഗ്യമേഖലയിലുമാവും ഏറ്റവുമധികം ഡിമാൻഡ്. ചൈനയുടെ സാമ്പത്തിക ഉത്തേജക പാക്കേജുകൾ, രാജ്യാന്തരതലത്തിലെ മികച്ച പണലഭ്യത, ചരക്കുനീക്കത്തിന് തായ്ലാൻഡും ഇന്തോനേഷ്യയും പോലുള്ള രാജ്യങ്ങളിലെ തടസ്സങ്ങൾ എന്നിവയൊക്കെ ഡിമാൻഡ് ഉയർത്തും. ചൈനയിലെ ബ്ലോക്കുറബ്ബർ ശേഖരം 13 മാസത്തിനുള്ളിലെ ഏറ്റവും കുറഞ്ഞ അളവിലാണെന്നത് ശ്രദ്ധേയം. അവിടെ വ്യവസായികൾ രാജ്യാന്തരവിപണിയെക്കാൾ ആഭ്യന്തരവിപണിയെ ആശ്രയിക്കുന്നതുകൊണ്ടാണിത്. ഈ സ്ഥിതി തുടർന്നേക്കും.

രാജ്യാന്തരവിപണിയിൽ മുൻപില്ലാത്തവിധം പ്രകൃതിദത്തറബ്ബറിന് വില ഉയരുകയാണ്. ചരക്കുനീക്കത്തിലെ പ്രശ്നങ്ങളും വർധിക്കുന്ന ഡിമാൻഡുമാണ് കാരണം. ഇക്കൊല്ലം കഴിഞ്ഞാലും സ്ഥിതി തുടർന്നേക്കും. പുത്തൻ ഉത്പാദനശക്തിയായി ഐവറികോസ്റ്റ് ഉയർന്നുവരുന്നുണ്ട്. കൊക്കോ കർഷകർ മെച്ചപ്പെട്ട ആദായം പ്രതീക്ഷിച്ച് റബ്ബറിലേക്കു ചുവടുമാറ്റുന്നതാണ് കാരണം. എന്നാൽ, ലോകവിപണിയിലെ ലഭ്യതക്കുറവ് പരിഹരിക്കാൻ അവരുടെ ഉത്പാദനം മതിയാവില്ല. ഡിമാൻഡും ലഭ്യതയും തമ്മിലുള്ള അന്തരം തന്നെയാണ് ഇപ്പോഴത്തെ വിലവർധനയ്ക്ക് പിന്നിലെന്നതിനാൽ വർഷം മുഴുവൻ റബ്ബർവില ഉയർന്നുനിന്നേക്കും. ഉപഭോഗവർധനയ്ക്കനുസരിച്ച് ഉടനെങ്ങും ഉത്പാദനം വർധിക്കാനിടയില്ലെന്നതിനാൽ കമ്മി വർധിക്കുക തന്നെ ചെയ്യും. ഉത്പാദനക്കമ്മിക്കൊപ്പം കാലാവസ്ഥാമാറ്റം മൂലമുള്ള പ്രശ്നങ്ങളും വിളപരിക്രമണങ്ങളുമൊക്കെ ചേരുമ്പോൾ സമീപഭാവിയിൽ റബ്ബർവില ഉയരങ്ങളിൽ തന്നെ തുടരുമെന്നാണ് മനസ്സിലാക്കേണ്ടത്.

ശ്രദ്ധേയമായ മറ്റു ചില മാറ്റങ്ങളും റബ്ബർവിപണിയിൽ കാണാം. സുസ്ഥിരവും ഉത്തരവാദിത്തപൂർണവുമായ

# ഷീറ്റുറബ്ബറിന് പ്രിയമേറും



ഇന്ത്യയിലും റബ്ബറുത്പാദനവും ഉപഭോഗവും ഉയരുകയാണ്. 8,57,000 ടൺ ഉത്പാദനവും 14,16,000 ടൺ ഉപഭോഗവുമാണ് 2023-24-ൽ രേഖപ്പെടുത്തിയത്. 2024-25-ൽ ഇത് 8,75,000 ടണ്ണും 14,25,000 ടണ്ണുമായി ഉയരുമെന്നാണ് റബ്ബർബോർഡിന്റെ നിഗമനം. ഒപ്പം ഇൻറോഡ് പദ്ധതി പ്രകാരം വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും പശ്ചിമബംഗാളിലും കൃഷിക്കായി കണ്ടെത്തിയ സ്ഥലങ്ങളിലെ ഉത്പാദനവും നിലവിലുള്ള മരങ്ങളുടെ ഉത്പാദനക്ഷമതയിലുണ്ടാകുന്ന വർധനയും കൂടി പരിഗണിക്കാം. ഉത്പാദനവർധനയ്ക്ക് തീവ്രശ്രമം നടക്കുമ്പോഴും കമ്മി പെരുകുന്നുവെന്നതാണ് യാഥാർഥ്യം. ഉയർന്ന വിലയ്ക്ക് ഇറക്കുമതി നടത്താൻ ഇത് രാജ്യത്തെ നിർബന്ധിതമാക്കുന്നു. ലഭ്യതക്കുറവിനൊപ്പം പ്രതികൂല കാലാവസ്ഥയും ചേരുമ്പോൾ ഇവിടെയും വില ഉയർച്ചയുടെ പാതയിൽ തന്നെയാവും.

സാധാരണഗതിയിൽ രാജ്യാന്തരവിപണിയുടെ ചുവടുപിടിച്ചാണ് ആഭ്യന്തരവിപണിയും നീങ്ങുക. എല്ലാ മേഖലകളിലെയും ഉത്പാദനക്കമ്മി മൂലം 2025-ൽ രാജ്യാന്തരവിപണി നേരിട്ടേക്കാവുന്ന വിലക്കയറ്റം ഇന്ത്യൻ വിപണിയിലും പ്രതിഫലിക്കും. ഉപഭോഗത്തിന് ആനുപാതികമായി ഉത്പാദനം കൂടുന്നില്ലെന്ന ലളിതമായ കാരണം മാത്രമാണ് ഇതിനു പിന്നിൽ. കർഷകർക്ക് ഇതൊരു ശുഭവാർത്ത തന്നെ. വാഹനനിർമാണരംഗത്തെ ആവശ്യകത വർധിക്കുന്നതിനാൽ ഷീറ്റുറബ്ബറിനും വലിയ ഡിമാൻഡ് പ്രതീക്ഷിക്കാം. വില കൂടാനും സാധ്യതയേറും. ഈ പ്രവണത തുടരുകയാണെങ്കിൽ ലാറ്റക്സ് ഉത്പാദനത്തിലേക്ക് മാറിയവർക്ക് ഷീറ്റിലേക്ക് മടങ്ങേണ്ടിവരും. ലാറ്റക്സിന്റെ ഡിമാൻഡും കൂടുന്നുണ്ടെന്നത് ശരിതന്നെ. എന്നാൽ, 70 ശതമാനം ഉപഭോഗം നടക്കുന്ന ടയർ മേഖലയ്ക്കാവശ്യമായ ഷീറ്റുറബ്ബർ തന്നെയാവും കൂടുതൽ നേട്ടമുണ്ടാക്കുക.

സമ്പദ്‌വ്യവസ്ഥയിലെ ഉണർവ് റബ്ബർ ഉപഭോഗം ഗണ്യമായി വർധിപ്പിക്കുന്നുണ്ട്. കയ്യുറകൾ, വ്യാവസായികോത്പന്നങ്ങൾ, കൺസ്യൂമർ ഉത്പന്നങ്ങൾ എന്നിവയിലൊക്കെ കൂടുതലായി റബ്ബർ വേണ്ടിവരുന്നുണ്ട്. വാഹനനിർമാണമേഖലയോട് റബ്ബർവിപണിക്കുള്ള ആശ്രിതത്വം കുറയ്ക്കാൻ ഇത് ഉപകരിക്കും.

സർക്കാർ പ്രോത്സാഹനത്തിന്റെ കരുത്തിൽ പരമ്പരാഗതമേഖലയിൽനിന്ന് വടക്കുകിഴക്കൻ മേഖലയിലേക്ക് റബ്ബറുത്പാദനം മാറാനുള്ള സാധ്യതയും ഏറെയാണ്. ദേശീയതലത്തിൽ വടക്കുകിഴക്കൻ മേഖലയുടെ വിഹിതം വർധിപ്പിക്കാനുള്ള നോർത്ത് ഈസ്റ്റ് റബ്ബർ മിഷൻ ഊർജിതം. ഏഴ് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും പശ്ചിമബംഗാളിലുമായി രണ്ടുലക്ഷം ഹെക്ടറിൽ കൃഷി വ്യാപിപ്പിക്കുകയാണ് കേന്ദ്രസർക്കാരിന്റെ ഇൻറോഡ് പദ്ധതിയുടെ ലക്ഷ്യം. ഇതിൽ 1,25,000 ഹെക്ടറിൽ കൃഷി ആരംഭിച്ചുകഴിഞ്ഞു. വരും വർഷങ്ങളിൽ രാജ്യത്തെ റബ്ബറുത്പാദനത്തിൽ ഇത് നിർണായക ഘടകമാകും. രാജ്യത്തിന്റെ റബ്ബർമാപ്പിൽ കേരളത്തിന്റെ വിഹിതം സങ്കോചിക്കുമെന്നു സാരം. •

ഉത്പാദനമേഖലയോടുള്ള ആഭിമുഖ്യമാണ് അതിൽ പ്രധാനം. സാമൂഹിക, പാരിസ്ഥിതിക മേഖലകളിലെ ആശങ്കകൾ പങ്കുവയ്ക്കുന്ന ഈ പ്രവണത നല്ല മാറ്റങ്ങൾക്കു വഴിതെളിക്കും. റബ്ബർവ്യവസായത്തിൽ മാലിന്യത്തോത് കുറക്കേണ്ടതിന്റെ ആവശ്യകതയും പരിസ്ഥിതി സൗഹൃദ ഉത്പന്നങ്ങൾക്കുള്ള ഡിമാൻഡുമൊക്കെ പ്രകൃതിദത്തറബ്ബർവിപണിയെ മുന്നോട്ടു നയിക്കുമെന്നുറപ്പാണ്. നിർമാണമേഖലയിലും റബ്ബറിന് ഉപയോഗ



സാധ്യത വലിയതോതിൽ വർധിച്ചുവരുന്നതായി കാണാം.

ആഗോളറബ്ബറുത്പാദനത്തിന്റെ 70 ശതമാനവും നിലവിൽ തായ്‌ലാൻഡ്, ഇന്തോനേഷ്യ, മലേഷ്യ തുടങ്ങിയ തെക്കുകിഴക്കൻ രാജ്യങ്ങളിലാണെങ്കിലും ആഫ്രിക്കൻ ഭൂഖണ്ഡത്തിലേക്ക് അതു വ്യാപിക്കുകയാണിപ്പോൾ. ഐവറികോസ്റ്റ്, ഘാന, കാമറൂൺ, ലൈബീരിയ തുടങ്ങിയ രാജ്യങ്ങളിലാണ് കൂടുതലായി റബ്ബർകൃഷിയുള്ളത്. അവിടങ്ങളിലെ കാലാവസ്ഥ റബ്ബറിന് യോജിച്ചതുമാണ്. ഈ മേഖലയിലെ റബ്ബറുത്പാദനത്തിൽ ഒന്നാം സ്ഥാനക്കാരായ ഐവറികോസ്റ്റ് അവരുടെ ഉത്പാദനത്തിന്റെ സിംഹഭാഗവും കയറ്റുമതി ചെയ്യുകയാണ്. കാലാവസ്ഥ മാത്രമല്ല, വിശാലമായ വനേതരഭൂമിയുടെ ലഭ്യതയും കുറഞ്ഞ കൂലിച്ചെലവുമൊക്കെ ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ റബ്ബർകൃഷിക്ക് കരുത്തുപകരുന്നു. റബ്ബർകൃഷി വ്യാപകമാകുന്നതനുസരിച്ച് അവിടെ റബ്ബർവ്യവസായങ്ങളും വന്നേക്കാം. ഈ സാഹചര്യത്തിൽ അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളുമൊക്കെ ആഫ്രിക്കൻ റബ്ബറിന് മുൻഗണന നൽകാൻ സാധ്യതയുണ്ട്. വരും ദശകങ്ങളിൽ ആഫ്രിക്കൻ രാജ്യങ്ങളാവും രാജ്യാന്തര റബ്ബർവിപണിയിലെ താരങ്ങളെന്നു കരുതാം. •






ബി. ശ്രീകുമാർ
ഡെപ്യൂട്ടി ഡയറക്ടർ (പി. ആന്റ് പി.ആർ.) ഇൻ–ചാർജ്

# വ്യത്യസ്തമായ ഒരു സർവീസ് സ്റ്റോറി

റബ്ബർബോർഡിൽ എക്സിക്യൂട്ടീവ് ഡയറക്ടർ, ചെയർമാൻ എന്നീ പദവികളിലിരുന്ന ഡോ. കെ.എൻ . രാഘവന്റെ 'റബ്ബർബോർഡ് മിഥ്യയും യാഥാർത്ഥ്യവും' എന്ന പുസ്തകം, തന്റെ നാലുവർഷക്കാലത്തെ ഔദ്യോഗിക ജീവിതത്തിലെ അനുഭവങ്ങളും റബ്ബർബോർഡ് എന്ന കേന്ദ്രസർക്കാർ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദീകരണങ്ങളും അടങ്ങുന്നതാണ്. മുൻ ഐ.ആർ.എസ്. ഉദ്യോഗസ്ഥനായ ഡോ. രാഘവന്റെ 34 വർഷം നീണ്ട ഔദ്യോഗികജീവിതത്തിൽ ബോർഡിലെ സർവീസ് കാലയളവ് സംഭവബഹുലവും എന്നാൽ സംതൃപ്തി നൽകുന്നതുമായിരുന്നെന്ന് പുസ്തകത്തിന്റെ താളുകളിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കും.

ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോകുന്നതിന് മുമ്പ് റബ്ബർനിയമം പാസാക്കിയതിനെക്കുറിച്ചും റബ്ബർബോർഡിന്റെ ആസ്ഥാനം കോട്ടയത്ത് വരാനുള്ള കാരണത്തെക്കുറിച്ചുമൊക്കെയായി പലർക്കും അറിയാത്ത പല കാര്യങ്ങളും പുസ്തകത്തിലുണ്ട്. കർഷകർക്ക് റബ്ബർബോർഡുമായുള്ള അടുത്ത ബന്ധം എത്ര മാത്രമെന്ന് വായനക്കാർക്ക് മനസ്സിലാക്കാൻ സാധിക്കുന്നതിനൊപ്പം, റബ്ബർകൃഷിക്കും കർഷകർക്കും റബ്ബർബോർഡിന്റെ സംഭാവനകൾ, റബ്ബറുത്പാദകസംഘങ്ങളുടെ രൂപവത്കരണം എന്നിവയെല്ലാം പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്. ഡോ. രാഘവൻ കേരളസർക്കാർ സ്ഥാപനമായ റബ്ബർമാർക്കിൽ മാനേജിങ് ഡയറക്ടറായി പ്രവർത്തിച്ചിരുന്ന കാലത്തെ അനുഭവങ്ങളും പുസ്തകത്തിൽ വിവരിക്കുന്നുണ്ട്.

184 പേജുകളുള്ള ഈ പുസ്തകത്തിന് 13 അദ്ധ്യായങ്ങളാണുള്ളത്. അതിൽ അദ്ദേഹം റബ്ബർബോർഡിലേക്ക് വരാനുണ്ടായ സാഹചര്യം, കോവിഡ് അതിജീവനം, വടക്കുകിഴക്കൻ മേഖലയിലെ പുതിയ ചുവടുവയ്പ്, ഓൺലൈൻ റബ്ബർവിപണിയായ എം റൂബ്, റബ്ബർ വിലയെ സ്വാധീനിക്കുന്ന കാര്യങ്ങൾ, റബ്ബർനിയമം, ജനിതകമാറ്റം വരുത്തിയ റബ്ബർതൈകൾ, വാണിജ്യമന്ത്രാലയവുമായുള്ള ബന്ധം, ഈ കാലയളവിൽ സർക്കാർ നൽകിയ മറ്റ് ഉത്തരവാദിത്വങ്ങൾ; സഹപ്രവർത്തകർ, കർഷകർ, റബ്ബർമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രതിനിധികൾ എന്നിവരുമായുള്ള ഊഷ്മളബന്ധം എന്നിവയെല്ലാം വിശദീകരിക്കുന്നുണ്ട്.

പല കാരണങ്ങളാൽ ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് മാന്ദ്യം സംഭവിച്ച കാലഘട്ടത്തിലായിരുന്നു അദ്ദേഹം സ്ഥാപനത്തിന്റെ സാരഥ്യം ഏറ്റെടുത്തത്. കൂടാതെ, ലോകം മുഴുവൻ നിശ്ചലമാക്കിയ കോവിഡ് മഹാമാരിയും ഈ കാലഘട്ടത്തിലായിരുന്നു. ഈ വക പ്രതിബന്ധങ്ങൾക്കിടയിലും ബോർഡിന്റെ പ്രവർത്തനങ്ങൾ എങ്ങനെ മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞു




*റബ്ബർബോർഡ് - മിഥ്യയും യാഥാർത്ഥ്യവും എന്ന പുസ്തകത്തിന്റെ പ്രകാശനവേളയിലെ ദൃശ്യം. ഇടത്തു നിന്ന് ചിന്മയൻ (റബ്ബർ കർഷകൻ), റബ്ബർബോർഡ് മുൻ ചെയർമാൻ പി.സി. സിറിയക് ഐ.എ.എസ്. (റിട്ട.), എം.കെ. മുനീർ (എം.എൽ.എ.), ഗ്രന്ഥകർത്താവും റബ്ബർബോർഡ് മുൻ എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഡോ. കെ.എൻ. രാഘവൻ ഐ.ആർ.എസ്. (റിട്ട.), റബ്ബർബോർഡ് മുൻ ചെയർമാൻ ഷീല തോമസ് ഐ.എ.എസ്. (റിട്ട.), റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്.*

എന്നത് പുസ്തകത്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ബോർഡിന്റെ പദ്ധതികളും കാലാകാലങ്ങളിൽ റബ്ബർ ബോർഡ് നൽകിയ സേവനങ്ങളും ഗുണഭോക്താക്കളിൽ എത്രമാത്ര സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്നതിന് തെളിവുമാണ് ഈ പുസ്തകം.

റബ്ബറിന്റെ വില നിർണയിക്കുന്നത് വിപണി തന്നെയാണ്. എങ്കിലും ഇക്കാര്യത്തിൽ തെറ്റിദ്ധാരണകൾ പരക്കെയുണ്ട്. ഇതിനെക്കുറിച്ച് പുസ്തകത്തിൽ വിശദമായി പ്രതിപാദിക്കുന്നു. ഡബ്ല്യു.ടി.ഒ., ആസിയാൻ തുടങ്ങിയ കരാറുകൾ റബ്ബർവിപണിയെ എത്രമാത്രം ബാധിച്ചു എന്നതിനെക്കുറിച്ചുള്ള വ്യക്തമായ വിശദീകരണം ഏത് സാധാരണക്കാരനും മനസ്സിലാകുന്ന ലളിതമായ ഭാഷയിൽ പുസ്തകത്തിൽ നൽകുന്നുണ്ട്.

കോവിഡ് മഹാമാരിക്കാലത്ത് റബ്ബർബോർഡിന്റെ പ്രവർത്തനങ്ങളെ മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചതിനെക്കുറിച്ചും അതിന് തന്റെ കൂടെയുള്ള ഉദ്യോഗസ്ഥർ നൽകിയ സഹകരണത്തെക്കുറിച്ചും പുസ്തകത്തിൽ പ്രതിപാദിക്കുന്നു. ഓൺലൈൻ റബ്ബർവിപണി, റീച്ച് ലാബ്, വടക്കുകിഴക്കൻ മേഖലയിൽ ടയർ വ്യവസായികളുമായി സഹകരിച്ചുകൊണ്ടുള്ള കൃഷിവികസനം എന്നിവയുടെയെല്ലാം തുടക്കത്തെക്കുറിച്ച് പുസ്തകത്തിൽ വിവരിക്കുന്നുണ്ട്.

കോവിഡ് കാലത്ത് സാഹസികമായി വടക്കുകിഴക്കൻ മേഖലയിലേക്ക് ഭാരതപ്പുഴ ബ്രഹ്മപുത്ര എക്സ്പ്രസ് എന്ന് നാമകരണം ചെയ്ത ട്രെയിനിന്റെ 15 ബോഗികളിലായി റബ്ബർതൈകൾ തിരുവല്ല റെയിൽവെ സ്റ്റേഷനിൽ നിന്ന് ഗുവഹതിക്ക് കയറ്റിയയച്ചതിനെക്കുറിച്ചും തുടർന്ന് 14 പ്രാവശ്യം കൂടി തൈകൾ ഇപ്രകാരം അയച്ച് പദ്ധതിക്ക് തുടക്കം നൽകിയതിനെക്കുറിച്ചും ദീർഘമായി വിവരിച്ചിട്ടുണ്ട്. പന്നീട് വടക്കുകിഴക്കൻ മേഖലയിൽ ആവശ്യത്തിന് നഴ്സറികൾ സ്ഥാപിതമായി. രണ്ടുലക്ഷം ഹെക്ടർ സ്ഥലത്ത് തൈകൾ നടുക എന്ന ജോലി വിജയകരമായി മുന്നോട്ടു കൊണ്ടുപോകുന്ന ഇപ്പോഴുള്ള ഉദ്യോഗസ്ഥരെ അദ്ദേഹം പുസ്തകത്തിൽ അഭിനന്ദിക്കുന്നുമുണ്ട്.

ഈ കാലയളവിലെ വാണിജ്യമന്ത്രാലയത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അവിടെ മാറി മാറി വന്ന ഉദ്യോഗസ്ഥരുമായുള്ള അദ്ദേഹത്തിന്റെ ബന്ധങ്ങളെക്കുറിച്ചും ടീബോർഡ്, എം.പി.ഇ.ഡി.എ. (MPEDA) എന്നീ സ്ഥാപനങ്ങളുടെ സാരഥ്യം ഏറ്റെടുക്കേണ്ടിവന്നതിനെക്കുറിച്ചും അവിടുത്തെ അനുഭവങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നു.

പൊതുജനസേവനത്തോടും നൂതന ആശയങ്ങളോടുമുള്ള ഒരു സിവിൽ സർവ്വീസ് ഉദ്യോഗസ്ഥന്റെ പ്രതിബദ്ധത ഈ സർവീസ് സ്റ്റോറിയിൽ പ്രതിഫലിക്കുന്നു. കൂടാതെ ലളിതമായ അവതരണവും അതോടൊപ്പം, കൂടെയുണ്ടായിരുന്ന എല്ലാ തട്ടിലുമുള്ള ഉദ്യോഗസ്ഥരുടെ സഹകരണത്തെയും പ്രവർത്തനങ്ങളെയും പറ്റി കൃതജ്ഞതാപൂർവ്വം എഴുതിയിട്ടുള്ളതും പുസ്തകത്തെ ആകർഷകവും വ്യത്യസ്തവുമായ അനുഭവമാക്കി മാറ്റുന്നു.

ഇന്ത്യൻ റവന്യൂ സർവീസ് ഉദ്യോഗസ്ഥനായിരുന്ന ഡോ കെ.എൻ. രാഘവൻ തന്റെ 34 വർഷം നീണ്ടുനിന്ന ഔദ്യോഗികജീവിതത്തിൽ നിരവധി സ്ഥാനങ്ങൾ വിഹിച്ചിട്ടുണ്ട്. നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ്, ഇൻഡയറക്റ്റ് ടാക്സസ് ആന്റ് നർക്കോട്ടിക്സ് ഡയറക്ടർ ജനറൽ പദവിയിൽ ആണ് അദ്ദേഹം വിരമിച്ചത്. അന്താരാഷ്ട്ര ക്രിക്കറ്റ് അമ്പയറും ആയിരുന്നു. റബ്ബർബോർഡ് - മിഥ്യയും യാഥാർത്ഥ്യവും എന്ന പുസ്തകം കൂടാതെ ഏഴു പുസ്തകങ്ങൾ കൂടി അദ്ദേഹം രചിച്ചിട്ടുണ്ട്.

**റബ്ബർബോർഡ് - മിഥ്യയും യാഥാർത്ഥ്യവും**
കെ.എൻ. രാഘവൻ
കറന്റ് ബുക്സ്
വില: 250 രൂപ





എലിസബത്ത് വി. ചെറിയാൻ
അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ

## റബ്ബർടാപ്പിങ് –
# അൽപം ശ്രദ്ധിച്ചാൽ അധികം നേട്ടം

റബ്ബർമരങ്ങളുടെ പട്ടയിൽ നിയന്ത്രിതമായി മുറിവേൽപിച്ച് റബ്ബർപാൽ ശേഖരിക്കുന്ന പ്രക്രിയയാണ് റബ്ബർടാപ്പിങ്. നിയന്ത്രണങ്ങൾ എന്തെല്ലാമെന്ന് തോട്ടമുടമയും ടാപ്പറും ഒരുപോലെ അറിഞ്ഞിരുന്നെങ്കിൽ മാത്രമേ മരത്തിന്റെ ആരോഗ്യത്തിനും വളർച്ചയ്ക്കും കോട്ടം തട്ടാതെ ഉയർന്ന ഉത്പാദനക്ഷമതയോടെ ദീർഘകാലം തോട്ടത്തിൽനിന്ന് ആദായമെടുക്കാൻ കഴിയുകയുള്ളൂ. ടാപ്പിങ്ങിനായി മരങ്ങൾ തെരഞ്ഞെടുക്കുന്നത് മുതൽ ടാപ്പിങ് ആരംഭിക്കേണ്ട ഉയരം, സമയം; വെട്ടുചാലിന്റെ ചെരിവ്, നീളം; പട്ടയെടുക്കേണ്ട ആഴം, കനം; ടാപ്പിങ്ങിന്റെ ഇടവേള തുടങ്ങി എല്ലാ കാര്യത്തിലും നിയന്ത്രണങ്ങൾ പാലിക്കേണ്ടത് അനിവാര്യമാണ്. പുതുപ്പട്ടയുടെ ശരിയായ വളർച്ചയ്ക്കും കുറ്റമറ്റ രീതിയിൽ ടാപ്പുചെയ്യുന്നതിനും ഉയർന്ന ഉത്പാദനത്തിനും ഈ നിയന്ത്രണങ്ങൾ ആവശ്യമാണ്.

മാർച്ച്–ഏപ്രിൽ മാസങ്ങളാണ് നമ്മുടെ നാട്ടിൽ പുതുതായി ടാപ്പിങ് ആരംഭിക്കുന്നതിന് ഉചിതമായ സമയം. വേനൽകാലത്ത് മരങ്ങൾക്ക് വിശ്രമം നൽകേണ്ടിവന്നിട്ടുണ്ടെങ്കിൽ ആ മരങ്ങളിലും ഈ സമയത്ത് ടാപ്പിങ് പുനരാരംഭിക്കാം.

### തോട്ടങ്ങൾ ടാപ്പിങ്ങിന് തയ്യാറാകുന്നത് എപ്പോൾ?

റബ്ബർമരങ്ങൾ ശരിയായി നട്ടു പരിപാലിച്ചാൽ സാധാരണമായി ആറേഴുവർഷം കഴിയുമ്പോൾ ടാപ്പിങ്ങിന് പാകമാകും. എന്നാൽ മരത്തിന്റെ പ്രായമല്ല, മറിച്ച് വണ്ണമാണ് ടാപ്പിങ് തുടങ്ങാനുള്ള മാനദണ്ഡം. ബഡ്ഡുമരങ്ങളിൽ ഒട്ടുബന്ധത്തിൽ നിന്ന് 125 സെ.മീ. ഉയരത്തിൽ 50 സെ.മീ. വണ്ണമെത്തിയാൽ ടാപ്പുചെയ്യാം. ആർആർഐഐ 400 പരമ്പരയിൽ ഉൾപെട്ട ഇനങ്ങളാകട്ടെ 125 സെ.മീ. ഉയരത്തിൽ 50 സെ.മീ. വണ്ണമെത്തിയാലും ഏഴുവർഷം





*ടാപ്പിങ് തുടങ്ങുന്നതിനായി റബ്ബർമരങ്ങൾ മാർക്കുചെയ്യുന്നതിന്റെ ദൃശ്യങ്ങൾ*

പൂർത്തിയായശേഷം ടാപ്പിങ് ആരംഭിക്കുന്നതാണ് അഭികാമ്യം. ടാപ്പിങ് തുടങ്ങിക്കഴിഞ്ഞാൽ മരങ്ങളുടെ വളർച്ചാനിരക്ക് കുറയും. ഒരു തോട്ടത്തിലെ 70 ശതമാനം മരങ്ങൾ നിശ്ചിത വണ്ണമെത്തിയാൽ ടാപ്പിങ് ആരംഭിക്കാം. ഇപ്രകാരം ടാപ്പിങിന് പ്രായമായ മരങ്ങൾ മാത്രം മാർച്ച് -ഏപ്രിൽ മാസങ്ങളിൽ മാർക്കുചെയ്ത് ടാപ്പിങ് തുടങ്ങാം. മറ്റ് മരങ്ങളിൽ നിശ്ചിത വണ്ണമെത്തുന്ന മുറയ്ക്ക് അതിനടുത്ത സെപ്റ്റംബർ മാസത്തിൽ ടാപ്പിങ് തുടങ്ങാം.

### മരങ്ങൾ മാർക്ക് ചെയ്യുന്ന വിധം

അസ്സൽപട്ടയിലും പുതുപ്പട്ടയിലും 125 സെ.മീ. ഉയരത്തിലാണ് വെട്ടുചാൽ തുറക്കേണ്ടത്. റബ്ബർമരത്തിന്റെ പകുതി ചുറ്റളവിൽ മാത്രമേ ടാപ്പുചെയ്യാവൂ. ആദ്യ വെട്ടുചാൽ ഏതുവശത്തു തുറക്കണം എന്നതിന് പ്രത്യേക നിബന്ധനകൾ ഇല്ലെങ്കിലും മരങ്ങൾ നിൽക്കുന്ന വരികൾക്ക് സമാന്തരമാകുന്നത് ടാപ്പിങ്ങിന് സൗകര്യപ്രദമായിരിക്കും.

ടാപ്പിങ് തുടങ്ങാൻ തക്ക വണ്ണമെത്തിയ മരത്തിൽ ആദ്യമായി 125 സെ.മീ. ഉയരത്തിൽ മുൻകാന അടയാളപ്പെടുത്തുക. നീളമുള്ള ഒരു സ്കെയിൽ ഉപയോഗിച്ച് ഇവിടെ നിന്ന് താഴെ മരത്തിന്റെ ചുവട് വരെ ലംബമായി ഒരു വര വരയ്ക്കണം. ഈ വരയാണ് മുൻകാനയ്ക്ക് ആധാരം. പിന്നീട് ഈ വരയുടെ മുകൾ ഭാഗത്തെ മരത്തിന്റെ വണ്ണം അളന്ന് അതിന്റെ പകുതി കണക്കാക്കി മറുവശത്ത് ഒരു അടയാളമിടുക. അതുപോലെ ഒട്ടുബന്ധത്തിൽ നിന്ന് ഏകദേശം 30 സെ.മീ. (ഒരടി) മുകളിലെയും വണ്ണമളന്ന് വരയുടെ മറുഭാഗത്തായി പകുതി വണ്ണം അടയാളപ്പെടുത്തുക. മുകളിലും താഴെയുമുള്ള ഈ അടയാളങ്ങൾ കൂട്ടിമുട്ടത്തക്കവിധം കീഴ്മേൽ മറ്റൊരു നേർരേഖ കൂടി വരയ്ക്കുക. ഈ വരയാണ് പിൻകാനയ്ക്ക് ആധാരം. പിൻകാനയിലെ വര മുൻകാനവരയേക്കാൾ ഏകദേശം 30 സെ.മീ. അധികം മുകളിലേക്ക് നീട്ടി വരയ്ക്കണം.

റബ്ബർമരത്തിന്റെ പട്ടയ്ക്കുള്ളിൽ ഇടത് താഴെ നിന്ന് വലതുമുകളിലേക്ക് ഏകദേശം രണ്ടു മുതൽ ഏഴ് വരെ ഡിഗ്രി ചെരിഞ്ഞാണ് പാൽകുഴലുകൾ സ്ഥിതിചെയ്യുന്നത്. അതിനാൽ ഇടതുമുകളിൽ നിന്ന് വലതുതാഴേക്ക് വെട്ടുചാലുകൾ തുറക്കുമ്പോൾ കുടുതൽ പാൽകുഴലുകൾ മുറിയാനും കൂടുതൽ പാൽ ലഭിക്കാനും ഇടയാകും. ടാപ്പുചെയ്യുമ്പോൾ വെട്ടുചാലിൽ നിന്ന് പാൽ പുറത്തേക്ക് ഒഴുകി നഷ്ടപ്പെടാതിരിക്കാൻ വെട്ടുചാലിന് 30 ഡിഗ്രി ചെരിവ് നൽകണം. വെട്ടുചാലിന്റെ ചെരിവ് അതിലും കൂടിയിരുന്നാൽ മുൻകാന വേഗം തറനിരപ്പെത്തുകയും ചുവടുഭാഗത്ത് ത്രികോണാകൃതിയിൽ ടാപ്പുചെയ്യാത്ത പട്ട ഉപേക്ഷിക്കേണ്ടി വരുകയും ചെയ്യും. ചെരിവ് കുറഞ്ഞുപോയാൽ പാൽ വെട്ടുചാലിൽ നിന്ന് കവിഞ്ഞൊഴുകാൻ ഇടയാകും.

വെട്ടുചാലിന്റെ ചെരിവ് കൃത്യമായി അടയാളപ്പെടുത്തുന്നതിന് 30 ഡിഗ്രി ചെരിവുള്ള ടെംപ്ലേറ്റ് ഉപയോഗിക്കണം. ടാപ്പിങ്ങിന്റെ ഇടവേളയിലുള്ള വ്യത്യാസം അനുസരിച്ച് വിവിധ ടാപ്പിങ്രീതികളിൽ ഉപയോഗിക്കത്തക്ക വീതികളിലുള്ള ടെംപ്ലേറ്റുകൾ വിപണിയിൽ ലഭ്യമാണ്. ടെംപ്ലേറ്റിന്റെ ചെരിഞ്ഞ വശം മുൻകാനയ്ക്കായി അടയാളപ്പെടുത്തിയ രേഖയോട് ചേർന്ന് സമാന്തരമായി ഉറപ്പിച്ച് പിടിച്ചശേഷം ബാക്കി ഭാഗം മരത്തിന്റെ ഇടതുവശത്തു മുകളിലേക്ക് മരത്തിൽ ചുറ്റി ചേർത്തുപിടിച്ച് പിൻകാന വരെ എത്തിക്കണം. ഇപ്രകാരം ഉറപ്പിച്ചുപിടിച്ച ടെംപ്ലേറ്റിന്റെ നെടിയ രണ്ട് അരികുകളിൽ കൂടിയും നടുക്കുള്ള പൊഴികളിൽ കൂടിയും വരക്കത്തി ഉപയോഗിച്ച് വര വരയ്ക്കണം. ഇങ്ങനെ വരച്ചുകഴിയുമ്പോൾ ഇടതുവശം ഉയർന്നും വലതുവശം താഴ്ന്നും നിശ്ചിതചെരിവിൽ അഞ്ച് വരകൾ മരത്തിൽ ഉണ്ടായിരിക്കും. ഇതിൽ മുകളിലെ വരയിലൂടെയാണ് ആദ്യ വെട്ടുചാൽ തുറക്കേണ്ടത്. ബാക്കിയുള്ള വരകളെ മാർഗ്ഗരേഖകൾ എന്നു പറയും. വെട്ടുചാലിന്റെ നിശ്ചിത ചെരിവ് നിലനിർത്തുന്നതിനും പട്ടവിനിയോഗം നിയന്ത്രിക്കുന്നതിനും ഈ മാർഗ്ഗരേഖകൾ സഹായിക്കും. ഇപ്രകാരം വരച്ചടയാളപ്പെടുത്തുന്ന ഭാഗം ഒരു വർഷത്തെ ടാപ്പിങ്ങിന് മതിയാവുന്നതാണ്. ഓരോ വർഷവും മാർച്ച് മാസത്തിൽ ടെംപ്ലേറ്റ് ഉപയോഗിച്ച് ഇപ്രകാരം അടയാളപ്പെടുത്തി ടാപ്പുചെയ്യുകയാണെങ്കിൽ പട്ടവിനിയോഗം നിയന്ത്രിച്ച് മരങ്ങൾ ഏറെക്കാലം ടാപ്പുചെയ്യാം.

### ടാപ്പിങ്ങിന്റെ ഇടവേള

റബ്ബർമരത്തിൽ ഒരു തവണ ടാപ്പുചെയ്യുമ്പോൾ ലഭിക്കുന്ന പാൽ അതേ അളവിലും കൊഴുപ്പിലും ഉണ്ടായ ശേഷമേ വീണ്ടും ടാപ്പുചെയ്യാവൂ. ഓരോ റബ്ബറിനങ്ങളിലും ഈ സമയം വ്യത്യസ്തമാണ്. അത്യുത്പാദനശേഷിയുള്ള ആർആർഐഐ 105, ആർആർഐഐ 400 പരമ്പര പോലുള്ള ഇനങ്ങളിൽ ഇതിന് കുറഞ്ഞത് 72 മണിക്കൂർ വേണ്ടതിനാൽ മൂന്നു ദിവസങ്ങളിലൊരിക്കൽ എന്ന ടാപ്പിങ്രീതി അനുവർത്തിക്കാം. ഉത്പാദനശേഷി മിതമായ തോതിലുള്ള ആർആർഐഎം 600 പോലുള്ള ഇനങ്ങൾ ഒന്നിരാടൻ ദിവസങ്ങളിൽ ടാപ്പുചെയ്യാവുന്നതാണ്. ആവശ്യമെങ്കിൽ ഉത്തേജകൗഷധപ്രയോഗത്തോടെ ആഴ്ചയിലൊരിക്കൽ ടാപ്പിങ് എന്ന രീതിയിലും ടാപ്പുചെയ്യാം. ദിവസേനയുള്ള ടാപ്പിങ്രീതി ഒരു റബ്ബറിനത്തിനും യോജിച്ചതല്ല.


Bharat Petroleum
MAK® LUBRICANTS
SEEKING BETTER RUBBER LATEX YIELD AND ECO-FRIENDLY SOLUTIONS FOR LEAF- FALL DISEASE?
MAK® LUBRICANTS
Switch to MAK RUBBER SPRAY OIL (ECO) - Your trusted Biodegradable carrier oil for spraying Copper OxyChloride fungicide to reduce leaf-fall and boost Rubber latex yield.
Approved by the Rubber Research Institute of India, Kottayam
Colorless, Odorless and Chemically Stable.
Biodegradable & Non-Carcinogenic
Excellent Wetting and Spreading Characteristics
Reach us at
7356 03 6234
Email: z_lubeskochi@bharatpetroleum.in
MAK® makes it possible.





*മാർക്കിങ് പൂർത്തിയാക്കിയ റബ്ബർമരം*

**പട്ടിക 1: വ്യത്യസ്ത ടാപ്പിങ്‌രീതികളും പട്ടയുടെ വിനിയോഗവും**

| ടാപ്പിങ്‌രീതി | പട്ടയുടെ വിനിയോഗം | |
|---|---|---|
| | ഒരു ടാപ്പിങ്ങിൽ | ഒരു വർഷം |
| ഒന്നിടവിട്ട ദിവസങ്ങളിൽ | 1.50 മി.മീ. | 22–23 സെ.മീ. |
| മൂന്നുദിവസത്തിലൊരിക്കൽ | 1.75 മി.മീ. | 17–18 സെ.മീ. |
| നാലുദിവസത്തിലൊരിക്കൽ | 2.00 മി.മീ. | 14–16 സെ.മീ. |
| ആഴ്ചയിലൊരിക്കൽ | 2.50 മി.മീ. | 12–14 സെ.മീ. |

### ടാപ്പിങ്ങിന്റെ ആഴവും പട്ടവിനിയോഗവും

റബ്ബർമരങ്ങൾ കുറുകെ മുറിച്ചാൽ ഏറ്റവും ഉള്ളിലുള്ളത് തടിയും അതിനുപുറമെ നേരിയ കനത്തിൽ ഭവകല അഥവാ തണ്ണിപ്പട്ടയും അതിനു വെളിയിലായി പട്ടയും സ്ഥിതിചെയ്യുന്നു. മരങ്ങൾ വണ്ണം വയ്ക്കുന്നതും പാൽകുഴലുകൾ അടങ്ങിയ കോശസമൂഹം ഉണ്ടാകുന്നതും ഭവകലയിലെ കോശങ്ങൾ വിഭജിച്ചാണ്.

തണ്ണിപ്പട്ടയോട് ചേർന്നുകിടക്കുന്ന പട്ടയുടെ ഭാഗമാണ് മൃദുപ്പട്ട. അതിനുപുറമെ ദൃഢപ്പട്ടയും ഏറ്റവും വെളിയിലായി കരിംപട്ടയും ഉണ്ട്. റബ്ബർപാൽ വഹിക്കുന്ന പാൽകുഴലുകൾ ഏറ്റവും കൂടുതൽ മൃദുപ്പട്ടയിലാണ്. തണ്ണിപ്പട്ടയോട് അര മുതൽ ഒരു മില്ലീമീറ്റർ വരെ ആഴത്തിൽ ടാപ്പുചെയ്താൽ മാത്രമേ ഉയർന്ന ഉത്പാദനം ലഭിക്കുകയുള്ളൂ. തണ്ണിപ്പട്ടയ്ക്ക് ക്ഷതം സംഭവിച്ചാൽ അത് മരത്തിന്റെ വളർച്ചയെയും പുതുപ്പട്ടയുടെ വളർച്ചയെയും ബാധിക്കും. എന്നാൽ, ആവശ്യത്തിന് ഉള്ളെടുക്കാതെയുള്ള ടാപ്പിങ് ഉത്പാദനനഷ്ടത്തിന് ഇടയാക്കും. അതുകൊണ്ട് വേണ്ടത്ര ആഴത്തിൽ ഉള്ളെടുത്ത്, എന്നാൽ തണ്ണിപ്പട്ടയ്ക്ക് ക്ഷതമേൽക്കാതെ ടാപ്പുചെയ്യുമ്പോഴാണ് ടാപ്പിങ്ങിന്റെ വൈദഗ്ദ്ധ്യം പ്രകടമാകുന്നത്.

ഓരോ ടാപ്പിങ്ങിലും തൊട്ടുമുമ്പത്തെ ടാപ്പിങ്ങിനുശേഷം അടഞ്ഞുപോയ പാൽകുഴലുകളുടെ അഗ്രഭാഗം നീക്കി അവ വീണ്ടും തുറക്കുന്നതിനായി നിശ്ചിത കനത്തിൽ പട്ട അരിഞ്ഞുമാറ്റണം. ടാപ്പിങ്ങിന്റെ ഇടവേള അനുസരിച്ച് അരിഞ്ഞുമാറ്റേണ്ട പട്ടയുടെ കനം വ്യത്യാസപ്പെട്ടിരിക്കും (പട്ടിക 1). കൂടുതൽ കനത്തിൽ പട്ട അരിയുന്നതുകൊണ്ട് ഉത്പാദനം കൂടില്ല.

### ടാപ്പിങ്ങിന്റെ സമയം

സൂര്യോദയത്തിന്റെ മുൻപ് പാൽകുഴലുകളിലും പട്ടയുടെ മറ്റ് ഭാഗങ്ങളിലും പ്രവാഹസമ്മർദം കൂടിയിരിക്കുന്നതിനാൽ അതിരാവിലെ ടാപ്പുചെയ്താൽ പാലൊഴുക്ക് കൂടുതലായിരിക്കും. നേരം വൈകിയുള്ള ടാപ്പിങ്ങുമായി താരതമ്യം ചെയ്യുമ്പോൾ അതിരാവിലെയുള്ള ടാപ്പിങ്ങിൽ 15 മുതൽ 20 വരെ ശതമാനം ആദായവർദ്ധന ലഭിക്കുമെന്നാണ് പഠനങ്ങളിൽ കണ്ടെത്തിയിട്ടുള്ളത്. വേനൽകാലത്ത് ഈ വ്യത്യാസം അധികമായിരിക്കും.

വീണ്ടുമൊരു വിളവെടുപ്പുകാലത്തിലേക്ക് പ്രവേശിക്കുമ്പോൾ ഉത്പാദനശേഷി കൂടിയ ഇനങ്ങളിൽ ഒന്നിരാടൻ ടാപ്പിങ്‌രീതി ഉപേക്ഷിച്ച് ശാസ്ത്രീയമായി വിളവെടുക്കാം. ടാപ്പിങ് ഒരു വൈദഗ്ധ്യം ആവശ്യമായ തൊഴിലാണ്. റബ്ബർബോർഡിന്റെ പരിശീലനപരിപാടികളിൽ പങ്കെടുത്ത് പഠിക്കാനും ഈ രംഗത്ത് ഉണ്ടായിട്ടുള്ള നൂതന സാങ്കേതികവിദ്യകൾ മനസ്സിലാക്കി അവ അനുവർത്തിച്ച് സുസ്ഥിര വരുമാനം നേടാനും ശ്രമിക്കുന്നത് നന്നായിരിക്കും. •



ഡോ. എം.ബി. മൊഹമ്മദ് സാദിഖ്
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

# ആർആർഐഐ 414 – ഒരു കർഷകന്റെ അനുഭവസാക്ഷ്യം

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം വികസിപ്പിച്ചെടുത്ത 400 പരമ്പര റബ്ബറിനങ്ങൾ കർഷകർ കൃഷിചെയ്യാൻ തുടങ്ങിയിട്ട് ഏകദേശം ഇരുപത് വർഷമായി. ആദ്യ ഘട്ടത്തിൽ (2005) ആർആർഐഐ 430, ആർആർഐഐ 414 എന്നീ ഇനങ്ങളാണ് വ്യാപകമായി കൃഷിക്ക് ശുപാർശ ചെയ്തത്. ഇന്ന് ധാരാളം കർഷകർ ഈ ഇനങ്ങൾ കൃഷി ചെയ്തുവരുന്നു. ഈ ഇനങ്ങൾ ആർആർഐഐ 105-നെ അപേക്ഷിച്ച് ത്വരിത വളർച്ചയും അധിക ഉണക്കറബ്ബർ ഉത്പാദനവും പ്രദാനം ചെയ്യുന്നുണ്ടെന്ന് മിക്ക കർഷകരും അഭിപ്രായപ്പെടുന്നുണ്ട്. എന്നിരുന്നാലും, കാര്യമായ വിളവർധന കിട്ടുന്നില്ല എന്ന ആശങ്കയും ചില കർഷകർക്കുണ്ട്.

അങ്ങനെയുള്ള കർഷകരെ നേരിൽകണ്ട് അവരുടെ പരിപാലനമുറകളുടെയും ടാപ്പിങ്ങിന്റെയും പോരായ്മകൾ പരിഹരിച്ച് ഉത്പാദനം കൂട്ടാനുള്ള ശ്രമത്തിലാണ് ഗവേഷണകേന്ദ്രം. ഇതിനായി അവർ സൂക്ഷിച്ചിരിക്കുന്ന ഉത്പാദനക്കണക്കുകൾ പരിശോധിച്ച് പരിപാലനത്തിലും ടാപ്പിങ്ങിലും വരുത്തേണ്ട മാറ്റങ്ങൾ നിർദേശിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ ഒരു കർഷകന്റെ തോട്ടം സന്ദർശിച്ചപ്പോൾ ഉണ്ടായ അനുഭവമാണ് ഈ ലേഖനത്തിൽ വിവരിക്കുന്നത്.

കോട്ടയം ജില്ലയിലെ എരുമേലിക്ക് സമീപമുള്ള മണങ്ങല്ലൂരിൽ താമസിക്കുന്ന ഒരു കർഷകനാണ് പറപ്പള്ളിൽ നജീബ്. റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞരായ ഡോ. റ്റി. മീനാകുമാരി, റെജു എം.ജെ., ഡോ. തോംസൺ ഏബ്രഹാം എന്നിവരോടൊപ്പമാണ് നജീബിന്റെ തോട്ടം സന്ദർശിച്ചത്. അദ്ദേഹത്തിന് രണ്ട് ഹെക്ടർ റബ്ബർതോട്ടമാണുള്ളത്. അതിൽ ആർആർഐഐ 430 എന്ന ഇനത്തിന്റെ 100 മരങ്ങളും ആർആർഐഐ 414 എന്ന ഇനത്തിന്റെ 900 മരങ്ങളും ഉണ്ട്. 2011-ൽ ആണ് അദ്ദേഹം റബ്ബർ നട്ടത്. ആറു വർഷമായപ്പോഴേക്കും മരങ്ങൾ ടാപ്പുചെയ്യാൻ തക്ക വണ്ണമെത്തിയെ





ങ്കിലും ഏഴു വർഷം കഴിഞ്ഞപ്പോഴാണ് തോട്ടത്തിൽ ടാപ്പിങ് ആരംഭിച്ചത്. മരങ്ങൾ നേരത്തെ വണ്ണമെത്തിയാലും ആവശ്യത്തിന് പട്ടക്കനം ഉണ്ടാകാൻ ഏഴു വർഷത്തിനുശേഷം ടാപ്പിങ് തുടങ്ങുന്നതാണ് നല്ലത് എന്നാണ് നജീബിന്റെ അഭിപ്രായം. ഇപ്പോൾ ആറ് വർഷത്തിലേറെയായി ടാപ്പുചെയ്തുകൊണ്ടിരിക്കുന്നു. ആർആർഐഐ 414 എന്ന ഇനം റബ്ബറിൽ നിന്നുള്ള ഉത്പാദനത്തിന്റെ കണക്കുകൾ അദ്ദേഹം ഞങ്ങളുമായി പങ്കുവെച്ചു.

ആർആർഐഐ 414-ന് ആർആർഐഐ 105-നെ അപേക്ഷിച്ച് മികച്ച വളർച്ചാനിരക്കും ഉത്പാദനശേഷിയും ഉണ്ടെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. മൂന്നു ദിവസത്തിലൊരിക്കൽ ടാപ്പിങ് എന്ന രീതിയാണ് അദ്ദേഹം അവലംബിച്ചുപോരുന്നത്. പ്രതിവർഷം ശരാശരി 2406 കിലോഗ്രാം റബ്ബർ ഒരു ഹെക്ടറിൽ നിന്ന് ഉത്പാദനം ലഭിക്കുന്നുണ്ടെന്ന് അദേഹത്തിന്റെ കണക്കുകൾ സൂചിപ്പിക്കുന്നു. അതായത്, ഒരു വർഷം ഒരു മരത്തിൽ നിന്ന് ശരാശരി 5.3 കിലോഗ്രാം ഉണക്കറബ്ബർ ലഭിക്കുന്നു എന്ന് സാരം. മഴക്കാലത്ത് മരങ്ങളെല്ലാം റെയിൻഗാർഡ് ചെയ്താണ് ടാപ്പുചെയ്യുന്നത്. വേനൽകാലത്ത് തീരെ ഉത്പാദനക്കുറവ് ഉണ്ടായാൽ മാത്രം ടാപ്പിങ് നിർത്തിവെയ്ക്കുന്നു.

മദ്ധ്യകേരളത്തിലെ (കോട്ടയം, എറണാകുളം, പത്തനംതിട്ട, ആലപ്പുഴ ജില്ലകൾ) സ്ഥലങ്ങളിലേക്കുള്ള പ്രാദേശിക ശുപാർശകളിൽ ഉൾപ്പെട്ടിട്ടുള്ള ഇനങ്ങളാണ് ആർആർഐഐ 414, ആർആർഐഐ 430 എന്നിവ.

എടുത്തുപറയേണ്ട ഒരുകാര്യം തോട്ടത്തിലെ ടാപ്പിങ്ങിന്റെ മേന്മയാണ്. ഓരോ മരത്തിലും ഉടമയുടെ ശ്രദ്ധയെത്തുന്നുണ്ട്. ആർആർഐഐ 414-ന്റെ പാൽക്കുഴലുകൾ തടിയോട് ചേർന്നിരിക്കുന്ന മൃദുപ്പട്ടയിലാണ് കൂടുതലുള്ളത്. അതുകൊണ്ട് ഈ ഇനത്തിൽ ടാപ്പിങ് തുടങ്ങി മൂന്ന് വർഷങ്ങൾക്ക് ശേഷം ടാപ്പിങ്ങിന്റെ ആഴം അൽപാൽപമായി കൂട്ടിക്കൊടുക്കുന്നത് ശരിയായ ഉത്പാദനം ലഭിക്കാൻ സഹായിക്കും. ടാപ്പിങ്ങിൽ ശ്രദ്ധ കൊടുക്കുന്നതുകൊണ്ടു മാത്രം ഉത്പാദനത്തിൽ 10 ശതമാനത്തിലധികം വർധന കിട്ടുന്നതായി അദ്ദേഹം അഭിപ്രായപ്പെടുന്നു.

ടാപ്പിങ്‌രീതി ഉത്പാദനത്തെയും പാലിലെ ഉണക്ക റബ്ബറിന്റെ അംശത്തെയും കാര്യമായി ബാധിക്കുന്ന ഘടകങ്ങൾ ആണ്. അതുകൊണ്ട് പ്രത്യേകിച്ച് ആർആർഐഐ 414 കൃഷിചെയ്തിരിക്കുന്ന കർഷകർ നജീബിന്റെ വിളവെടുപ്പുരീതി നടപ്പാക്കിയാൽ മെച്ചപ്പെട്ട ഉത്പാദനം ലഭിക്കും.

തന്റെ തോട്ടത്തിലെ ടാപ്പിങ്‌തൊഴിലാളിയോടുള്ള നജീബിന്റെ സമീപനം മാതൃകാപരമാണ്. ന്യായമായ കൂലി കൃത്യസമയത്ത് നൽകാനും ടാപ്പറുമായി സൗഹാർദപരമായ ബന്ധം നിലനിർത്താനും അദ്ദേഹം ശ്രദ്ധിക്കുന്നു. ടാപ്പർക്കു വേണ്ട സൗകര്യങ്ങളെല്ലാം ചെയ്തു കൊടുത്ത് അദ്ദേഹത്തെ വിശ്വാസത്തിലെടുത്താണ് മുന്നോട്ടു പോകുന്നത്. തങ്ങളുടെ തോട്ടങ്ങളിൽ നിന്ന് പരമാവധി ഉത്പാദനം ലഭിക്കാൻ ആത്മാർത്ഥതയുള്ള ടാപ്പിങ് തൊഴിലാളികളെ ചേർത്തുനിർത്താൻ ശ്രദ്ധിക്കണമെന്നാണ് റബ്ബർകർഷകരോട് നജീബിന് പറയാനുള്ളത്.

തോട്ടത്തിലെ രോഗപ്രതിരോധ രീതികളെല്ലാം റബ്ബർ ബോർഡിന്റെ ശുപാർശ അനുസരിച്ചാണ് ചെയ്യുന്നത്. പൊടിക്കുമിൾ രോഗത്തിനെതിരെ ഗന്ധകപ്പൊടി അടിക്കാറുണ്ട്. അകാലിക ഇലകൊഴിച്ചിൽ തടയാൻ കോപ്പർ ഒക്സിക്ലോറൈഡും സ്പ്രേ ചെയ്യുന്നു. അതുകൊണ്ട് തോട്ടത്തിൽ പൊതുവെ രോഗബാധകൾ വളരെ കുറവാണ്. തന്റെ അറിവ് മറ്റുള്ളവർക്കുകൂടി പകർന്നുനൽകാൻ അദ്ദേഹത്തിന് സന്തോഷമേ ഉള്ളു. അത്യുത്പാദനശേഷിയുള്ള ഇനങ്ങൾ റബ്ബർബോർഡിന്റെ ശുപാർശ പ്രകാരം കൃഷിചെയ്താൽ റബ്ബർകൃഷി ലാഭകരമാകുമെന്ന് അദ്ദേഹം ഉറപ്പു നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക് :
പി.എച്ച്. നജീബ്, പറപ്പിള്ളിൽ വീട്
മണങ്ങല്ലൂർ, എരുമേലി
ഫോൺ - 9645827311

## Form IV

Statement of Ownership and other Particulars
about Newspaper Rubber

| | | |
|---|---|---|
| 1. Place of Publication | : | Kottayam |
| 2. Periodicity of Publication | : | Monthly |
| 3. Printer's Name | : | B. Sreekumar |
| 4. Whether Citizen of India | : | Yes |
| Address | : | Deputy Director (Publicity and Public Relations) In-charge, Rubber Board, Kottayam 686 002 |
| 5. Publisher's Name | : | B. Sreekumar |
| Whether Citizen of India | : | Yes |
| Address | : | Deputy Director (Publicity and Public Relations) In-charge, Rubber Board, Kottayam 686 002 |
| 6. Editor's Name | : | B. Sreekumar |
| Whether Citizen of India | : | Yes |
| Address | : | Deputy Director (Publicity and Public Relations) In-charge, Rubber Board, Kottayam 686 002 |
| 7. Name and address of individuals who own the Newspaper and printers or shareholders holding more than one percent of the total capital | : | The Newspaper is owned by the Rubber Board, a statutory body constituted under the Rubber Act 1947 |

I, B. Sreekumar hereby declare that the particulars given above are true to the best of my knowledge and belief.

Kottayam
Date : 11 March 2025

Sd/-
Publisher

# റബ്ബർബോർഡിന് കോട്ടയം നഗരസഭയുടെ അംഗീകാരം




കോട്ടയം നഗരസഭയുടെ സ്വച്ച് ചാമ്പ്യനായി റബ്ബർബോർഡിന്റെ കേന്ദ്ര ഓഫീസിനെ തെരഞ്ഞെടുത്തു. കോട്ടയം നഗരസഭ 'സ്വച്ച് സർവേക്ഷൻ 2024'—നോട് അനുബന്ധിച്ച് നടത്തിയ 'സ്വച്ച് വാർഡ് ആന്റ് സ്വച്ച് ചാമ്പ്യൻ' തെരഞ്ഞെടുപ്പിലാണ് റബ്ബർബോർഡിന്റെ കേന്ദ്ര ഓഫീസിനെ സ്വച്ച് ചാമ്പ്യനായി തെരഞ്ഞെടുത്തത്. കോട്ടയം നഗരസഭാ കൗൺസിൽ ഹാളിൽ വെച്ച് നടന്ന ചടങ്ങിൽ നഗരസഭ ചെയർപേഴ്സൺ ബിൻസി സെബാസ്റ്റ്യനിൽ നിന്ന് റബ്ബർ ബോർഡ് ഡെപ്യൂട്ടി സെക്രട്ടറി ഇ.എ. ചാക്കൊ പുരസ്കാരം ഏറ്റുവാങ്ങി. •

# ധാരണാപത്രം ഒപ്പുവെച്ചു



നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങും (എൻ.ഐ.ആർ.റ്റി.) കോട്ടയം ഗവൺമെന്റ് എഞ്ചിനീയറിങ് കോളജും (രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി - ആർ.ഐ.റ്റി.) തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്., ആർ.ഐ.റ്റി.യിലെ പ്രിൻസിപ്പൽ ഡോ. പ്രിൻസ് അശോക് എന്നിവരാണ് ധാരണാപത്രത്തിൽ ഒപ്പിട്ടത്. വളർന്നുവരുന്ന എഞ്ചിനീയർമാരെ റബ്ബർവ്യവസായമേഖലയ്ക്ക് അനുയോജ്യരായ പ്രൊഫഷണലുകളായി സജ്ജരാക്കാനും റബ്ബർ ടെക്നോളജി പോലുള്ള വിഷയങ്ങളിൽ കോർ എഞ്ചിനീയറിങ് വിദ്യാർത്ഥികളെ പ്രാവീണ്യമുള്ളവരാക്കാനും അടിസ്ഥാനസൗകര്യങ്ങൾ, ഫാക്കൽറ്റി എന്നിവയുടെ കൈമാറ്റം; അറിവു പങ്കിടൽ തുടങ്ങിയ മേഖലകളിൽ സാധ്യമായ എല്ലാ വഴികളിലും സഹകരിക്കാനും ലക്ഷ്യമിട്ടുള്ളതാണ് ഈ ധാരണാപത്രം.

എൻ.ഐ.ആർ.റ്റി.-യിലെ ഡയറക്ടർ ട്രെയിനിങ് ഇൻ-ചാർജ് പി. അറുമുഖം, ആർ.ഐ.റ്റി. -യിലെ ഇലക്ട്രിക്കൽ എഞ്ചിനീയറിങ് മേധാവി ഡോ. ആര്യനന്ദിനി, മെക്കാനിക്കൽ എഞ്ചിനീയറിങ് മേധാവി ഡോ. ജെനീഷ്, ഡീൻ (യു.ജി.) ഡോ. ജോൺസൺ മാത്യു, ആർ.ഐ.റ്റി. -യിലെ മുതിർന്ന ഫാക്കൽറ്റി അംഗങ്ങൾ, റബ്ബർബോർഡിലെ എൻ.ഐ.ആർ.റ്റി., ഇ. & പി. വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിധ്യത്തിലാണ് ധാരണാപത്രം ഒപ്പിട്ടത്.

ഗവേഷണ-അനുബന്ധ പഠനങ്ങളിലെ പരിശീലനാവശ്യകതകൾ, കാർഷിക യന്ത്രവത്ക്കരണത്തിലെ നൂതനാശയങ്ങൾ, പരസ്പരം താൽപര്യമുള്ള വിഷയങ്ങളിൽ ഹ്രസ്വകാല പരിശീലനപരിപാടികൾ നടത്തൽ, ഇൻക്യുബേഷൻ ആശയങ്ങളുടെ കൈമാറ്റവും യാഥാർത്ഥ്യവത്ക്കരണവും എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഈ ധാരണാപത്രത്തിലൂടെ കഴിയും. •




# GOLDEN TOUCH®

## FORMIC ACID

®

**GOLDEN TOUCH®**

RUBBER SHEET FUNGICIDE (PNP)

**GOLDEN TOUCH®**

FORMIC ACID

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

**GOLDEN TOUCH®** – **ALUMINIUM DISH**

**GOLDEN TOUCH®** – **FORMIC ACID 85%**

**Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..**

N.B.: Available at : Rubber Board Companies & Rubber Marketing Societies

*Manufactured & Marketed by*

®

Since 1991

*Geo Thomas & Co.*

II[nd] Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com




റബ്ബർബോർഡ് കോൾസെന്റർ നടത്തിയ പ്രത്യേക ഫോൺ-ഇൻ പരിപാടികളിൽ "സ്മാം' പദ്ധതിയിലൂടെ കുറഞ്ഞ ചെലവിൽ കാർഷികയന്ത്രങ്ങൾ' എന്ന വിഷയത്തിൽ കൃഷിവകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ വിനിയ വി.എസ്., 'കേന്ദ്ര ഗുണമേന്മാപരിശോധനാശാല നൽകുന്ന സേവനങ്ങൾ' എന്ന വിഷയത്തിൽ റബ്ബർ ബോർഡിലെ കേന്ദ്ര ഗുണമേന്മാപരിശോധനാശാലയിലെ സൂപ്പർവൈസർ സാജു പി.എം., 'തേനീച്ചവളർത്തലും തേൻവിളവെടുപ്പും' എന്ന വിഷയത്തിൽ തേനീച്ച വളർത്തൽ വിദഗ്ധനായ ബിജു ജോസഫ് എന്നിവർ ചോദ്യങ്ങൾക്ക് നൽകിയ മറുപടികളാണ് യഥാക്രമം താഴെ ചേർത്തിട്ടുള്ളത്.

## 'സ്മാം' പദ്ധതിയിലൂടെ കുറഞ്ഞ ചെലവിൽ കാർഷിക യന്ത്രങ്ങൾ

1. ***'സ്മാം' പദ്ധതിയെക്കുറിച്ച് ഒന്നു വിശദീകരിക്കാമോ?***
   കേന്ദ്രസർക്കാരും കേരളസർക്കാരും സംയുക്തമായി നടപ്പാക്കുന്ന ഒരു പദ്ധതിയാണ് കാർഷിക യന്ത്രവത്കരണ ഉപപദ്ധതി (SMAM - Sub Mission on Agricultural Mechanization). കാർഷികമേഖലയിൽ യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കുക, കാർഷിക യന്ത്രങ്ങൾ കർഷകർക്ക് സ്വന്തമായി വാങ്ങുന്നതിന് സാമ്പത്തികസഹായം നൽകുക, കാർഷികയന്ത്രങ്ങളുടെ വാടകകേന്ദ്രങ്ങൾ തുടങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. വിവിധ തരത്തിലുള്ള യന്ത്രങ്ങൾ വാങ്ങുന്നതിന് വ്യക്തിഗത ഗുണഭോക്താക്കൾക്ക് 40 മുതൽ 50 വരെ ശതമാനം ധനസഹായം ലഭിക്കുന്നു. കാർഷികോത്പന്നങ്ങളുടെ സംസ്കരണത്തിനാവശ്യമായതും മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമാണത്തിനാവശ്യമായതുമായ യന്ത്രങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിന് 60 ശതമാനം വരെ സാമ്പത്തികാനുകൂല്യം ലഭിക്കും.
   കാർഷികയന്ത്രങ്ങളുടെ വാടകകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് 40 ശതമാനവും ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിന് 80 ശതമാനവും സാമ്പത്തികാനുകൂല്യം ലഭിക്കും. ഗ്രാമീണസംരംഭകർ, കർഷകർ, കർഷകരുടെ സ്വയംസഹായസംഘങ്ങൾ, കാർഷികോത്പാദകസംഘങ്ങൾ, കർഷകരുടെ സഹകരണസംഘങ്ങൾ തുടങ്ങിയ ഗുണഭോക്താക്കൾക്ക് പദ്ധതിനിബന്ധനകൾക്കനുസരിച്ച് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും. അപേക്ഷയുടെ മുൻഗണനാക്രമത്തിലാണ് യന്ത്രങ്ങൾ അനുവദിക്കുന്നത്. പട്ടികജാതി, പട്ടികവർഗ വിഭാഗക്കാർക്കും വനിതകൾക്കും മുൻഗണന ലഭിക്കും.
2. ***'സ്മാം' പദ്ധതിയിൽ കാർഷികയന്ത്രങ്ങൾ വാങ്ങാൻ സമയപരിധിയോ തുകപരിമിതിയോ ഉണ്ടോ?***
   സാമ്പത്തികവർഷത്തെ അടിസ്ഥാനമാക്കിയുള്ള ഒരു പദ്ധതിയാണിത്. എല്ലാ വർഷവും മാർച്ച് 31 വരെയാണ് ഇതിന്റെ കാലാവധി. ഈ കാലാവധിക്കുള്ളിൽ പദ്ധതിയിൽ അപേക്ഷിക്കാം. അപേക്ഷിക്കുന്നതിന്റെ മുൻഗണന അനുസരിച്ചായിരിക്കും യന്ത്രങ്ങൾ അനുവദിക്കുന്നത്. ഈ പദ്ധതിപ്രകാരം കാർഷികയന്ത്രങ്ങൾ വാങ്ങുന്നതിന് തുകപരിമിതിയില്ല.
3. ***കാർഷികയന്ത്രങ്ങൾ 'സ്മാം' പദ്ധതിയിലൂടെ വാങ്ങുന്നതിന് ബാങ്കുവായ്പ ലഭ്യമാണോ ?***
   കാർഷികയന്ത്രങ്ങൾ 'സ്മാം' പദ്ധതിയിലൂടെ വാങ്ങുന്നതിന് എല്ലാ ദേശസാൽകൃത ബാങ്കുകളിൽ നിന്നും വായ്പ ലഭ്യമാണ്. കൂടാതെ കേരളസർക്കാർ നടപ്പാക്കുന്ന കാർഷിക അടിസ്ഥാനസൗകര്യവികസനനിധി (Agriculture Infrastructure Fund) എന്ന വായ്പാപദ്ധതിയിലൂടെ കർഷകർ, കർഷകസംഘങ്ങൾ. കാർഷികസംരംഭകർ, മറ്റു സഹകരണസ്ഥാപനങ്ങൾ, സമൂഹകൃഷി നടത്തുന്നവർ മുതലായവർക്ക് കുറഞ്ഞ പലിശയിൽ വായ്പാസഹായം ലഭിക്കും.
4. ***'സ്മാം' പദ്ധതിയിലൂടെ കാർഷികാവശ്യത്തിനുള്ള ഡ്രോണുകൾ വാങ്ങാൻ ധനസഹായം ലഭിക്കുമോ?***
   വ്യക്തികൾക്ക് 50 ശതമാനവും കർഷകസംഘങ്ങൾക്ക് 75 ശതമാനവും ധനസഹായത്തോടെ കാർഷികാവശ്യത്തിനുള്ള ഡ്രോണുകൾ വാങ്ങാൻ കഴിയും.




വിനിയ വി.എസ്. ചോദ്യങ്ങൾക്ക് മറുപടി പറയുന്നു




സാജു പി.എം. ചോദ്യങ്ങൾക്ക് മറുപടി പറയുന്നു

5. ***റബ്ബറിൽ ഇടവിളകൃഷിക്കായി തുള്ളിനന ഏർപ്പെടുത്താൻ 'സ്മാം' സ്കീമിലൂടെ സഹായം ലഭിക്കുമോ?***

'സ്മാം' സ്കീമിൽ ജലസേചനത്തിന് ഇപ്പോൾ പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ 'രാഷ്ട്രീയ കൃഷി വികാസ് യോജന – പെർ ഡ്രോപ് മോർ ക്രോപ്' (RKVY- PDMC) പദ്ധതി പ്രകാരം തോട്ടവിളകളിൽ ഇടവിളകളായി പച്ചക്കറികളോ ഫലവൃക്ഷങ്ങളോ പരമാവധി അഞ്ച് ഹെക്ടർ വരെ കൃഷിചെയ്യുന്നതിന് ജലസേചനം നടപ്പാക്കാൻ നിബന്ധനകൾക്ക് വിധേയമായി ധനസഹായത്തിനുള്ള പദ്ധതിയുണ്ട്. കൂടുതൽ വിവരങ്ങൾക്ക് അതാത് ജില്ലാ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായി ബന്ധപ്പെടാവുന്നതാണ്.

## കേന്ദ്ര ഗുണമേന്മാപരിശോധനാശാല നൽകുന്ന സേവനങ്ങൾ

1. ***റബ്ബർബോർഡിന്റെ കേന്ദ്ര ഗുണമേന്മാപരിശോധനാശാല (Central Quality Control Laboratory) നൽകുന്ന സേവനങ്ങൾ എന്തെല്ലാമാണ്?***

റബ്ബർകർഷകർക്കും റബ്ബർ സംസ്കരണ ഫാക്ടറികൾക്കും വേണ്ടി സെൻട്രിഫ്യൂജ്ഡ് ലാറ്റക്സ്, ഫീൽഡ് ലാറ്റക്സ് എന്നിവയുടെ ഗുണമേന്മാപരിശോധന; റബ്ബർ സംസ്കരണത്തിനുള്ള ഫോർമിക് ആസിഡ്, രാസവസ്തുക്കൾ മുതലായവയുടെ പരിശോധന; കൃഷിയാവശ്യത്തിനുള്ള വളം, സ്പ്രേ ഓയിൽ, തുരിശ്, രാസവസ്തുക്കൾ എന്നിവയുടെ ഗുണമേന്മ ഉറപ്പാക്കാനുള്ള പരിശോധന; കുടിവെള്ള പരിശോധന, ഫാക്ടറികളിൽ നിന്ന് പുറത്തുവിടുന്ന ശുദ്ധീകരിച്ച വെള്ളത്തിന്റെ പരിശോധന എന്നിവയും ഈ ലബോറട്ടറിയിൽ ചെയ്യുന്നുണ്ട്. കൂടാതെ, ഇറക്കുമതി ചെയ്യുന്ന റബ്ബർ പരിശോധിച്ച് അതിന് ഗുണമേന്മയുണ്ടെങ്കിൽ 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും' (No Objection Certificate) കയറ്റുമതി ചെയ്യുന്ന റബ്ബർ പരിശോധിച്ച് 'ക്വാളിറ്റി സർട്ടിഫിക്കറ്റും' (Quality Certificate) നൽകുന്നു.

2. ***കുടിവെള്ളം പരിശോധിക്കുന്നതിനായി സാമ്പിൾ ശേഖരിക്കേണ്ടത് എങ്ങനെയാണ്?***

സാധാരണമായി കുടിവെള്ളപരിശോധനയ്ക്കായി കെമിക്കൽ ടെസ്റ്റും ബാക്ടീരിയോളജിക്കൽ ടെസ്റ്റും നടത്തേണ്ടതാണ്. കെമിക്കൽ ടെസ്റ്റ് നടത്താൻ രണ്ടു ലിറ്റർ വെള്ളം ആവശ്യമാണ്. കഴുകി വൃത്തിയാക്കിയ പ്ലാസ്റ്റിക് കുപ്പിയിൽ വെള്ളം ശേഖരിക്കാവുന്നതാണ്. ബാക്ടീരിയോളജിക്കൽ ടെസ്റ്റ് നടത്താൻ 100 – 150 മി.ലി. വെള്ളം മതിയാകും. അണുവിമുക്തമാക്കിയ ചില്ലുകുപ്പിയിലാണ് അതിനായി സാമ്പിൾ ശേഖരിക്കേണ്ടത്. ചില്ലുകുപ്പി 20 മിനിട്ട് നേരം വെള്ളത്തിലിട്ട് തിളപ്പിച്ച് അണുവിമുക്തമാക്കാം.

3. ***മലിനജലപരിശോധനയ്ക്കായി എന്താണ് ചെയ്യേണ്ടത്?***

മലിനജലം പലപ്പോഴും വിവിധ രൂപത്തിലും നിറത്തിലും ഉള്ളതും വ്യത്യസ്ത വസ്തുക്കൾ അടങ്ങിയതും ആയതുകൊണ്ട് അവയുടെയെല്ലാം സമ്മിശ്രമായ സാമ്പിൾ ആണ് ശേഖരിക്കേണ്ടത്. ഏകദേശം രണ്ടു ലിറ്റർ വെള്ളമാണ് പരിശോധനയ്ക്കായി വേണ്ടത്. സാമ്പിൾ ശേഖരിച്ച് എത്രയും പെട്ടെന്ന് ലബോറട്ടറിയിൽ എത്തിക്കാൻ ശ്രമിക്കണം. ഇല്ലെങ്കിൽ പരിശോധനാറിപ്പോർട്ടിൽ വ്യതിയാനങ്ങൾ വരാൻ സാദ്ധ്യതയുണ്ട്.

4. ***സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിൽ പരിശോധനകൾക്കായുള്ള നിരക്കുകളും അത് ഓൺലൈനായി അടയ്ക്കുന്നതിനുള്ള നടപടിക്രമങ്ങളും എന്തെല്ലാമാണ്?***

സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിലെ പരിശോധനകൾക്കായുള്ള നിരക്കുകൾ റബ്ബർ ബോർഡിന്റെ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ കോട്ടയം റബ്ബർ ബോർഡ് ശാഖ (ഐ.എഫ്.എസ്.സി – സിബിഐഎൻ 0284150) യിൽ റബ്ബർബോർഡ് സെക്രട്ടറിയുടെ പേരിലുള്ള 1559 5000 56 എന്ന അക്കൗണ്ട് നമ്പറിൽ നേരിട്ടോ റബ്ബർബോർഡ് വെബ്സൈറ്റിലുള്ള 'INR-Pay' ലിങ്ക് വഴി ഓൺലൈൻ ആയോ പരിശോധനാഫീസ് അടയ്ക്കാവുന്നതാണ്.

പരിശോധന സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനുള്ള ഫോൺ നമ്പർ – 0481 2353311 മുതൽ 20 വരെ, എക്സ്റ്റൻഷൻ നമ്പർ 218

5. ***സാമ്പിളുകൾ പരിശോധനക്കായി ഏതു വിലാസത്തിലാണ് അയക്കേണ്ടത്?***

സാമ്പിളുകൾ നന്നായി പായ്ക്ക് ചെയ്ത് നേരിട്ടോ കൊറിയർ മുഖാന്തിരമോ ഓഫീസർ ഇൻ–ചാർജ്, സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, റബ്ബർബോർഡ് പി.ഒ., കോട്ടയം – 9 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.

## തേനീച്ചവളർത്തലും തേൻവിളവെടുപ്പും

1. ***പുതുതായി തേനീച്ചവളർത്തൽ ആരംഭിക്കുന്നവർ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം?***

ആദ്യമായി തേനീച്ചവളർത്തൽ തുടങ്ങുന്നവർ ഒരു പരിശീലനപരിപാടിയിൽ പങ്കെടുത്ത് പരമാവധി കാര്യങ്ങൾ മനസ്സിലാക്കിയെടുക്കുക. തുടക്കത്തിൽ ഒന്നോ രണ്ടോ പെട്ടികൾ സ്ഥാപിക്കുകയും ക്രമേണ പെട്ടികളുടെ എണ്ണം കൂട്ടിക്കൊണ്ടുവരികയും ചെയ്യുന്നതാണ് നല്ലത്.

2. ***ഒരു ഹെക്ടർ റബ്ബർതോട്ടത്തിൽ എത്ര തേനീച്ചക്കോളനികൾ സ്ഥാപിക്കാം?***

ഒരു ഹെക്ടർ റബ്ബർതോട്ടത്തിൽ ശരാശരി ഇരുപത് വരെ തേനീച്ചപ്പെട്ടികൾ സ്ഥാപിക്കാം. കൂടുതൽ പൂമ്പൊടിയും തേനും ലഭിക്കാൻ സാധ്യതയുള്ള പ്രദേശമാണെങ്കിൽ പെട്ടികളുടെ എണ്ണം ക്രമേണ വർദ്ധിപ്പിക്കാം.

3. ***തേനീച്ചക്കോളനികൾ വിഭജിക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം?***

തേനീച്ചക്കോളനിയിൽ ആവശ്യത്തിന് ഈച്ചകളുള്ള സാഹചര്യത്തിൽ മാത്രമെ കൂട് പിരിക്കാവൂ. നാല് അടയിലെങ്കിലും നിറയെ മുട്ടയും ലാർവയും പ്യൂപ്പയും ഉണ്ടായിരിക്കണം. കൂട് വിഭജനം നടത്തിയശേഷം രണ്ടു കൂട്ടിലെയും ഈച്ചകളുടെ എണ്ണം ഏകദേശം തുല്യമാക്കുകയും റാണിയുള്ള കൂട് അര കിലോമീറ്ററെങ്കിലും ദൂരത്ത് മാറ്റി സ്ഥാപിക്കുകയും ചെയ്താൽ കൂട് വിഭജനത്തിൽ പരമാവധി വിജയസാധ്യത നേടാം.

4. ***തേനീച്ചകൾ കൂടൊഴിഞ്ഞു പോകുന്നതിനുള്ള കാരണമെന്താണ്?***

തേനടകളിൽ ലാർവ, പ്യൂപ്പ എന്നിവയില്ലാതാകുമ്പോഴാണ് തേനീച്ചകൾ സാധാരണമായി കൂടൊഴിഞ്ഞു പോകുന്നത്. ഭക്ഷണക്ഷാമം, ഉറുമ്പുകളുടെ ശല്യം, രോഗങ്ങൾ തുടങ്ങിയ കാരണങ്ങളാലും തേനീച്ചകൾ കൂടുവിട്ടു പോകാറുണ്ട്.

5. ***എന്തുകൊണ്ടാണ് റാണിയെ പുതുക്കണമെന്ന് പറയുന്നത്? എപ്പോഴാണ് പുതുക്കേണ്ടത്?***

പ്രായം കൂടുമ്പോൾ ഉത്പാദനക്ഷമത കുറയുന്നതിലാണ് റാണിയെ പുതുക്കണമെന്ന് പറയുന്നത്. തേൻ കാലത്തിന് മുമ്പായാണ് റാണിയെ പുതുക്കേണ്ടത്. പ്രായമായ റാണിയെ മാറ്റി പുതിയ റാണിസെൽ സ്ഥാപിച്ച് വിരിയിച്ചെടുത്താണ് റാണിയെ പുതുക്കുന്നത്.

6. ***തേനിൽ പഞ്ചസാരത്തരിപോലെ രൂപപ്പെട്ടുവരുന്നത് എന്തുകൊണ്ടാണ്?***

ശുദ്ധമായ തേനിൽ കാലക്രമേണ സംഭവിക്കുന്ന ഒരു




*ബിജു ജോസഫ് ചോദ്യങ്ങൾക്ക് മറുപടി പറയുന്നു*

പ്രക്രിയയാണ് തേൻ കട്ടയാകൽ (honey crystallisation). തേനിന്റെ കൂടിയ ഗാഢത, ഫ്രക്ടോസ് – ഗ്ലൂക്കോസ് അനുപാതം, തണുപ്പുകൂടിയ സ്ഥലങ്ങളിൽ സൂക്ഷിക്കുക ഇവയെല്ലാം തേൻ ക്രിസ്റ്റലാകാനുള്ള സാധ്യത വർദ്ധിപ്പിക്കുന്ന ഘടകങ്ങളാണ്. അങ്ങനെ സംഭവിച്ചാൽ തേൻ വെയിൽ കൊള്ളിച്ചോ ഡബിൾബോയിലിങ് രീതിയിൽ വെള്ളത്തിൽ ഇറക്കിവെച്ച് നേരിയതോതിൽ ചൂടാക്കിയോ പഴയ അവസ്ഥയിലാക്കിയെടുക്കാൻ സാധിക്കും.

7. ***തേൻ വിളവെടുപ്പിനുശേഷം സൂക്ഷിച്ചുവെയ്ക്കുമ്പോൾ തേനിന്റെ മുകളിൽ കറുത്തപാട രൂപപ്പെടുന്നത് എന്തുകൊണ്ടാണ്? തേനിന്റെ ഗുണമേന്മയെ ഇത് ബാധിക്കുമോ?***

തേൻ ശേഖരിച്ചുവെച്ചിരുന്നാൽ മൂന്നുനാലു മാസം കഴിയുമ്പോൾ ഏറ്റവും മുകളിലായി ഒരു കറുത്ത പാട രൂപപ്പെടാറുണ്ട്. തേനിൽ അടങ്ങിയിട്ടുള്ള പൂമ്പൊടി, പൊടിയുടെ അംശങ്ങൾ, മറ്റ് വസ്തുക്കൾ എന്നിവയെല്ലാം ചേർന്ന് ഒരു പാളിയായി മാറുന്നു. കറുപ്പുനിറമുള്ള ഇതിനെയാണ് 'ബ്ലാക്ക് ലെയർ' എന്നു പറയുന്നത്. 'തേൻ കറവൽ' എന്നും ഇതിന് വിളിപ്പേരുണ്ട്. വീപ്പകളിലെ 'തേൻകറവൽ' മാറ്റി സംസ്കരിച്ചശേഷമാണ് തേൻ വിപണനം ചെയ്യുന്നത്. ഇത് തേനിന്റെ ഗുണമേന്മയെ ഒരിക്കലും ബാധിക്കുകയില്ല.

*തയ്യാറാക്കിയത്*

**സ്ലീബ വി. പോൾ**
ഫാം ഓഫീസർ

## റബ്ബർബോർഡ് കോൾസെന്റർ പ്രത്യേക ഫോൺ - ഇൻ പരിപാടി



**1. റബ്ബർതടിയുടെ വിപണനം**

റബ്ബർതടിയുടെ വിപണനസാധ്യതകളെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് 2025 മാർച്ച് 12 ബുധനാഴ്ച രാവിലെ പത്തുമുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ ഡെപ്യൂട്ടി ഡയറക്ടർ (എഞ്ചിനീയറിങ്) ഉമാശങ്കർ ജി. മറുപടി പറയും

**2. പുകപ്പുരനിർമാണവും നിലവിലുള്ളവയുടെ ന്യൂനതാപരിഹാരവും**

പുകപ്പുരകളുടെ നിർമാണവും നിലവിലുള്ള പുകപ്പുരകളുടെ ന്യൂനതകൾ പരിഹരിക്കുന്നതും സംബന്ധിച്ച് കർഷകർക്കുള്ള സംശയങ്ങൾക്ക് 2025 ഏപ്രിൽ 9 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ റബ്ബർബോർഡിലെ ജോയിന്റ് ഡയറക്ടർ (എഞ്ചിനീയറിങ് ആന്റ് പ്രോസസ്സിങ്) ടോംസൺ ഫ്രാൻസിസ് കെ. മറുപടി പറയും.

***കോൾസെന്റർ ഫോൺ നമ്പർ 0481 2576622***

# Guard Against the Monsoon! Secure Your Latex Tapping Channels with

# ANNA RAINPROOF

(Rain Guarding Compound)

WITH 23 YEARS OF EXPERTISE, OUR EASY-TO-APPLY PASTE REQUIRES NO HEATING AND EFFECTIVELY KEEPS RAINWATER OUT THIS SEASON





## OUR PRODUCT RANGE

- Rain Guarding Compound
- Rain Guarding Plastic / Ribbon
- Rain Guard Tapping Shade
- Kissan Guard Shade
- Stapler Machine / Pin
- Suthali
- Scrapper
- Cup Hanger
- Spout (Chill)
- Latex Collection Cup
- Tapping Knife - Ordinary
- Nadan Tapping Knife
- Jabong Knife
- Gouge Knife
- Sharpening Stone
- Template & Marker
- Rubber Coat - Black
- Rubber Coat - White
- Aluminium Dish
- Aluminium Mug
- Aluminium Bucket
- Tapping Light
- Pathavetty
- Ounce Glass
- Arival
- Pine Apple Knife
- Arippa
- Ammonia
- Lauric Acid
- Copper Oxy Chloride
- COC Fytran
- Motex
- Formic Acid - White
- Formic Acid with PNP
- PNP Powder
- Agrowin Gel
- Ethipone
- Copper Sulphate
- China Clay
- Dolomite
- Chalk Powder
- Lime Shell Powder
- Sodium Sulphate
- Sodium Bi Sulfite
- Sulphur - Dusting / Smoking
- TMTD
- DAHP
- Wetex

IAF — ISO 9001:2015 VEXIL BPS MS Q9133755 — NABCB QM022 — Rubber Board Approved

**Best & Highest Quality Rubber Tapping Equipments & Materials**

ANNA INDUSTRIES™ SINCE 1991

**Anna Industries**

(An ISO 9001:2015 Certified Company)

Kolenchery, Cochin, Kerala, Pin: 682 311

Phone:
93 88 60 1632
94 95 00 3366
0484 2764590
0484 2760216

E-mail: sales@annabusiness.com
annaindustries@ymail.com
annatradersklcy@gmail.com
www.annabusiness.com

Toll Free : 1800 1230 366

# ഏപ്രിൽ മാസത്തെ കൃഷിപ്പണികൾ



പിങ്കുരോഗത്തിനെതിരെ പ്രതിരോധനടപടി എന്ന നിലയ്ക്ക് മഴക്കാലത്തിനു തൊട്ടുമുമ്പ് ബോർഡോക്കുഴമ്പ് (10 ശതമാനം) പുരട്ടാം. രണ്ടും മൂന്നും വർഷം പ്രായമുള്ള മരങ്ങളിലാണ് മരുന്നുപുരട്ടേണ്ടത്. തൈകളുടെ കവരഭാഗത്ത് ചുറ്റും ഒരടി നീളത്തിൽ ബോർഡോക്കുഴമ്പ് പുരട്ടണം.



നഴ്സറികളിലെ തൈകൾക്ക് ആവശ്യമെങ്കിൽ നന തുടരാം. മഴ ലഭിക്കുന്ന മുറയ്ക്ക് അവയിൽ ബഡ്ഡിങ് ആരംഭിക്കാം. കപ്പുതൈകളുടെയും കൂടത്തൈകളുടെയും നഴ്സറികളിൽ കളയെടുപ്പു നടത്താം.

നഴ്സറിത്തൈകളിലും തോട്ടത്തിലെ ചെറുതൈകളിലും ഉണ്ടാകുന്ന അനാവശ്യമായ കിളിർപ്പുകൾ തുടക്കത്തിൽതന്നെ നീക്കംചെയ്യണം.

## നിലമൊരുക്കലും കുഴിയെടുക്കലും

പുതുക്കൃഷിക്കും ആവർത്തനക്കൃഷിക്കും വേണ്ടിയുള്ള തയ്യാറെടുപ്പുകൾ ആരംഭിക്കാവുന്നതാണ്. നിലമൊരുക്കുമ്പോൾ മുറിച്ചിട്ട പാഴ്മരങ്ങളും ചെടികളുമെല്ലാം ഉണങ്ങിക്കഴിഞ്ഞ് അവിടവിടെയായി കൂട്ടിയിടണം. കൃഷി തുടങ്ങുന്നതിന് നിരയെടുത്ത് കുഴികളുടെ സ്ഥാനം അടയാളപ്പെടുത്തുക. വേനൽമഴ ലഭിച്ചാൽ കുഴിയെടുത്തു തുടങ്ങാം. നിരപ്പായ സ്ഥലങ്ങളിൽ ചതുരാകൃതിയിലോ ദീർഘചതുരാകൃതിയിലോ തൈകൾ നടാം. കുന്നിൻപ്രദേശങ്ങളിൽ കോണ്ടൂർരീതിയിൽവേണം നിരയെടുക്കാൻ. ചെരിവുള്ള സ്ഥലങ്ങളിൽ മണ്ണുസംരക്ഷണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കണം.

## കുഴിയെടുക്കൽ

ശരാശരി മണ്ണാഴമുള്ള സ്ഥലമാണെങ്കിൽ 75 സെ.മീ. (2.5 അടി) വീതം നീളവും വീതിയും ആഴവുമുള്ള കുഴികളും ഉറച്ചതോ മണ്ണാഴം കുറഞ്ഞതോ ആയ സ്ഥലങ്ങളിൽ 90 സെ.മീ. (3 അടി) വീതം നീളവും വീതിയും ആഴവുമുള്ള കുഴികളുമാണ് തയ്യാറാക്കേണ്ടത്. ഒരു മീറ്ററോ അതിലേറെയോ മണ്ണാഴമുള്ള സ്ഥലങ്ങളിൽ കൂട ഇറക്കിവെയ്ക്കാൻ തക്ക വലിപ്പമുള്ള ചെറിയ കുഴികൾ മതിയാകും.

മേൽമണ്ണ് ഉപയോഗിച്ചുവേണം കുഴി മൂടാൻ. കുഴി മൂടുമ്പോൾ മുകൾഭാഗത്തെ 20 സെ.മീ. മണ്ണിൽ 12 കിലോഗ്രാം കമ്പോസ്റ്റ് അല്ലെങ്കിൽ നന്നായി അഴുകിപ്പൊടിഞ്ഞ ചാണകം ചേർക്കണം. അതോടൊപ്പം 200 ഗ്രാം റോക്ക് ഫോസ്ഫേറ്റ് കലർത്തുന്നതും നല്ലതാണ്.

## കളയെടുപ്പ്

വളമിടലിനു മുമ്പ് കളയെടുപ്പ് നടത്തണം. നീക്കം ചെയ്ത കളകൾ നടീൽനിരകളിലാണ് ശേഖരിക്കേണ്ടത്. അവ ഉണങ്ങിയശേഷം ചെടികളുടെ ചുവട്ടിൽ ചവറുവെയ്ക്കാൻ ഉപയോഗിക്കാം.

## വളംചേർക്കൽ

ചെറുതൈകൾ ഊർജസ്വലമായി വളരുന്നതിനും വിളവെടുക്കുന്ന മരങ്ങളിൽ പാലുത്പാദനം മെച്ചപ്പെടുന്നതിനും ചിട്ടയായ വളപ്രയോഗം





ആവശ്യമാണ്. മണ്ണിലടങ്ങിയിട്ടുള്ളതും മരങ്ങൾക്കു ലഭ്യമായതുമായ പോഷകങ്ങളുടെ ഏറ്റക്കുറച്ചിൽ മനസ്സിലാക്കി ആവശ്യത്തിനു മാത്രം വളംചെയ്യുകയാണ് ശരിയായ രീതി. ഇതിന് കൃഷിയിടത്തിലെ മണ്ണും മരങ്ങളുടെ ഇലയും പരിശോധിച്ച് വളം ചെയ്യണം. എന്നാൽ, ഈ രീതി എപ്പോഴും പ്രായോഗികമായിരിക്കുകയില്ല എന്നു വരാം. അതുകൊണ്ടാണ് ചെറുതൈകൾക്കും വിളവെടുക്കുന്ന മരങ്ങൾക്കും വളമിടലിനു പൊതുവായ ശുപാർശകൾ നൽകിയിട്ടുള്ളത്.

റബ്ബറിന് ചേർക്കുന്ന വളത്തിന്റെ ആദ്യതവണ സാധാരണമായി ഏപ്രിൽ/മെയ് മാസങ്ങളിലാണ് നൽകേണ്ടത്. ആവശ്യത്തിനു മഴ ലഭിക്കുകയാണങ്കിൽ വളം ചേർക്കുന്നത് ഏപ്രിലിൽ തന്നെയാകാം.

കന്യാകുമാരി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിലും കർണാടക, ഗോവ, മഹാരാഷ്ട്ര എന്നിവിടങ്ങളിലും മണ്ണിൽ മഗ്നീഷ്യത്തിന്റെ അംശം കൂടുതലുള്ളതിനാൽ തൈകൾ നട്ട് ആദ്യത്തെ നാലുവർഷക്കാലം 12–12–6 എൻ.പി.കെ. മിശ്രിതമാണ് നൽകേണ്ടത്. (കൂടത്തൈ ഉപയോഗിച്ച് കൃഷിചെയ്ത തോട്ടങ്ങളിൽ മരംപ്രതി ഒന്നാം വർഷം 380 ഗ്രാമും രണ്ടാം വർഷം രണ്ടു തുല്ല്യ തവണകളായി 760 ഗ്രാം എന്ന കണക്കിലും നൽകണം. ഇതിൽ ആദ്യ രണ്ടുവർഷക്കാലം പകുതിഭാഗം വെള്ളത്തിൽ ലയിക്കുന്ന രൂപത്തിലുള്ള ഫോസ്ഫേറ്റ് അടങ്ങിയ വളമിശ്രിതമാണ് റബ്ബർതൈകൾക്ക് ശുപാർശ ചെയ്തിരിക്കുന്നത്. മൂന്നും നാലും വർഷങ്ങളിൽ വെള്ളത്തിൽ ലയിക്കാത്ത രൂപത്തിലുള്ള റോക്ക് ഫോസ്ഫേറ്റ് ചേർത്തുള്ള വളമിശ്രിതം ഉപയോഗിക്കാം.

മറ്റെല്ലാ പ്രദേശങ്ങളിലും 10–10–4–1.5 എൻ.പി.കെ. എംജി. വളമിശ്രിതമാണ് ഉപയോഗിക്കേണ്ടത്. കൂടത്തൈ ഉപയോഗിച്ച് കൃഷിചെയ്ത തോട്ടങ്ങളിൽ തൈ ഒന്നിന് ഒന്നാം വർഷം 450 ഗ്രാമും രണ്ടാം വർഷം രണ്ടു തുല്ല്യ തവണകളായി 900 ഗ്രാം എന്ന കണക്കിലും നൽകണം. ആദ്യ രണ്ടുവർഷം പകുതിഭാഗം വെള്ളത്തിൽ ലയിക്കുന്ന ഫോസ്ഫേറ്റ് അടങ്ങിയ വളമിശ്രിതവും മൂന്നും നാലും വർഷങ്ങളിൽ വെള്ളത്തിൽ ലയിക്കാത്ത രൂപത്തിലുള്ള റോക്ക് ഫോസ്ഫേറ്റ് അടങ്ങിയ വളമിശ്രിതവുമാണ് ചേർക്കേണ്ടത്.

അഞ്ചാം വർഷം മുതലുള്ള മരങ്ങൾക്കും ടാപ്പു ചെയ്യുന്ന തോട്ടങ്ങളിലും ഒരേ വളപ്രയോഗശുപാർശയാണുള്ളത്. അതായത് 12–8–12 മിശ്രിതം 250 കിലോഗ്രാം/ഹെക്ടർ (125 കിലോഗ്രാം വീതം രണ്ടു തവണകളായി) എന്ന തോതിലാണ് ചേർത്തുകൊടുക്കേണ്ടത്. അല്ലെങ്കിൽ ഒരു ഹെക്ടറിന് 65 കിലോഗ്രാം യൂറിയ, 110 കിലോഗ്രാം റോക്ക് ഫോസ്ഫേറ്റ്, 50 കിലോഗ്രാം പൊട്ടാഷ് എന്ന തോതിൽ യോജിപ്പിച്ച് ചേർത്തു കൊടുക്കാം. മരമൊന്നിന് യൂറിയ 80 ഗ്രാം, റോക്ക് ഫോസ്ഫേറ്റ് 140 ഗ്രാം, പൊട്ടാഷ് 65 ഗ്രാം എന്ന തോതിൽ വർഷത്തിൽ രണ്ടുപ്രാവശ്യം ചേർത്തുകൊടുത്തും വളപ്രയോഗം നടത്താം.





### പിങ്കുരോഗത്തിന് പ്രതിരോധചികിത്സ

പിങ്കുരോഗത്തിനെതിരെ പ്രതിരോധനടപടി എന്ന നിലയ്ക്ക് മഴക്കാലത്തിനു തൊട്ടുമുമ്പ് ബോർഡോ ക്കുഴമ്പ് (10 ശതമാനം) പുരട്ടാം. രണ്ടും മൂന്നും വർഷം പ്രായമുള്ള മരങ്ങളിലാണ് മരുന്നുപുരട്ടേണ്ടത്. തൈക ളുടെ കവരഭാഗത്ത് ചുറ്റും ഒരടി നീളത്തിൽ ബോർഡോ ക്കുഴമ്പ് പുരട്ടണം. ഇതിനുപുറമേ ശാഖകളുടെയും തായ്ത്തണ്ടിന്റെയും തവിട്ടുനിറമുള്ള ഭാഗങ്ങളിലും മേലറ്റം വരെ കുഴമ്പു പുരട്ടേണ്ടതാണ്. മൂന്നു വർഷം പ്രായമുള്ള മരങ്ങളിൽ ഏറ്റവും താഴെയുള്ള കവരത്തിൽ മരുന്നു പുരട്ടേണ്ടതില്ല. ബോർഡോക്കുഴമ്പ് ഉണ്ടാക്കുന്ന തിനായി ഒരു കിലോഗ്രാം തുരിശ് അഞ്ച് ലിറ്റർ വെള്ള ത്തിൽ ലയിപ്പിക്കുക. ഒരു കിലോഗ്രാം നീറ്റുകക്ക കുറച്ച് ചൂടുവെള്ളം ഒഴിച്ച് നീറ്റി ചുണ്ണാമ്പാക്കിയ ശേഷം ആവശ്യത്തിന് വെള്ളം ചേർത്ത് അഞ്ച് ലിറ്റർ ചുണ്ണാമ്പു ലായനിയാക്കുക. അതിനുശേഷം തുരിശുലായനി ചുണ്ണാമ്പുലായനിയിലേക്ക് കുറേശ്ശേ ചേർത്ത് നന്നായി ഇളക്കി യോജിപ്പിച്ചാൽ 10 ലിറ്റർ ബോർഡോക്കുഴമ്പ് കിട്ടും.

### മണ്ണ്-ജലസംരക്ഷണം

റബ്ബർതോട്ടങ്ങളിൽ മഴക്കാലത്ത് മണ്ണൊലിച്ചുപോകാ തിരിക്കാൻ വേണ്ട നടപടികൾ മുൻകൂട്ടി സ്വീകരിക്കണം. നിരപ്പുതട്ടുകളും കയ്യാലകളും നിർമിക്കുക, പഴയവ ഉണ്ടെങ്കിൽ അവയുടെ കേടുപാടുകൾ തീർക്കുക, ചുറ്റു കയ്യാലകൾ ബലപ്പെടുത്തുക എന്നീ കാര്യങ്ങൾ ശ്രദ്ധി ക്കണം.

മഴവെള്ളം തോട്ടത്തിൽ സംഭരിക്കപ്പെടുന്നതിനും അത് മണ്ണിൽ താഴുന്നതിനുമുള്ള നടപടികൾ സ്വീകരി ക്കണം. ചെരിവ് വളരെ കൂടിയ പ്രദേശങ്ങളിൽ കൂടുത ലായി വെള്ളം പിടിച്ചുനിർത്തുന്നത് ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനുമൊക്കെ കാരണമാകാം.

### അകാലിക ഇലകൊഴിച്ചിൽ

കാലവർഷക്കാലത്തുണ്ടാകുന്ന അകാലിക ഇല കൊഴിച്ചിൽ, കൂമ്പുചീയൽ എന്നീ കുമിൾരോഗങ്ങൾ ക്കെതിരെ മരുന്നുതളി നടത്തുന്നതിനാവശ്യമായ ഒരുക്ക ങ്ങൾ പൂർത്തിയാക്കണം. നഴ്സറിയിലെ ചെടികൾക്കും കൂടത്തൈകൾക്കും തോട്ടത്തിലെ മൂന്നുവർഷം വരെ പ്രായമായ തൈകൾക്കും ബോർഡോമിശ്രം തളിക്കുന്ന താണ് സൗകര്യപ്രദം. പ്രായംകൂടിയ മരങ്ങൾക്ക് ബോർഡോമിശ്രമോ എണ്ണയിൽ കലർത്തിയ കോപ്പർ ഓക്സിക്ലോറൈഡോ തളിക്കാം.

### ടാപ്പിങ്

മഴക്കാലത്ത് റെയിൻഗാർഡുചെയ്ത് ടാപ്പുചെയ്യുന്ന തിനുള്ള ഒരുക്കങ്ങൾ മുൻകൂട്ടി ചെയ്യേണ്ടതുണ്ട്. വളർച്ച യെത്തിയ മരങ്ങൾ ഏപ്രിൽമാസത്തിൽ മാർക്കുചെയ്ത് ടാപ്പിങ് ആരംഭിക്കുകയും വേനൽകാലവിശ്രമം നൽകിയ മരങ്ങളിൽ ടാപ്പിങ് പുനരാരംഭിക്കുകയും ചെയ്യാവുന്ന താണ്. •

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് പരിശീലനപരിപാടികൾ

## 2025 ഏപ്രിൽ മാസത്തെ പരിശീലനപരിപാടികൾ

1. **തേനീച്ചവളർത്തൽ**
റബ്ബർകൃഷിയോടൊപ്പം അനുബന്ധവരുമാനമാർഗമായി റബ്ബർതോട്ടങ്ങളിൽ തേനീച്ചവളർത്തുന്നതിൽ ഏകദിനപരിശീലനം ഏപ്രിൽ 2-ന് നടക്കും. റബ്ബർകർഷകർ, റബ്ബറുത്പാദകസംഘങ്ങളിലെയും സ്വാശ്രയസംഘങ്ങളിലെയും അംഗങ്ങൾ തുടങ്ങിയവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം.

2. **ഷീറ്റുറബ്ബർ നിർമാണം, തരംതിരിക്കൽ**
ഷീറ്റുറബ്ബർ നിർമാണം, തരംതിരിക്കൽ എന്നിവയിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു റബ്ബർപാൽ സംഭരണം, ഷീറ്റുറബ്ബർ നിർമാണം, ഗ്രേഡിങ് സംബന്ധിച്ച ഗ്രീൻബുക്ക് നിബന്ധനകൾ, അസംസ്കൃതവസ്തുക്കളുടെ പരിശോധന, മലിനജലനിയന്ത്രണം, മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള നൂതനമാർഗങ്ങൾ എന്നിവയുൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം ഏപ്രിൽ 2 മുതൽ 4 വരെയുള്ള തീയതികളിൽ നടത്തുന്നു. കർഷകർ, വ്യാപാരികൾ, റബ്ബർപാൽ സംസ്കരണത്തിലേർപ്പെട്ടിരിക്കുന്നവർ, ഷീറ്റു നിർമാതാക്കൾ, ഉത്പന്നനിർമാതാക്കൾ തുടങ്ങിയവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം.

3. **റബ്ബർകൃഷി (വടക്കുകിഴക്കൻ മേഖലയിലെയും പരമ്പരാഗതമല്ലാത്ത മേഖലയിലെയും കർഷകർക്ക്)**
വടക്കുകിഴക്കൻ മേഖലയിലെയും പരമ്പരാഗതമല്ലാത്ത മേഖലയിലെയും കർഷകർക്കായി റബ്ബർകൃഷിപരിപാലനത്തിൽ ഹ്രസ്വകാലപരിശീലനം ഏപ്രിൽ 7 മുതൽ 9 വരെയുള്ള തീയതികളിൽ നടക്കും. പുതിയ റബ്ബറിനങ്ങൾ, നടീൽസമ്പ്രദായങ്ങൾ, വളമിടൽ, രോഗ-കീടങ്ങളുടെ നിയന്ത്രണമാർഗങ്ങൾ, ടാപ്പിങ്, റബ്ബർപാൽ സംസ്കരണം എന്നിവ പരിശീലനപരിപാടിയിൽ ഉൾപെടുത്തിയിട്ടുണ്ട്.



**4. റെയിൻഗാർഡിങ്**
റബ്ബർമരങ്ങളിൽ റെയിൻഗാർഡുചെയ്യുന്നതിന്റെ വിവിധ വശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം ഏപ്രിൽ 14-ന് നടക്കും.

**5. ഇടവേള കൂടിയ ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട്**
വിവിധ തരത്തിലുള്ള ഇടവേള കൂടിയ ടാപ്പിങ്‌രീതികൾ, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഉത്തേജകൗഷധ പ്രയോഗം എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഓൺലൈൻ പരിശീലനം ഏപ്രിൽ 15-ന് നടക്കും. വടക്കു കിഴക്കൻ മേഖലയിൽ ഉള്ളവർക്കാണ് പരീശീലനം.

**6. രോഗ-കീട നിവാരണം**
റബ്ബറിനെ ബാധിക്കുന്ന രോഗ-കീടങ്ങളെ നിവാരണം ചെയ്യുന്നതിനെക്കുറിച്ചുള്ള ഏകദിനപരിശീലനം ഏപ്രിൽ 16-ന് നടക്കും.

**7. റബ്ബർകൃഷി**
റബ്ബർകൃഷിപരിപാലനത്തിൽ ഹ്രസ്വകാല പരിശീലനം ഏപ്രിൽ 21 മുതൽ 25 വരെയുള്ള തീയതികളിൽ നടക്കും. പുതിയ റബ്ബറിനങ്ങൾ, നടീൽസമ്പ്രദായങ്ങൾ, വളമിടൽ, രോഗകീടങ്ങളുടെ നിയന്ത്രണ മാർഗങ്ങൾ, ടാപ്പിങ്, റബ്ബർപാൽ സംസ്കരണം എന്നിവ പരിശീലനപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിശീലനമാധ്യമം മലയാളം ആയിരിക്കും.

**8. ഇടവിളക്കൃഷി**
റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുന്നതിൽ ഏകദിനപരിശീലനം ഏപ്രിൽ 22-ന് നടക്കും. റബ്ബറിനോടൊപ്പം കൃഷിചെയ്യാവുന്ന ഇടവിളകൾ, അവയുടെ നടീൽരീതികൾ, പരിപാലനം എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണ് പരിശീലനം. കർഷകർ, തോട്ടം മാനേജർമാർ, നഴ്സറിയുടമകൾ, തോട്ടം മേഖലയിൽ നിന്നുള്ളവർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്.

**9. വളമിടൽ**
റബ്ബർമരങ്ങൾക്ക് വളമിടുന്നതിനെക്കുറിച്ചുള്ള പരിശീലനം ഏപ്രിൽ 28-ന് നടക്കും. കർഷകർ, എസ്റ്റേറ്റ് മാനേജർമാർ, നഴ്സറിയുടമകൾ തുടങ്ങിയവർക്ക് പരിശീലനം പ്രയോജനപ്പെടും.

**10. ഉണക്കറബ്ബർ നിർണയം**
റബ്ബർപാലിലെ ഉണക്കറബ്ബറിന്റെ അംശം നിർണയിക്കുന്നത് സംബന്ധിച്ചുള്ള പരിശീലനം ഏപ്രിൽ 29 മുതൽ മെയ് 1 വരെയുള്ള തീയതികളിൽ നടക്കും. പരിശീലനമാധ്യമം മലയാളം ആയിരിക്കും.

പട്ടികജാതി-പട്ടികവർഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം ഫീസിൽ 50 ശതമാനം ഇളവ് ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 100 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ തെരഞ്ഞെടുക്കപ്പെട്ട പരിശീലനങ്ങൾക്ക് ഫീസിൽ 25 ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ 9446976726 (വ്യവസായം), 9495928077 (കൃഷി), 7306464582 (വിജ്ഞാനവ്യാപനം) ബന്ധപ്പെടുക.





മുരളീധരൻ തഴക്കര

# പടിയിറങ്ങിപ്പോയ ആശാനും ആശാൻപള്ളിക്കൂടവും

മാതൃഭാഷാചിന്തകൾ പങ്കുവയ്ക്കുന്ന ഈ കുറിപ്പിലേക്കുള്ള പ്രവേശിക അഥവാ ഈ ലക്കം ഗ്രാമകേരളം കുറിപ്പിന്റെ പടിപ്പുര ജ്ഞാനംപീഠം കയറിയ അടുത്തിടെ വിടചൊല്ലിമറഞ്ഞ മലയാളത്തിന്റെ പ്രിയ കഥാകാരൻ എം.ടി. ഹൃദയംകൊണ്ടെഴുതിയ ഭാഷാ പ്രതിജ്ഞയാകട്ടെ!

"എന്റെ ഭാഷ എന്റെ വീടാണ്
എന്റെ ആകാശമാണ്
ഞാൻ കാണുന്ന നക്ഷത്രമാണ്
എന്നെ തഴുകുന്ന കാറ്റാണ്
എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്
എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്
എതു നാട്ടിലെത്തിയാലും ഞാൻ സ്വപ്നം കാണുന്നത്
എന്റെ ഭാഷയിലാണ്
എന്റെ ഭാഷ ഞാൻ തന്നെയാണ്"

ഒരു ലോക മാതൃഭാഷാദിനം കൂടി വന്നുപോയി. ഭാഷാദിനാഘോഷചർച്ചകൾ നവമാധ്യമങ്ങളിൽ പൊടിപൊടിക്കുമ്പോൾ ഒരു കാലത്ത് മാതൃഭാഷയ്ക്ക് വളവും വെള്ളവുമായി വർത്തിച്ച അശാൻപള്ളിക്കൂടവും ആശാനും അറിയാതെ മനസ്സിലേക്ക് കടന്നുവന്നു.

"അകക്കണ്ണു തുറപ്പിക്കാൻ
ആശാൻ ബാല്യത്തിലെത്തണം"
"ആശാനക്ഷരമൊന്നു പിഴച്ചാൽ
അൻപത്തൊന്നു പിഴയ്ക്കും ശിഷ്യന്"

ആശാന്റെ വീടിനോട് ചേർന്നോ അൽപം അകലെയായോ നാലുകാലിൽ ഉറപ്പിച്ചു നിർത്തിയിട്ടുള്ള ഓലപ്പുരയാണ് ആശാൻപള്ളിക്കൂടം. നിലത്ത് പൂഴിമണ്ണിലിരുന്നാണ് അക്ഷരപഠനം. ഓരോ പ്രദേശത്തും ഓരോ പേരാണിതിന്; നിലത്തെഴുത്തുപള്ളിക്കൂടം, ആശാൻകളരി, കുടിപ്പള്ളിക്കൂടം, ആശാൻപള്ളി എന്നിങ്ങനെ പ്രാദേശിക വിളിപ്പേരുകൾ പലതാണ്. ഇന്നത്തെ നഴ്സറിസ്കൂളിന്റെയോ അങ്കണവാടിയുടേയോ ചന്തമോ ചേലോ ഈ നാലുകാൽ ഓലപ്പുരയ്ക്കുണ്ടായിരുന്നില്ല. കുട്ടികൾ നിലത്ത് മണ്ണിലാണിരിക്കുന്നത്. മണ്ണുനിരത്തി അതിലെഴുതിയാണ് ആദ്യാക്ഷരങ്ങൾ പഠിച്ചുതുടങ്ങുന്നത്. കുരുന്നു വിരൽത്തുമ്പിൽ മൃദുവല്ലാത്ത ആശാന്റെ കൈകൾ മുറുകെപ്പിടിച്ചാണ് മണ്ണിൽ അക്ഷരമെഴുതിക്കൽ. വിരൽത്തുമ്പിലെ നാഡികളുടെ കെട്ടുകൾ അക്ഷരത്തെ തലച്ചോറിൽ നേരിട്ട് വരച്ചിടുന്നുണ്ടാവാം. അതുകൊണ്ടുതന്നെ ആശാൻപള്ളിക്കൂടത്തിൽ നിലത്തെഴുത്ത് പഠിച്ചവർക്ക് അക്ഷരത്തെറ്റ് എന്നൊരു ബാധ കൂടാറില്ല. ആശാനോടുള്ള ഭയഭക്തി കൂടിയാകുമ്പോൾ മനസ്സിൽ അക്ഷരമുറയ്ക്കും. പുതിയ ശിശുമനഃശാസ്ത്രം ഇതൊന്നും അംഗീകരിക്കണമെന്നില്ല.

പനയോലയിൽ നാരായംകൊണ്ട് എഴുതാനുള്ള പരിശീലനം ആശാൻപള്ളിക്കൂടങ്ങളാണ് നൽകിയിരുന്നത്. കരിയും മഞ്ഞളും ചേർത്ത് മേലേ തേച്ചുകഴിഞ്ഞാൽ ഓലയിലെഴുതിയ അക്ഷരങ്ങൾക്ക് കൂടുതൽ തെളിച്ചം കിട്ടും. എഴുതിത്തരുന്ന അക്ഷരങ്ങൾ നിരന്തരം എഴുതിയും ചൊല്ലിയും കേൾപ്പിച്ചാലെ അടുത്ത പാഠം പറഞ്ഞുതരൂ. പനയോലയിൽ നാരായംകൊണ്ട് വടിവൊത്ത അക്ഷരത്തിൽ എഴുതുന്ന, മണ്ണിൽ അക്ഷരം എഴുതിപഠിപ്പിച്ച കൃശഗാത്രനായ കുഞ്ഞുപിള്ള ആശാന്റെ ചിത്രം ഇന്നും മനസ്സിൽ തെളിഞ്ഞുവരുന്നു.

കേരളീയതയിലേക്കും മാതൃഭാഷയിലേക്കും നാം പദംവച്ച ആദ്യത്തെ ചവിട്ടുപടിയായിരുന്നു ആശാൻ പള്ളിക്കൂടങ്ങൾ. അത് ഭാഷയേയും സംസ്കാരത്തേയും നമ്മുടെ തലച്ചോറിലേക്ക് സംക്രമിപ്പിച്ചു. അക്ഷരങ്ങൾ മാത്രമല്ല അക്കങ്ങളും പെരുക്കപ്പട്ടികയും അളവും തൂക്കവും പഠിപ്പിച്ച ആത്മവിദ്യാലയം. മണ്ണിൽ ചമ്രം പടഞ്ഞിരുന്ന് പൂഴിമണ്ണിൽ എഴുതി പഠിച്ചതുകൊണ്ടാകാം മഹാവിസ്മയമായ മണ്ണിന്റെ സർവ്വംസഹയായ മാതൃഭാവവും ഗുരുത്വത്തിന്റെയും ലാളിത്യത്തിന്റെയും നന്മ കൂടി നാമറിയാതെ നമ്മിലേക്ക് സന്നിവേശിച്ചത്. കുഞ്ഞുങ്ങളെ മണ്ണിൽ ചവിട്ടിപ്പിക്കാതെ വീടിനുള്ളിൽപോലും കാലുറ അഥവാ സോക്സ് ഇട്ടു മാത്രം നടത്തിക്കുന്ന ഈ പുതിയകാലത്ത് ഇങ്ങനെയൊരു ഭൂതകാലനന്മ അമ്മൂമ്മക്കഥയായേ ഇപ്പോൾ തോന്നൂ.

ഓർമ്മയിലേക്ക് പോകുമ്പോഴെല്ലാം അറിവിന്റെ 'ഹരിശ്രീ' മനസ്സിൽ ഉറപ്പിച്ചുതന്ന ഗുരുവര്യനായ ആശാനും അക്ഷരശ്രീകോവിലായിരുന്ന കൊച്ചോലപ്പുരയും ഇന്നും ഏറെ മിഴിവോടെ തെളിഞ്ഞുവരും. കിന്റർഗാർഡൻ എന്നോ പ്രീസ്കൂളെന്നോ നഴ്സറിയെന്നോ ഒക്കെ വിളിപ്പേരുള്ള തേച്ചുമിനുക്കിയ ഇടങ്ങളിലേക്ക് മൂക്കും വായും ഒഴികെ എല്ലാം പൊതിഞ്ഞുകെട്ടിയ അവസ്ഥയിൽ വീടിന്റെ ഉമ്മറത്ത് നിന്നും വാഹനത്തിൽ കയറ്റി അയയ്ക്കുന്ന കുഞ്ഞിനെ നോക്കി രോമാഞ്ചം കൊള്ളുന്ന നാം ഇങ്ങനെയുള്ള കുഞ്ഞുങ്ങളിൽ ഏതാണ്ട് നൂറിൽ

# റബ്ബർതൈകൾ വിതരണത്തിന്



റബ്ബർബോർഡിന്റെ ഉടമസ്ഥതയിലുള്ള റബ്ബർ നഴ്സറികളിൽ നിന്ന് കപ്പ് തൈകൾ വിതരണത്തിന് തയ്യാറായിട്ടുണ്ട്. മുക്കട സെൻട്രൽ നഴ്സറിയിൽനിന്നും കാഞ്ഞിക്കുളം, മഞ്ചേരി, ഉളിക്കൽ ആലക്കോട് കടയ്ക്കാമൺ എന്നിവിടങ്ങളിലെ റീജിയണൽ നഴ്സറികളിൽനിന്നും അംഗീകൃത റബ്ബറിനങ്ങളായ ആർആർഐഐ 105, ആർആർഐഐ 430, ആർആർഐഐ 414 എന്നിവയുടെ കപ്പു തൈകളാണ് വിതരണത്തിന് തയ്യാറായിട്ടുള്ളത്. മുക്കട സെൻട്രൽ നഴ്സറിയിൽ നിന്നും മേൽ ഇനങ്ങളുടെ ബഡ്ഡുവുഡ്ഡും ലഭ്യമാണ്. മുക്കട സെൻട്രൽ നഴ്സറി, ഉളിക്കൽ നഴ്സറി എന്നിവിടങ്ങളിൽ ക്രൗൺ ബഡ്ഡിങിന് ഉപയോഗിക്കുന്ന എഫ് എക്സ് 516 എന്ന ഇനത്തിന്റെ ബഡ്ഡുവുഡ്ഡ് പരിമിതമായ തോതിൽ ലഭ്യമാണ്. തൈകൾ ആവശ്യമുള്ള കർഷകർ തന്നാണ്ടിലെ കരം അടച്ച രസീതിന്റെ കോപ്പി സഹിതം അടുത്തുള്ള റീജിയണൽ ഓഫീസിലോ നഴ്സറിയിലോ അപേക്ഷ നൽകണം. അപേക്ഷാഫോറം റബ്ബർ ബോർഡിന്റെ ഓഫീസുകളിൽ ലഭ്യമാണ്. www.rubberboard.gov.in എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡിന്റെ കോൾസെന്ററുമായോ (0481-2576622) മുക്കട സെൻട്രൽ നഴ്സറിയുമായോ (6282935868) ബന്ധപ്പെടാവുന്നതാണ്.

ഇരുപത് പേർക്ക് മാതൃഭാഷയായ മലയാളം നേരേ ചൊവ്വേ എഴുതാനും വായിക്കാനുമറിയില്ലെന്ന യാഥാർത്ഥ്യം അറിയുന്നുണ്ടോ ആവോ!

കേരളത്തിൽ ഏറ്റവുമധികം ആശാൻപള്ളിക്കൂടങ്ങളുണ്ടായിരുന്ന പ്രദേശങ്ങളിൽ ഒന്നാണ് ഓണാട്ടുകര. ശ്രീനാരായണഗുരു സംസ്കൃത പഠനത്തിനായി എത്തിച്ചേർന്നതും ഓണാട്ടുകരയിലെ സംസ്കൃതപണ്ഡിതനായിരുന്ന കുമ്മമ്പള്ളി രാമൻപിള്ള ആശാന്റെയടുത്തായിരുന്നു. 'ആശാൻ' എന്നതൊരു വംശപരമ്പരയാണെന്ന് കരുതാനാവുംവിധം സാമ്യമുണ്ടായിരുന്നു നാട്ടെഴുത്താശാന്മാർക്ക്. മിക്കപ്പോഴും എഴുത്താശാന്മാർ ഇടത്തരമോ അതിനും താഴെയോ സാമ്പത്തികസ്ഥിതിയുള്ളവരായിരുന്നു. എന്നാലും അവർക്ക് ആദരണീയമായ സ്ഥാനം എവിടെയും ലഭിച്ചു. അവരെ കുട്ടികളുടെ വീടുകളിൽ ഉച്ചഭക്ഷണത്തിന് വിളിക്കുക പതിവുണ്ടായിരുന്നു. ആശാന്മാർക്ക് ഭാരിച്ച ഫീസൊന്നും വേണ്ടതില്ല എങ്കിലും മാസംതോറും ചെറിയൊരു തുക ഫീസായി നൽകുമായിരുന്നു. ദാരിദ്ര്യദുഃഖം അനുഭവിച്ചിരുന്ന അനേകം ആശാന്മാരുണ്ടായിരുന്നു. അഭിമാനംകൊണ്ട് തങ്ങളുടെ പരാധീനതകൾ പുറത്തറിയിക്കാത്തവർ. അറിവിന്റെ ആദ്യാക്ഷരങ്ങൾ മനസ്സിൽ കോറിയിട്ടു തന്ന ഗുരുവര്യന്മാരായ ആശാന്മാരും മാതൃഭാഷയെ ഹൃദയപക്ഷത്ത് വിളക്കിച്ചേർത്ത ആശാൻപള്ളിക്കൂടങ്ങളും കേരളീയ ജീവിതത്തിൽ നിന്ന് പടിയിറങ്ങിപ്പോയ നന്മയും പുണ്യവുമായിരുന്നു. നാട്ടിലെമ്പാടുമുണ്ടായിരുന്ന ഈ കൊച്ചുപള്ളിക്കൂടം കുരുന്നുകൾക്ക് പകർന്നുതന്നത് വിദേശ സുഗന്ധത്തിന്റെ പരിമളമായിരുന്നില്ല മറിച്ച് നാട്ടുമുല്ലയുടെ നറുമണമായിരുന്നു. പക്ഷേ, എന്തുചെയ്യാം അത് നമ്മുടെ മുറ്റത്തായിപ്പോയി, അതിന് പകിട്ടും പത്രാസ്സും വേണ്ടത്രയില്ലാതെ പോയി.

വിദേശ സർവ്വകലാശാലകളിൽ പഠനത്തിനായി നമ്മുടെ കുട്ടികൾ കൂട്ടത്തോടെ ക്യൂ നില്ക്കുമ്പോൾ ഈ മാതൃഭാഷാചിന്തകൾക്കെന്ത് പ്രസക്തിയെന്ന ചോദ്യവുമുയരാം. മാതൃഭാഷയായ മലയാളം എഴുതാനറിയാതെ വായിക്കാനറിയാതെ വളരുന്ന നമ്മുടെ കുട്ടികൾ വളർച്ചയെത്തുമ്പോൾ ചിവിട്ടി നില്ക്കുന്ന മണ്ണിനേയും ജന്മം നൽകി വളർത്തി വലുതാക്കിയ മാതാപിതാക്കളെയും വിസ്മരിച്ചുപോയാൽ അതിശയിച്ചിട്ടുകാര്യമില്ല.

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്യനു പെറ്റമ്മ തൻഭാഷതാൻ
മാതാവിൻ വാത്സല്യദുഗ്ദ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണവളർച്ച നേടൂ...."

അറിവിനൊപ്പം തിരിച്ചറിവുകൂടിയുണ്ടാകുവാൻ മാതൃഭാഷ മറക്കരുതെന്നാണ് മഹാകവി വള്ളത്തോൾ ഓരോ മലയാളിയേയും ഓർമ്മിപ്പിച്ചത്.

നിർമിതബുദ്ധിയുടെ വളർച്ചയും വികാസവും മനുഷ്യനെ നിഷ്പ്രഭമാക്കുമോ എന്ന ആശങ്കയുടെ നടുവിൽ നിൽക്കുമ്പോൾ ആശാനും ആശാൻപള്ളിക്കൂടവും തിരിച്ചുവരണമെന്ന് ആഗ്രഹിക്കുന്നത് ആനമണ്ടത്തരമാണെന്നറിയാം. എങ്കിലും വെറുതെ ആഗ്രഹിച്ചു പോകുന്നു! സ്വന്തം സഹപാഠിയെ പൈശാചികമായി കൊലചെയ്യുന്ന വെറിപൂണ്ട അന്തകസംസ്കാരം നമ്മുടെ കുട്ടികളിൽ പകർച്ചവ്യാധിയായി മാറുമ്പോൾ ചിതലരിച്ചു പോയ പഴയകാല നന്മയുടെ സുകൃതങ്ങൾ ഓർക്കാതെ വയ്യ! ●

## റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

| തീയതി | ആഭ്യന്തരവില | | | | | അന്താരാഷ്ട്രവില | |
|---|---|---|---|---|---|---|---|
| | കോട്ടയം | | | കൊച്ചി | | ബാങ്കോക്ക് | |
| | ആർഎസ്എസ് 4 | ആർഎസ്എസ് 5 | 60% ലാറ്റക്സ് | ആർഎസ്എസ് 4 | ആർഎസ്എസ് 5 | ആർഎസ്എസ് 3 | ആർഎസ്എസ് 4 |
| 2025 ഫെബ്രുവരി 1 | 19200 | 18800 | അവധി | 19200 | 18800 | അവധി | അവധി |
| 2025 ഫെബ്രുവരി 2 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ഫെബ്രുവരി 3 | 19200 | 18800 | 13845 | 19200 | 18800 | 21544 | 21467 |
| 2025 ഫെബ്രുവരി 4 | 19200 | 18800 | 13845 | 19200 | 18800 | 21119 | 21043 |
| 2025 ഫെബ്രുവരി 5 | 19200 | 18800 | 13735 | 19200 | 18800 | 20732 | 20655 |
| 2025 ഫെബ്രുവരി 6 | 19100 | 18700 | 13735 | 19100 | 18700 | 20892 | 20815 |
| 2025 ഫെബ്രുവരി 7 | 19100 | 18700 | 13735 | 19100 | 18700 | 20712 | 20634 |
| 2025 ഫെബ്രുവരി 8 | 19100 | 18700 | അവധി | 19100 | 18700 | അവധി | അവധി |
| 2025 ഫെബ്രുവരി 9 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ഫെബ്രുവരി 10 | 19100 | 18700 | 13735 | 19100 | 18700 | 20330 | 20253 |
| 2025 ഫെബ്രുവരി 11 | 19000 | 18600 | 13630 | 19000 | 18600 | 19906 | 19828 |
| 2025 ഫെബ്രുവരി 12 | 19000 | 18600 | 13525 | 19000 | 18600 | അവധി | അവധി |
| 2025 ഫെബ്രുവരി 13 | 19000 | 18600 | 13525 | 19000 | 18600 | 20222 | 20146 |
| 2025 ഫെബ്രുവരി 14 | 19000 | 18600 | 13525 | 19000 | 18600 | 20760 | 20683 |
| 2025 ഫെബ്രുവരി 15 | 19000 | 18600 | അവധി | 19000 | 18600 | അവധി | അവധി |
| 2025 ഫെബ്രുവരി 16 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ഫെബ്രുവരി 17 | 19050 | 18650 | 13630 | 19050 | 18650 | 20839 | 20762 |
| 2025 ഫെബ്രുവരി 18 | 19050 | 18650 | 13630 | 19050 | 18650 | 20851 | 20774 |
| 2025 ഫെബ്രുവരി 19 | 19050 | 18700 | 13630 | 19050 | 18700 | 20932 | 20854 |
| 2025 ഫെബ്രുവരി 20 | 19050 | 18700 | 13630 | 19100 | 18700 | 21023 | 20945 |
| 2025 ഫെബ്രുവരി 21 | 19100 | 18700 | 13630 | 19100 | 18700 | 21100 | 21023 |
| 2025 ഫെബ്രുവരി 22 | 19150 | 18750 | അവധി | 19150 | 18750 | അവധി | അവധി |
| 2025 ഫെബ്രുവരി 23 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ഫെബ്രുവരി 24 | 19150 | 18750 | 13630 | 19150 | 18750 | 21004 | 20927 |
| 2025 ഫെബ്രുവരി 25 | 19200 | 18800 | 13630 | 19200 | 18800 | 21118 | 21040 |
| 2025 ഫെബ്രുവരി 26 | 19200 | 18800 | 13525 | 19200 | 18800 | 20797 | 20720 |
| 2025 ഫെബ്രുവരി 27 | 19200 | 18800 | 13525 | 19200 | 18800 | 20529 | 20452 |
| 2025 ഫെബ്രുവരി 28 | 19200 | 18800 | 13420 | 19200 | 18800 | 20730 | 20653 |
| ശരാശരി | 19108 | 18713 | 13636 | 19110 | 18713 | 20797 | 20720 |

*തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, റബ്ബർബോർഡ്*

# പ്രകൃതിദത്തറബ്ബർമേഖല - പ്രതിമാസാവലോകനം

| ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച് | നവംബർ 2024 | നവംബർ 2023 | ഏപ്രിൽ 2024 മുതൽ നവംബർ 2024 വരെ | ഏപ്രിൽ 2023 മുതൽ നവംബർ 2023 വരെ | ഏപ്രിൽ 2023 മുതൽ മാർച്ച് 2024 വരെ | (3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം (+)/-) ശതമാനത്തിൽ |
|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) |
| **ഉത്പാദനം** (ടൺ) | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 66550 | 61850 | 346800 | 330550 | 542175 | |
| ബ്ലോക്കുറബ്ബർ | 17350 | 17850 | 115275 | 117770 | 190920 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 10050 | 9450 | 68900 | 63770 | 101895 | |
| മറ്റുള്ളവ | 2050 | 1850 | 13025 | 13910 | 22010 | |
| **ആകെ** | **96000** | **91000** | **544000** | **526000** | **857000** | **3.4** |
| **ഉപഭോഗം*** (ടൺ) | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 47000 | 48405 | 382600 | 378785 | 589345 | |
| ബ്ലോക്കുറബ്ബർ | 54200 | 52400 | 460550 | 477810 | 684010 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 9300 | 8645 | 65900 | 69905 | 108405 | |
| മറ്റുള്ളവ | 3500 | 2550 | 21950 | 22500 | 34240 | |
| **ആകെ** | 114000 | 112000 | 931000 | 949000 | 1416000 | -1.9 |
| **ടയർനിർമ്മാണത്തിനുപയോഗിച്ചത്** | **75772** | **74852** | **640814** | **636602** | **952495** | **0.7** |
| **ഇറക്കുമതി/കയറ്റുമതി** (ടൺ) | | | | | | |
| **ഇറക്കുമതി (p)** | 45428 | 36334 | 427633 R | 330203 | 492682 | |
| **കയറ്റുമതി (p)** | **612** | **385** | **2600** | **2257** | **4199** | |
| **2024 നവംബർ അവസാനത്തെ സ്റ്റോക്ക്** (ടൺ) | | | | | | |
| കർഷകർ | | 106000 | ഷീറ്റുറബ്ബർ | | | 247500 |
| കച്ചവടക്കാർ, സംസ്കർത്താക്കൾ | | 122000 | ബ്ലോക്കുറബ്ബർ | | | 92800 |
| ടയർനിർമ്മാതാക്കൾ (C) | | 121000 | റബ്ബർപാൽ (ഡി. ആർ. സി.) | | | 29500 |
| മറ്റു വ്യവസായികൾ | | 54000 | മറ്റുള്ളവ | | | 33200 |
| **ആകെ** | | **403000** | **ആകെ** | | | **403000** |

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്
C- ട്രാൻസിറ്റ് ഉൾപ്പെടെ. R- ഡി.ജി.സി.ഐ. ആന്റ് എസ്. -ന്റെ നിർദേശാനുസരണം പുതുക്കിയത്
*തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്ലാനിങ് ഡിവിഷൻ, റബ്ബർബോർഡ്*

# തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്





CBC
RUBBER MIX
ഉത്പാദനത്തിൽ വൻ വർദ്ധനവ് എന്ന് കർഷകർ
സാക്ഷ്യപ്പെടുത്തിയ CBC റബ്ബർ മിക്സ്
46 വർഷം
പിന്നിട്ടിരിക്കുന്ന SIF ന്റെ ഉത്കൃഷ്ട ഉത്പന്നം
കരുത്തുറ്റ മരങ്ങൾക്കും കൊഴുപ്പേറിയ പാലിനും
മറ്റ് ഉത്പന്നങ്ങൾ:
CBC Cardamom Special, CBC Coconut Mix,
CBC Plantain Mixture, CBC Nutmeg Special etc.
ORGANIC 100%
INDOCERT
sif
ESTD. 1979
South Indian Fertilizers
MANUFACTURERS OF CONCENTRATED ORGANIC MANURES & PESTICIDES
Ph: +917306394194, +919497165620, +917012785820, +917025732685
E-mail: sif@sif.in | Website: www.sif.in
Factory: Industrial Development Area, Edayar, Kochi-683 502, Ph: Mob: 9847055620
An ISO 9001-2015
Certified Company
ALL KERALA FREE DELIVERY AVAILABLE (MOQ -10BAGS)
DISTRIBUTION INQUIRIES, PLEASE CALL : +91 7306 394 194, +91 9497 165 620

RUBBER MONTHLY (MALAYALAM)
Published on 11 March 2025
RNI. 7842

Registered KL / KTM / 44 / 2024-26
Licence No. KL / CR / KTM / WPP - 09 / 2024-26
Licensed to post without pre-payment




Printed and Published by B. Sreekumar, Deputy Director (I/C), Publicity and Public Relations Division, Rubber Board, Kottayam-686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Koprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam-686 002. Editor: B. Sreekumar